ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 03 മാർച്ച് 2020 ലക്കം 03

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. മദ്യവിരുദ്ധ ഞായർ ........ 05
2. അതിരൂപതാദിനം ........ 10
3. ഇടയലേഖനം ........ 12
4. ദൈവവിളിവാരം ........ 16
5. വിശ്വാസോത്സവം ........ 19
6. കച്ചേരിക്കാര്യം ........ 22
7. ഫാ. സക്കറിയാസ് കട്ടയ്ക്കൽ – അനുസ്മരണം ........ 26
8. സെമിനാരി വാർത്തകൾ ........ 28
9. വിശ്വാസപരിശീലനം ........ 31
10. കുടുംബക്കൂട്ടായ്മ ........ 42
11. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 44
12. ചെറുപുഷ്പ മിഷൻ ലീഗ് ........ 46
13. തിരുബാലസഖ്യം ........ 51
14. യുവജനശുശ്രൂഷ ........ 53
15. കുടുംബപ്രേഷിതത്വം ........ 59
16. വിദ്യാഭ്യാസ ഏജൻസി ........ 64
17. സാൻജോസ് അക്കാഡമി ........ 71
18. എ.കെ.സി.സി. വാർത്തകൾ ........ 74
19. നിർമ്മലഗിരി വാത്തകൾ ........ 75
20. വിമൽജ്യോതി വാർത്തകൾ ........ 78
21. പ്രതീക്ഷ വാർത്തകൾ ........ 81
22. എ.ഡി.എസ്.യു ........ 82
23. കെസിബിസി മദ്യവിരുദ്ധ സമിതി ........ 84
24. സാമൂഹ്യസേവനവേദി ........ 86
25. ADAM ........ 89
26. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ........ 90
27. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 92
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 94
29. Programme of the Archbishop Mar George Njaralakatt ........ 95
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
31. Programme of the Abp. Emeritus Mar George Valiamattam ........ 98
32. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 99
33. Programme of the Auxiliary Bishop Mar Joseph Pamplany ........ 102

Ref: 3254/K-5/KCBC/OL/DS 11.2.2020

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നു തന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികവുമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്‌ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചുപൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദപരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, “മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്.” രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട് ഓഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനുതക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ-നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക -ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യം

കൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. “മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല” (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം,

പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

---

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

സർക്കുലർ നമ്പർ 01 / 2020, Prot No. 71 / 2020

# അതിരൂപതാദിനവും ജീവകാരുണ്യനിധിയും

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19 നാം അതിരൂപതാ ദിനമായി ആചരിക്കുകയാണല്ലോ. തലശ്ശേരി അതിരൂപതയ്ക്ക് ഈ നല്ലപിതാവിലൂടെ ദൈവം വർഷിച്ചുകൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കാം. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് വി. യൗസോപ്പിതാവിന്റെ സംരക്ഷണയിൽ ഭരമേല്പിച്ചുകൊണ്ടാണ് തലശ്ശേരി അതിരൂപതയെ നയിക്കാൻ ആരംഭിച്ചത്. അന്നുമുതൽ ഇന്നുവരെ തിരുക്കുടുംബത്തിന്റെ കാവല്ക്കാരനായ വി. യൗസേപ്പ് നമ്മുടെ അതിരൂപതയുടെയും കാവല്ക്കാരനും മദ്ധ്യസ്ഥനുമാണ്. ഈ വർഷത്തെ അതിരൂപതാദിനത്തിൽ നമ്മുടെ അതിരൂപതയേയും ഓരോ കുടുംബങ്ങളെയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും വി. യൗസേപ്പിതാവിന്റെ സംരക്ഷണയിൽ പുനഃപ്രതിഷ്ഠിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആത്മവിശുദ്ധീകരണത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമ്മെ ഒരുക്കുന്ന വലിയ നോമ്പിന്റെ ദിനങ്ങളിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും വഴി ജീവിതനവീകരണത്തിനായി നമുക്ക് പരിശ്രമിക്കാം. എല്ലാവർഷവും അതിരൂപതാദിനത്തോടനുബന്ധിച്ച് നാം നടത്തുന്ന മാതൃകാപരമായ കാര്യമാണ് ജീവകാരുണ്യ ഫണ്ട് സമാഹരണം. നോമ്പിന്റെ ചൈതന്യത്തിൽ നമ്മുടെ സമ്പത്തിന്റെ ഒരംശം സഹോദരങ്ങളുമായി പങ്കുവയ്ക്കുക നമ്മുടെ ഉത്തരവാദിത്വമായി നാം കരുതുന്നുണ്ട്. ഭവനമില്ലാത്തവരും ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും വിവാഹത്തിനും പണമില്ലാതെ കഷ്ടപ്പെടുന്നവരുമായി അനേകമാളുകൾ നമ്മുടെ ഇടയിലുണ്ട്. ഇവർക്ക് ചെറിയ ഒരു കൈത്താങ്ങെങ്കിലും നല്കാൻ നാം ഒന്നിച്ച് നടത്തുന്ന പരിശ്രമമാണ് ജീവകാരുണ്യനിധി. കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾ നല്കിയ ഉദാരമായ സംഭാവനകൾ ഏറ്റവും അർഹിക്കുന്ന ആളുകൾക്ക് പങ്കുവച്ച് നല്കിയിട്ടുണ്ട്. സഹായം ലഭിച്ചവരുടെ പേരിൽ നിങ്ങൾക്കോരോരുത്തർക്കും നന്ദി പറയുന്നു.

കഴിഞ്ഞവർഷം ജീവകാരുണ്യഫണ്ടിലേക്ക് ലഭിച്ച ആകെ വരവ് അമ്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരത്തി

അറുപത്തഞ്ച് (54,93,965) രൂപയാണ്. ഇതിൽനിന്ന് വിവാഹസഹായം 10,57,000 രൂപയും ചികിത്സാസഹായം 21,85,000 രൂപയും വിദ്യാഭ്യാസ സഹായം 11,00,000 രൂപയും ഭവനനിർമ്മാണം 9,05,000 രൂപയും പല വക സഹായങ്ങൾ 36,000 രൂപയും നിർധനരായ വ്യക്തികൾക്കും കുടും ബങ്ങൾക്കുമായി നല്കി. കണക്കുകൾ സൂചിപ്പിക്കുന്നതുപോലെ 2,10,965 രൂപ മാത്രമേ മാർച്ച് മാസത്തിലെ അപേക്ഷകർക്ക് നല്കാ നായി അവശേഷിക്കുന്നുള്ളൂ. അതുകൊണ്ട് നിങ്ങളുടെ സംഭാവനകൾ ലഭിച്ചാൽ മാത്രമേ ഏപ്രിൽ മാസം മുതലുള്ള അപേക്ഷകൾ പരിഗണി ക്കാൻ സാധിക്കുകയുള്ളൂ. വളരെയധികം അർഹതയുള്ള ധാരാളം അപേക്ഷകൾ വരുന്നതുകൊണ്ട് ഈ വർഷം കൂടുതൽ ഉദാരമായി സംഭാവന ചെയ്യണമെന്ന് നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും പാരീഷ് കൗൺസിൽ അംഗങ്ങൾ വഴി സംഭാവനയ്ക്കുള്ള കവറുകൾ എല്ലാ ഭവനങ്ങളിലും എത്തിച്ചുതരുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് മേൽവിലാസം രേഖപ്പെടുത്തിയ സ്ലിപ്പ് സഹിതം മാർച്ച് 22-ാം തീയതി ഞായറാഴ്ച ദൈവാലയത്തിൽ സ്തോത്ര ക്കാഴ്ചയായി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുടും ബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിന് തുല്യമായ തുക യെങ്കിലും പാവപ്പെട്ടവർക്കുവേണ്ടി ജീവകാരുണ്യനിധിയിലേക്ക് നല്കാൻ പരിശ്രമിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ കൃത്യസമയ ത്തുതന്നെ കവറുകൾ വീടുകളിൽ എത്തിക്കാനും തുക സമാഹരിച്ച് ഏപ്രിൽ മാസത്തിൽ തന്നെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

നോമ്പിന്റെ ശേഷിക്കുന്ന ദിനങ്ങൾകൂടി നന്നായി ചിലവഴിച്ച് ഈശോയുടെ പീഢാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും തിരു വുത്ഥാനത്തിന്റെയും ഓർമ്മയാചരിക്കുന്ന ദിനങ്ങളിലേക്ക് പ്രവേശിക്കാം. വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെ മംഗളങ്ങളോടൊപ്പം അനുഗ്ര ഹീതമായ നോമ്പുകാലവും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25-02-2020

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2020 മാർച്ച് മാസം15-ാം തീയതി ഞായ റാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ട താണ്.

Prot. No.72 /2020; Pastoral Letter No. 1/2020

# ഇടയലേഖനം - കർഷകവർഷം 2020

*ദൈവകൃപയാൽ*

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽസ്നേഹം നിറഞ്ഞ സഹോദരങ്ങളെ,

നിങ്ങൾക്ക് അറിയാവുന്നതുപോലെ നമ്മുടെഅതിരൂപത കർഷക രൂപതയാണ്. മഹാഭൂരിപക്ഷം വരുന്ന കുടിയേറ്റ കർഷകർ സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കാലാവസ്ഥ പ്രതികൂലമായതിനാൽ വിളനാശം രൂക്ഷമായതും തുടർച്ചയായ പ്രളയങ്ങളിൽ കൃഷിഭൂമിയുടെ ഘടന തന്നെ മാറിയതും കാർഷികോൽപ്പന്നങ്ങൾക്ക് വർഷങ്ങളായി തുടരുന്ന വിലത്തകർച്ചയും വന്യമൃഗങ്ങളുടെ നിരന്തരമായ ആക്രമണവും മൂലം കൃഷി മാത്രമല്ല, ജീവിതം തന്നെ അസാധ്യമായി തീർന്നിരിക്കുകയാണ്. സങ്കടകരമായ ഈ പരിതോവസ്ഥയിൽ അതിരൂപത മുഴുവൻ നിങ്ങളോടൊപ്പമുണ്ട് എന്ന് ഓർമ്മിപ്പിക്കാനും കാർഷികമേഖലയുടെ സമൂദ്ധാരണം ലക്ഷ്യമാക്കിയും 2020 മാർച്ച് 19 മുതൽ 2021 മാർച്ച് 18 വരെ നമ്മുടെ അതിരൂപത കർഷക വർഷമായി ആചരിക്കുകയാണ്. കാർഷിക ഉല്പാദനം, മൂല്യവർദ്ധനവ്, വിതരണം എന്നീ മേഖലകളിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിക്കാനാണ് കർഷകവർഷത്തിൽ നാം ശ്രദ്ധവയ്ക്കുന്നത്.

കാർഷികമേഖല നേരിടുന്ന വിവിധ പ്രതിസന്ധികളിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധ ക്ഷണിക്കുവാനായി നമ്മുടെ അതിരൂപതയുടെ ആഭിമുഖ്യത്തിൽ2019 ഡിസംബർ 9-ാം തിയ്യതി കണ്ണൂരിൽവച്ചു നടത്തിയ കർഷക മഹാസംഗമം വിജയിപ്പിക്കാൻ നിങ്ങൾ ഓരോരുത്തരും നൽകിയ ആത്മാർത്ഥമായ സഹകരണത്തിന് ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. കർഷക മഹാസംഗമത്തിൽ നാം മുന്നോട്ടുവച്ച ആവശ്യങ്ങളുമായി ബഹു. കേരളമുഖ്യമന്ത്രിയുമായും ധനകാര്യം, കൃഷി, റവന്യു, വനം വകുപ്പുകളുടെ മന്ത്രിമാരുമായും

തിരുവനന്തപുരത്തെത്തി ഞങ്ങൾ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. നാം മുന്നോട്ടുവച്ച ആവശ്യങ്ങളിൽ പലതിലും അനുഭാവപൂർണ്ണമായ നിലപാട് സർക്കാർ സ്വീകരിച്ചു എന്നത് നമ്മുടെ സമരത്തിന്റെ വിജയമാണ്. കാർഷിക പെൻഷൻ പങ്കാളിത്തസ്വഭാവത്തോടെ നടപ്പിലാക്കുന്നതിനും, റബ്ബർവിലസ്ഥിരതാഫണ്ടിൽ നിന്ന് കുടിശ്ശികയായിട്ടുള്ള തുക കർഷകർക്കു നൽകുന്നതിനും കാർഷിക കടങ്ങളുടെ മോറട്ടോറിയത്തിൽ ഉൾപ്പെടുന്ന കർഷകരുടെ പിഴപ്പലിശ എഴുതിത്തള്ളുന്നതിനും സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ നമുക്ക് പ്രതീക്ഷയ്ക്ക് വക നൽകുന്നവയാണ്. കൃഷിഭൂമിയിലെത്തുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്ന കർഷകരെ വനപാലകർ പീഡിപ്പിക്കുന്ന നടപടി അനുവദിക്കില്ലെന്നും കൃഷിഭൂമി ജപ്തി ചെയ്യാൻ അനുവദിക്കില്ലെന്നും ബന്ധപ്പെട്ട മന്ത്രിമാർ നൽകിയ ഉറപ്പും നമ്മുടെ കൂട്ടായ്മയുടെ വിജയമാണ്. നമ്മുടെ ആവശ്യങ്ങളിൽ പലതും കേന്ദ്ര സർക്കാരിന്റെകൂടി ഇടപെടൽ ആവശ്യമുള്ളതാകയാൽ ഇതിനായി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്രനേതാക്കളെയും കണ്ട് താമസംവിനാ ചർച്ച നടത്തുന്നതാണ്.

കർഷകരുടെ എല്ലാ പ്രശ്നങ്ങളും സർക്കാർ പരിഹരിച്ചുതരും എന്ന മിഥ്യാബോധം വെടിഞ്ഞ് ക്രിയാത്മകമായ ഒരുകാർഷിക സംസ്കാരം വളർത്തിയെടുക്കാൻ ഈ കർഷകവർഷത്തിൽ നാം ശ്രദ്ധവയ്ക്കണം. നാണ്യവിളകൾക്കൊപ്പം ഭക്ഷ്യവിളകൾ കൂടി കൃഷിചെയ്യാൻ നാം തയ്യാറാകണം. ഒരു കുടുംബത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ പകുതിയെങ്കിലും സ്വന്തം കൃഷിഭൂമിയിൽ ഉല്പാദിപ്പിക്കുക എന്നതാണ് പുതിയ കാർഷിക സംസ്ക്കാരത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. വിവിധതരം പഴങ്ങൾ, പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ എന്നിവ വ്യാപകമായി കൃഷി ചെയ്തുകൊണ്ട് ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയണം. കൃഷിവകുപ്പുമായി സഹകരിച്ച് ഇതിനാവശ്യമായ വിത്തുകളും തൈകളും ലഭ്യമാക്കാൻ കഴിയും. ഗുണമേന്മയുള്ള വിത്തുകൾ ഇടവകാതലത്തിൽ ശേഖരിക്കാൻ മുൻകൂട്ടി പരിശ്രമിക്കണം. പല കാരണങ്ങളാൽ തരിശായികിടക്കുന്ന കൃഷിഭൂമികളിൽ ഇടവകാതലത്തിലെ സ്വാശ്രയ സംഘങ്ങൾ വഴി കൃഷി വ്യാപകമാക്കണം.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകർക്കായി പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പ്രയോജനം യഥാസമയം നേടിയെടുക്കാൻ നമ്മുടെ കർഷകർക്കു കഴിയാറില്ല എന്നത് ദുഖകരമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കർഷകർക്കായുള്ള വിവിധ പദ്ധതികൾ പരിചയപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരെകൂടി പങ്കെടുപ്പിച്ചുകൊണ്ട് രൂപതാ, റീജിയണൽ തലങ്ങളിൽ കർ

ഷക സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇവയിലെ ആദ്യ സമ്മേളനം തളിപ്പറമ്പിൽ വച്ച് മാർച്ച് 2-ാം തീയതി നടത്തുകയുണ്ടായി. വിള ഇൻഷുറൻസ് ഉൾപ്പെടെ കർഷകർക്ക് അർഹമായ അനുകൂല്യങ്ങൾ നമ്മുടെ എല്ലാകർഷകർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ കർഷകവർഷത്തിൽ ആരംഭിക്കണം.

ഒറ്റപ്പെട്ട കർഷക പ്രവർത്തനങ്ങളെക്കാൾ ഒരു പ്രദേശത്തെ കർഷകർ സംഘടിതമായി നടത്തുന്ന കർഷകസംരംഭങ്ങൾ കൂടുതൽ ഫലപ്രദമാണ് എന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഫാമിങ്, കർഷക ക്ലസ്റ്റേഴ്സ് എന്നിവയുടെ രൂപീകരണത്തിലൂടെ കൃഷിയെ ലാഭകരമാക്കി മാറ്റിയ സംരംഭങ്ങൾ നമുക്കു മുന്നിൽ മാതൃകയായിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് വലിയ തോതിലുള്ള സർക്കാർ സബ്സിഡിയും സംലഭ്യമാണ്. ഓരോ പ്രദേശങ്ങളിലേയും കർഷകർ ഇപ്രകാരം സംഘടിക്കുകയും വിവിധ ക്ലസ്റ്ററുകൾ ചേർന്ന് മൂല്യ വർദ്ധിത കാർഷിക ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്. മുളക്, മല്ലി, മഞ്ഞൾ തുടങ്ങിയ വിവിധയിനം കറിപ്പൊടികൾ വ്യാപകമായി ലഭ്യമാക്കത്തക്ക വിധത്തിൽ നമ്മുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കറിപ്പൊടി യൂണിറ്റ് കർഷകവർഷത്തിൽ വിപുലീകരിക്കുന്നതാണ്. മറ്റു കാർഷിക ഉൽപ്പന്നങ്ങൾക്കായി സമാനമായ വിവിധ സംരംഭങ്ങൾ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാൻ നമുക്ക് കഴിയും. ഇതിനുള്ള പ്രാരംഭ നടപടികൾ ആലോചിച്ചുവരുന്നുണ്ട്. കാർഷികോല്പ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യാൻ കഴിയുമ്പോൾ മാത്രമെ കർഷകനു നീതിപൂർവ്വമായ വില ലഭിക്കുകയുള്ളു എന്ന സത്യം മനസ്സിലാക്കണം.

നമ്മുടെ സമുദായം വലിയൊരളവിൽ ഉപഭോക്തൃ സമൂദായമായി മാറിക്കഴിഞ്ഞു എന്ന വസ്തുത നാം തിരിച്ചറിയണം. നമുക്ക് ആവശ്യമായ സകലതും വിപണിയിൽ നിന്ന് വാങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇടനിലക്കാരുടെ അനിയന്ത്രിതമായ ചൂഷണത്തിന് വിധേയമാകുക എന്നത് ഉപഭോക്തൃ സമൂഹങ്ങളുടെ അനിവാര്യമായ ഗതികേടാണ്. ഈ പ്രതിസന്ധി പരിഹരിക്കണമെങ്കിൽ നമുക്ക് ആവശ്യമായവ അവയുടെ ഉല്പാദന സ്ഥലത്തുനിന്ന് മൊത്തമായി ശേഖരിച്ച് ആവശ്യക്കാർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള വിതരണ ശൃംഖല നാം തന്നെ രൂപീകരിക്കേണ്ടതുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെയും ഉപഭോക്താക്കളെയും രക്ഷിക്കാൻ സാധിക്കും. നമ്മുടെ കർഷകർ ഉല്പ്പാദിപ്പിക്കുന്നവ മാത്ര

മല്ല ഇവിടെ ഉല്പാദിപ്പിക്കപ്പെടാത്തവ ഇതരസംസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച് സ്വാശ്രയസംഘങ്ങളും കുടുംബക്കൂട്ടായ്മകളും വഴി വിതരണം ചെയ്യാൻ പര്യാപ്തമായ ഒരു വിതരണശൃംഖലയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. നമ്മുടെ ഇടയിലെ ചെറുകിട കച്ചവടക്കാർക്ക് ദോഷം വരാതെ അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ടുള്ള വിതരണ ശൃംഖലയാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

കർഷകവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം മാർച്ച് 29-ാം തീയതി ആലക്കോട് പള്ളിയിൽ വച്ച് നടക്കുന്നതാണ്. എല്ലാ ഇടവകകളിലും കർഷകരെ ഉൾക്കൊള്ളിച്ചുകൊണ്ട് സമാനമായ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കണം. ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന് ഉപയോഗിച്ച പതാക ഉയർത്തിയും ദൈവാലയമുറ്റത്ത് ഒരു ഫലവൃക്ഷത്തൈ നട്ടും പത്തു വൃക്ഷത്തൈകളെങ്കിലും വിതരണം ചെയ്തും എല്ലാ ഇടവകകളിലും ഉദ്ഘാടനം നടത്തണം. "കർഷകവർഷം 2020-21" എന്ന ബോർഡ് എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. കർഷക വർഷത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുവാനും, വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് എല്ലാവരുടെയും സഹകരണത്തോടെ നടപ്പാക്കുന്നതിന് നേതൃത്വം നല്കുവാനുമായി ബഹു. ജോൺസൺ അന്ത്യാംകുളം അച്ചനെ ഇതിന്റെ ഉത്തരവാദിത്വം ഏല്പിക്കുന്നു. നിങ്ങൾ എല്ലാവരും അച്ചനോട് ആത്മാർത്ഥമായി സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

കർഷകവർഷത്തിൽ കർഷകരുടെ നന്മയെ ലക്ഷ്യമാക്കിയുള്ള ഈ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ നമുക്ക് ഒരു മനസ്സോടെ പ്രാർത്ഥിക്കുകയും കൂട്ടായ്മയിൽ പ്രവർത്തിക്കുകയും ചെയ്യാം. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും അതിരൂപതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റേയും മാധ്യസ്ഥ്യത്തിന് കർഷക വർഷത്തിലെ എല്ലാ പ്രവർത്തനങ്ങളെയും സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

25-02-2020 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ ഇടയലേഖനം 2020 മാർച്ച് മാസം 22-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

Prot. No.73/20; സർക്കുലർ നമ്പർ 2/2020

# ദൈവവിളി വാരം

മിശിഹായിൽ പ്രിയമുള്ളവരെ,

2020 മാർച്ച് മാസത്തിലെ അവസാനത്തെ ആഴ്ച നാം ദൈവവിളി വാരമായി ആചരിക്കുകയാണ്. ദൈവവിളിയെക്കുറിച്ച് ചിന്തിക്കുക, ധ്യാനിക്കുക, പഠിക്കുക, ദാനമായി ദൈവം നല്കുന്ന വിളിയോട് പ്രതികരിക്കാൻ സന്നദ്ധരാവുക, മറ്റുള്ളവരെ ഇതിന് സജ്ജരാക്കുക എന്നിവയാണ് ദൈവവിളി വാരം നമ്മിൽ ഉയർത്തുന്ന പ്രധാനചിന്തകൾ.

2019 -ലെ ലോകദൈവവിളി സന്ദേശത്തിൽ ഫ്രാൻസീസ് മാർപാപ്പ ഇപ്രകാരം പറഞ്ഞു "ദൈവവിളി ഒരു കണ്ടുമുട്ടലാണ്.... ദൈവവുമായുള്ള മനുഷ്യന്റെ കണ്ടുമുട്ടൽ. മാമ്രേയുടെ ഓക്കു മരത്തിനു സമീപം ദൈവം അബ്രാഹത്തെ കണ്ടുമുട്ടിയപ്പോൾ വിശ്വാസികളുടെ പിതാവാകുവാനുള്ള വലിയ വിളി അബ്രാഹം തിരിച്ചറിഞ്ഞു (ഉൽപ്പ 18:1). ദൈവത്തിന്റെ മലയായ ഹോറബിൽ ആടിനെ മേയിച്ചു നടന്ന മോശ കത്തിയെരിഞ്ഞ മുൾപ്പടർപ്പിൽ ദൈവത്തെ കണ്ടുമുട്ടിയപ്പോൾ വേദനിക്കുന്ന ജനതയ്ക്ക് ദൈവിക രക്ഷ പകരാനുള്ളവനാണെന്നുള്ള വിളി മോശയ്ക്കു ലഭിച്ചു (പുറപ്പാട് 3:1). പുതിയനിയമത്തിൽ ഗലീലിക്കടൽത്തീരത്തു വലവീശിക്കൊണ്ടിരുന്ന ശിമയോനും അന്ത്രയോസും ഈശോയെ കണ്ടുമുട്ടിയപ്പോൾ സഭയിൽ ഈശോയുടെ പൗരോഹിത്യ ശുശ്രൂഷയ്ക്കുള്ള വിളിയും പ്രത്യുത്തരവുമായി ഇത് മാറി. പൗരോഹിത്യ, സന്യസ്ത ദൈവവിളി മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള പ്രത്യുത്തരമായിതീരണം എന്ന് ഫ്രാൻസീസ് മാർപാപ്പ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ മക്കൾ പുരോഹിതനാകാൻ, സിസ്റ്ററാകാൻ ആഗ്രഹം അറിയിക്കുന്നുവെങ്കിൽ വിശ്വാസജീവിതത്തിലൂടെയും പ്രാർത്ഥനയിലൂടെയും അവർ ദൈവത്തെ കണ്ടുമുട്ടിയതുകൊണ്ടാണ് അത്തരത്തിലുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നത്. ക്രിസ്തു അപ്പസ്തോലന്മാരെ ഏല്പ്പിച്ച ദൗത്യത്തിന്റെ തുടർച്ചയാണ് പൗരോഹിത്യം. സന്യാസം ക്രിസ്തുവിനെ അടുത്തനുകരിക്കാനുള്ള വിളിയും.

ഭൂമിയുടെ അതിർത്തിയോളമെത്തുന്ന ഈ സ്വാതന്ത്ര്യത്തിലേക്കാണ് ഓരോ വ്യക്തികളെയും കർത്താവ് വിളിക്കുന്നത്. ഈ സ്വാതന്ത്ര്യത്തിൽനിന്ന് ഉത്ഭൂതമാകുന്നതാണ് യഥാർത്ഥ സന്തോഷം. ദൈവാശ്രയത്തിൽ ജീവിച്ച്, ദൈവജനത്തെ ഹൃദയത്തോട് ചേർത്ത്വച്ച് സുവിശേഷത്തിന്റെ ആനന്ദം അനുഭവിക്കാനുള്ള വിളി. ഈ ദൈവവിളി

തിരിച്ചറിയാനും സ്വീകരിക്കാനും മാതാപിതാക്കളും അധ്യാപകരും മുതിർന്നവും പുതിയ തലമുറയെ സഹായിക്കണം. ധാരാളം നല്ല വൈദിക രെയും സന്യസ്തരെയും ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. ദൈവജനത്തിന് ആത്മീയശുശ്രൂഷ ചെയ്യാൻ നമ്മുടെ കുടുംബങ്ങളിൽ നിന്നുതന്നെ വൈദിക, സന്യസ്ത അന്തസ്സുകളിലേയ്ക്ക് ധാരാളം പേരെ വിളിക്കാൻ നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

പൗരോഹിത്യ-സമർപ്പിതജീവിതം നയിക്കുന്നവരുടെ എണ്ണത്തിൽ നമ്മുടെ അതിരൂപത മുന്നിൽനിൽക്കുന്നു എന്നതിൽ നല്ലവനായ ദൈവത്തിന് നന്ദിപറയാം. നമ്മുടെ അതിരൂപതാ മൈനർ സെമിനാരിയെ നല്ല ദൈവവിളികളാൽ ദൈവം അനുഗ്രഹിക്കുന്നു, അതോടൊപ്പം തന്നെ കേരളത്തിലും, ഭാരതത്തിന്റെ ഒട്ടുമിക്ക ക്രൈസ്തവ മേഖലകളിലും, ലോകത്തിന്റെ എല്ലാ ഇടങ്ങളിലും നമ്മുടെ അതിരൂപതയിലെ വൈദി കരുടെയും സമർപ്പിതരുടെയും സാന്നിദ്ധ്യം ഉണ്ട് എന്നത് അഭിമാന കരമാണ്. ഭാരതത്തിലും വിദേശരാജ്യങ്ങളിലും സന്ദർശനം നടത്തുമ്പോൾ നമ്മുടെ മക്കൾ സുവിശേഷവൽക്കരണ ദൗത്യത്തിൽ പങ്കാളികളായി കാണുന്നത് ഏറ്റവും സന്തോഷകരമാണ്. ലോകംമുഴുവൻ സുവിശേഷം പ്രഘോഷിക്കാനുള്ള ദൗത്യത്തിൽ, സമൃദ്ധമായ ദൈവവിളിയിലൂടെ നമ്മുടെ അതിരൂപതയെ പ്രത്യേകമായി തിരഞ്ഞെടുക്കുന്ന കാരുണ്യ വാനായ ദൈവത്തിന് നന്ദിപറയാം. ഈ രംഗത്ത് കുഞ്ഞുങ്ങളെ പ്രോത്സാ ഹിപ്പിക്കുന്ന വൈദികർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതാപിതാക്കന്മാർ എന്നിവരെ സ്നേഹത്തോടെ ഞാൻ ഓർക്കുന്നു. ദൈവവിളി പ്രോത്സാ ഹനത്തിൽ കുടുംബങ്ങളുടെ പങ്ക് വളരെ വലുതാണ്. പ്രഥമ വിശ്വാസക ളരിയായ കുടുംബം ദൈവവിളിയുടെ വിളനിലം ആണ്. മാതാപിതാക്കളുടെ മാതൃകാപരമായ വിശ്വാസജീവിതവും പ്രാർത്ഥനകളും കുട്ടികൾക്ക് സമർപ്പണജീവിതം തിരഞ്ഞെടുക്കുവാൻ പ്രചോദനം നല്കുന്നു എന്ന കാര്യത്തിൽ തർക്കമില്ല.

എങ്കിലും കാലഘട്ടത്തിന്റെ പ്രവണതകളെ നമുക്ക് തള്ളിക്കളയാ നാവില്ല. അണുകുടുംബങ്ങളുടെ സ്വാധീനം, പെട്ടന്നുള്ള നേട്ടങ്ങൾക്കു വേണ്ടിയുള്ള അഭിവാഞ്ഛ, ഭൗതിക സുഖങ്ങൾക്കുവേണ്ടിയുള്ള ത്വര തുടങ്ങിയ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾ ദൈവവിളിയെ തിരി ച്ചറിയുന്നതിൽ തടസ്സം നില്ക്കാറുണ്ട്. ഇന്നത്തെ മാധ്യമ സംസ്കാരം ആത്മീയതയെയും, ആത്മീയപ്രസ്ഥാനങ്ങളെയും, ദൈവത്തിന് സമർപ്പി ക്കപ്പെട്ട വ്യക്തിത്വങ്ങളെയും വികലമായി ചിത്രീകരിക്കുന്നത് കുഞ്ഞു ങ്ങളുടെ ജീവിതത്തെയും, കുടുംബജീവിതത്തെയും വിഷലിപ്തമാക്കു ന്നുണ്ട്. സമർപ്പിതജീവിതങ്ങളിലേക്ക് ഉള്ള ദൈവവിളി കുറയുന്നു എന്ന

ദുഃഖകരമായ വസ്തുത ഈ പശ്ചാത്തലത്തിൽ നമുക്ക് മറക്കാതിരിക്കാം.

എന്നിരുന്നാലും, ഇതിനിടയിലും പ്രത്യാശയുടെ കിരണങ്ങൾ കാണാതിരിക്കാനാവില്ല. സുവിശേഷം ശ്രവിക്കുവാനും അതനുസരിച്ച് ജീവിക്കുവാനുമുള്ള വലിയ ദാഹം ഇന്ന് ദൃശ്യമാണ്. ആത്മീയ കാര്യങ്ങളോട് അഭിവാജ്ഞ പുലർത്തുന്ന ഒരു തലമുറ വളർന്നുവരുന്നു എന്നതും, താല്പര്യപൂർവ്വം സുവിശേഷ പ്രഘോഷണ ദൗത്യത്തിനായി തങ്ങളെതന്നെ സമർപ്പിക്കാൻ തയ്യാറായി കടന്നുവരുന്ന ഒരു നല്ല ഗണം കുട്ടികളും യുവജനങ്ങളും നമുക്കുണ്ട് എന്നതും ദൈവം നമ്മോടു കാട്ടുന്ന പ്രത്യേക സ്നേഹവും താല്പര്യവുമായി മനസ്സിലാക്കാം.

സ്നേഹമുള്ളവരെ,

ദൈവത്തിന്റെ വിളിയുടെ സ്വരം ശ്രവിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുവാൻ അതിരൂപത ഒരുക്കുന്ന ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുവാൻ ഈ വർഷം എസ്എസ്എൽസി, പ്ലസ്ടു പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികളെയും താല്പര്യമുള്ള യുവജനങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽ ദൈവവിളി ക്യാമ്പുകൾ നടക്കുന്നത് മാർച്ച് മാസം 28,29,30,31 തീയതികളിലാണ്. ആൺകുട്ടികൾക്കായി കുന്നോത്ത്, കുടിയാന്മല, തോമാപുരം, പടന്നക്കാട് എന്നീ സെന്ററുകളിലും പെൺകുട്ടികൾക്കായി മദർഹോമിലും വച്ച് ക്യാമ്പ് നടത്തുന്നു. ദൈവവിളി കണ്ടെത്താനും ദൈവവിളിയെ പ്രോത്സാഹിപ്പിക്കാനും പരിശ്രമിക്കുകയും വിളഭൂമിയിലേയ്ക്ക് ധാരാളം വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

25-02-2020 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2020 മാർച്ച് മാസം 22-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No.74/20; സർക്കുലർ നമ്പർ 3/2020

# വിശ്വാസോത്സവം

ഈശോയിൽ പ്രിയ സഹോദരി, സഹോദരന്മാരേ,

2019-2020 അധ്യായന വർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 6-നുള്ള വാർഷിക പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യായന വർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസ്സഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഏപ്രിൽ 1 മുതൽ 4 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം ആചരിക്കുന്നത്.

കുട്ടികളുടെ വിശ്വാസപരിശീലനം കൂടുതൽ ആകർഷകവും ജീവിതഗന്ധിയുമാക്കി സമഗ്രവ്യക്തിത്വവികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് അധ്യായനവർഷത്തിന്റെ സമാപനം വിശ്വാസോത്സവ ദിനങ്ങളായി ആചരിക്കുന്നത്. കഥകളിലൂടെയും കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിശ്വാസസത്യങ്ങളേയും സഭയുടെ പഠനങ്ങളേയും കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കത്തക്കരീതിയിൽ അവതരിപ്പിക്കുകയാണ് വിശ്വാസോത്സവത്തിലൂടെ ചെയ്യുന്നത്. അങ്ങനെ മതബോധനം കുട്ടികൾക്ക് ഒരനുഭവമായിത്തീരാൻ വഴിയൊരുക്കുന്നു. ഓരോരുത്തരുടേയും സ്വഭാവരീതികളും കഴിവുകളും സിദ്ധികളും കണ്ടെത്തി വികസിപ്പിക്കാനും വേണ്ട തിരുത്തലുകൾ വരുത്താനും വിശ്വാസോത്സവത്തിലൂടെ ശ്രമിക്കുന്നു.

2020 ഏപ്രിൽ 1 മുതൽ 4 വരെയുള്ള നാലുദിവസങ്ങളിലാണ് വിശ്വാസോത്സവം നടക്കേണ്ടത്. വിശ്വാസോത്സവത്തിൽ ഒന്ന് മുതൽ പതിനൊന്ന് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ നിർബന്ധമായും പങ്കെടുക്കണം. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവ ദിനങ്ങളിൽ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയോടുകൂടിയായിരിക്കണം ക്ലാസ്സുകൾ ആരംഭിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

വിശ്വാസോത്സവ ദിവസങ്ങളിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളെയും

വൈദികവിദ്യാർത്ഥികളെയും ഭക്തസംഘടനാ പ്രതിനിധികളെയും സംഘാടകരായിപങ്കെടു പ്പിക്കുന്നത് നല്ലതാണ്. ഏഴ് വർക്കുബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി ഈ വർഷം നമ്മുടെ വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കിയിരിക്കുന്നത്. തികച്ചും ആകർഷകമായ രീതിയിൽ ഒരുക്കിയിരിക്കുന്ന വർക്കുബുക്കുകൾ എല്ലാ കുട്ടികൾക്കും വിശ്വാസപരിശീലകർക്കും ഉണ്ടായിരിക്കേണ്ടതാണ്.

ഏപ്രിൽ 4-ാം തീയതിയാണല്ലോ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 14-ാം ചരമവാർഷികം ആചരിക്കുന്നത്. നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ അടുത്ത തലമുറയ്ക്ക് പകർന്നുകൊടുക്കേണ്ടത് നമ്മുടെ കടമയാണ്. കഴിഞ്ഞവർഷത്തേതുപോലെ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് "ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനം" ഈ വർഷവും നാം നടത്തുന്നുണ്ട്. ഏപ്രിൽ 2 മുതൽ 4 വരെയുള്ള തീയതികളിൽ പത്താം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന എല്ലാ കുട്ടികൾക്കും വിശ്വാസോത്സവത്തിന്റെ ഭാഗമായി പിതാവിന്റെ കബറിടം സന്ദർശിച്ച് മാധ്യസ്ഥ്യം പ്രാർത്ഥിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ കുടിയേറ്റമേഖലയിലെ പിതാവിന്റെ ഇടപെടലുകളെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ കുട്ടികൾക്കായി തയ്യാറാക്കിയിട്ടുമുണ്ട്.

പ്രിയ മാതാപിതാക്കളെ, ഏപ്രിൽ 6ന് നടത്തുന്ന ഈസ്റ്റർ പരീക്ഷയോടുകൂടിയാണ് ഈ അധ്യായനവർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ പൂർത്തിയാകുന്നത്. കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കൾ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കുകയും കുട്ടികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കൂടാതെ അവധിക്കാലത്ത് കുട്ടികളെ ആത്മീയ ഉണർവ്വ് ലഭിക്കുന്ന ധ്യാനങ്ങളിലും ഇതരപരിപാടികളിലും പങ്കെടുപ്പിക്കുവാനും ഞായറാഴ്ച ആചരണം ഒരിക്കലും മുടക്കാതിരിക്കുവാനും ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ എന്ന നിലയിൽ ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികൾക്ക് ആഴമേറിയ വിശ്വാസബോധ്യവും അനുഭവവും അറിവും നല്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന വിശ്വാസോത്സവം വിജയിപ്പിക്കുവാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹായസഹകരണങ്ങളുണ്ടാകണമെന്ന് ഓർമിപ്പിക്കുന്നു. ബഹു. വികാ

രിയച്ചനോടും സിസ്റ്റേഴ്സിനോടും വിശ്വാസപരിശീലകരോടും ചേർന്ന് ഇടവക അജപാലന സമിതി അംഗങ്ങളും സംഘടനാഭാരവാഹികളും വിശ്വാസോത്സവക്രമീകരണങ്ങൾക്ക് സഹായിക്കേണ്ടതാണ്.

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസ്സുകൾ ഏപ്രിൽ 20 മുതൽ 24 വരെ സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിലും പങ്കെടുക്കേണ്ടതാണ്.

വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന രൂപത-ഇടവക തലങ്ങളിലെ എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വാസപരിശീലകരെയും അജപാലനസമിതി അംഗങ്ങളെയും വിവിധ സംഘടനാ ഭാരവാഹികളെയും മാതാപിതാക്കളെയും നന്ദിയോടെ ഞാൻ ഓർക്കുന്നു. വിശ്വാസപരിശീലനകേന്ദ്രം നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈ വർഷത്തെ വിശ്വാസോത്സവം ഫലദായകമാക്കുവാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കുമല്ലോ.

വിശ്വാസം പ്രഘോഷിക്കാൻ, ആഘോഷിക്കാൻ, ജീവിക്കാൻ വിശ്വാസോത്സവം 2020 എല്ലാവരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

25-02-2020 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2020 മാർച്ച് മാസം 29-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി കാര്യം

## 1. പുതിയ നിയമനം

ഫാ. ജോൺസൺ അന്ത്യാംകുളം - ഡയറക്ടർ ഇൻഫാം, കർഷകവർഷം

## 2. അതിരൂപതാദിനം - ജീവകാരുണ്യനിധി

തലശ്ശേരി അതിരൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19-നാണല്ലോ നാം അതിരൂപതാദിനമായി ആചരിക്കുന്നത്. അതിനോടനുബന്ധിച്ച് ജീവകാരുണ്യ നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കാനുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും മാർച്ച് മാസത്തിൽ തന്നെ സംഭാവനകൾ സ്വീകരിച്ച് ഏപ്രിൽ 30ന് മുമ്പ് അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യണം. ബാങ്ക് ട്രാൻസ്ഫർ ആണ് സൗകര്യപ്രദം. ചാരിറ്റി ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചശേഷം പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ വിളിച്ചറിയിക്കുമല്ലോ.

## 3. കർഷകവർഷം ഉദ്ഘാടനം

2020 മാർച്ച് മുതൽ 2021 മാർച്ച് വരെ നമ്മുടെ അതിരൂപതയിൽ കർഷകവർഷമായി ആചരിക്കുന്നു. അതിരൂപതാതല ഉദ്ഘാടനം മാർച്ച് 29-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിക്കുന്നതാണ്. എല്ലാ ഇടവകകളിലും അന്നേദിവസം സമുചിതമായ പരിപാടികളോടെ കർഷകവർഷം ഉദ്ഘാടനം ചെയ്യേണ്ടതാണ്. അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനം ശ്രദ്ധിക്കുമല്ലോ.

## 4. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനാലാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി ശനിയാഴ്ച നാം അനുസ്മരിക്കുകയാണ്. അന്ന് തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചിലവിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനം ഈ വർഷവും മതബോധന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 10-ാംക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഏപ്രിൽ 2 മുതൽ 4 വരെ

തീയതികളിൽ നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ മതബോധന കേന്ദ്രത്തിൽ നിന്നും അറിയിക്കും.

## 5. മദ്യവിരുദ്ധ ഞായർ - മാർച്ച് - 8

മാർച്ച് 8-ാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആചരിക്കുന്നു. എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകയിലെ മദ്യവിരുദ്ധസമിതി പ്രവർത്തകരും, മുക്തിശ്രീ പ്രവർത്തകരും ഈ ദിവസാചരണത്തിന് നേതൃത്വം നല്കണം. മാർച്ച് 8-ന് എടുക്കുന്ന സ്തോത്ര ക്കാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കാനായി പ്രത്യേകം പറഞ്ഞ് സമാഹരിക്കുകയും അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

## 6. ഡീക്കന്മാരുടെ സമ്മേളനം ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

2020 സെപ്റ്റംബർ മുതൽ 2021 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2020 മെയ് 1-ാം തീയതി തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്നതാണ്. ഇടവകകളിൽ നിന്നുള്ള ശെമ്മാശന്മാരുടെ പേരും വീട്ടിലെ വിലാസവും ഫോൺനമ്പറും ഏപ്രിൽ 15-ന് മുമ്പ് ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

## 7. പാരീഷ് കൗൺസിൽ രൂപീകരണം

2020-2023 വർഷത്തേക്കുള്ള പാരീഷ് കൗൺസിലുകളുടെ രൂപീകരണം കഴിഞ്ഞ ജനുവരി മാസത്തിലെ ഗിരിദീപത്തിൽ അഭിവന്ദ്യ പിതാവ് നല്കിയിരിക്കുന്ന വിജ്ഞാപനം അനുസരിച്ച് മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കുമല്ലോ. കുടുംബകൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരെ കൂടാതെ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രതിനിധികളെയും ബഹു. വികാരിയച്ചന്മാർ നാമനിർദ്ദേശം ചെയ്യുന്ന ഏതാനുംപേരെയും ചേർത്ത് വേണം പാരീഷ് കൗൺസിൽ രൂപീകരിക്കാൻ.

## 8. ഇടവക കോഡിനേറ്റർമാർ തിരഞ്ഞെടുപ്പ്

പുതിയ പാരീഷ് കൗൺസിലുകൾ രൂപീകരിക്കപ്പെടുന്നതോടുകൂടി നിലവിലുള്ള എല്ലാ പാരീഷ് കോഡിനേറ്റർമാരുടെയും കാലാവധി അവസാനിക്കുന്നതാണ്. അതുകൊണ്ട് എല്ലാ ഇടവകകളിലും പുതിയ കോഡിനേറ്റർമാരെ പാരീഷ് കൗൺസിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്.

പള്ളിയോഗനടപടിക്രമം നമ്പർ 43-ൽ പറയുന്ന യോഗ്യതകളുള്ള പാരീഷ് കൗൺസിൽ അംഗമായിരിക്കണം കോഡിനേറ്റർ. പുതിയ പാരീഷ് കൗൺസിൽ നിർദ്ദേശിക്കുന്ന മൂന്നംഗങ്ങൾ അടങ്ങിയ പാനലിൽനിന്ന് ഇടവകവികാരി ഒരാളെ കോഡിനേറ്ററായി തിരഞ്ഞെടുക്കുന്നു. പാരീഷ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ടവരോ നാമനിർദ്ദേശം ചെയ്യപ്പെട്ടവരോ ഔദ്യോഗിക അംഗങ്ങളോ ആയ ഏതൊരാളെയും കോഡിനേറ്ററായി തിരഞ്ഞെടുക്കാം. (അതിരൂപതാ നിയമാവലി പേജ് 160 കാണുക).

## 9. ആണ്ട് തിരട്ട് പൊതുയോഗം - ഏപ്രിൽ 19 ഞായറാഴ്ച

ഈ വർഷത്തെ ആണ്ട് തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 19-ന് ഞായറാഴ്ച നടത്തേണ്ടതാണ്. ഈ വർഷത്തെ ആണ്ടുതിരട്ട്, ബജറ്റ്, പൊതുയോഗതീരുമാനങ്ങൾ എന്നിവ അംഗീകരിക്കുന്നതിനും കണക്കുകൾ പരിശോധിക്കുന്നതിനുമായി ബഹു. ജനറാളച്ചന്മാർ മെയ് ആദ്യവാരത്തിൽ ഫൊറോനകളിൽ എത്തുന്നതാണ്.

## 10. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ്

2020-2021 വർഷത്തേക്കുള്ള കൈക്കാരന്മാരെ വാർഷിക പൊതുയോഗത്തിൽ വച്ച് തിരഞ്ഞെടുക്കുമ്പോൾ സീറോ-മലബാർ പള്ളിയോഗ നടപടിക്രമങ്ങൾ നമ്പർ 43, 44ലും പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ളവരെ തിരഞ്ഞെടുക്കണം (അതിരൂപതാ നിയമാവലി പേജ് 176 കാണുക). കൂടാതെ നാല് കൈക്കാരന്മാരിൽ രണ്ടുപേർ പുതിയ പാരീഷ് കൗൺസിൽ അംഗത്വം ഉള്ളവരായിരിക്കണം. ഇവരെയും പൊതുയോഗമാണ് തിരഞ്ഞെടുക്കേണ്ടത്. പാരീഷ് കൗൺസിൽ മുൻകൂട്ടി നിർദ്ദേശിക്കുന്ന രണ്ട് പേരുകൾ പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയാലും മതി. അതുപോലെ ഇടവക ഭരണത്തിന്റെ തുടർച്ചയ്ക്ക് നിലവിലുള്ള നാലു കൈക്കാരന്മാരിൽ ഒരാളെയെങ്കിലും വരും വർഷത്തേക്കുകൂടി തിരഞ്ഞെടുക്കുന്നത് അഭികാമ്യമാണ്. എന്നാൽ അതിരൂപതാ അധ്യക്ഷന്റെ മുൻകൂർ അനുമതിയില്ലാതെ ആരെയും തുടർച്ചയായ മൂന്നാം വർഷത്തേക്ക് കൈക്കാരനായി തിരഞ്ഞെടുക്കാൻ പാടില്ല. (നിയമാവലി പേജ് 58, 176).

## 11. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപത വൈദികസമൂഹത്തിൽനിന്ന് മരണംമൂലം വേർപിരിഞ്ഞുപോയ ബഹു. സക്കറിയാസ് കട്ടക്കൽ അച്ചനുവേണ്ടി എല്ലാ പി.പി.എഫ്. അംഗങ്ങളും ഒരു വി. കുർബ്ബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 12. ആദരാഞ്ജലികൾ

**ഫാ. ജോർജ് തെരുവംകുന്നേൽ (89):** പാറ്റ്നാ രൂപതാംഗമായ ബഹു. ജോർജ് തെരുവംകുന്നേൽ 08.02.2020-ന് നിര്യാതനായി. പാറ്റ്നയിലെ കുർജ്

ക്വീൻ ഓഫ് അപ്പസ്തോലിക് ദൈവാലയത്തിൽ മൃതസംസ്കാരം നടത്തി. തീക്ഷ്ണമതിയായ മിഷനറിയായിരുന്നു. പരേതന് നിത്യശാന്തി നേരുകയും സന്തപ്തകുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും ചെയ്യുന്നു.

## 13. സ്നേഹസ്മൃതി


1. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ - 03-03-1968
2. റവ. ഫാ. ഫ്രാൻസീസ് വാളായിൽ - 10-03-2003
3. റവ. ഫാ. സർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ - 13-03-1987
4. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി - 17-03-1991
5. റവ. ഫാ. ജോർജ് പരുത്തപ്പാറ - 24-03-2011

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## ഗിരിദീപത്തിന്റെ വരിസംഖ്യ

2020 ജനുവരി മുതൽ ഗിരിദീപത്തിന്റെ വാർഷിക വരിസംഖ്യ 240/- രൂപയായിരിക്കും. ഓരോ ലക്കത്തിനും 30 രൂപയോളം ചിലവ് വരുന്നതുകൊണ്ട് വലിയ ബാധ്യത ഓരോ മാസവും പ്രസിദ്ധീകരണത്തിന് ഉണ്ടാകുന്നതുകൊണ്ടാണ് വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഗിരിദീപം മുടങ്ങാതെ ലഭിക്കാൻ ഈ വർഷത്തെ വരിസംഖ്യ എത്രയും പെട്ടെന്ന് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഫാ. സക്കറിയാസ് കട്ടയ്ക്കൽ - അനുസ്മരണം



എന്റെ ഹൃദയത്തിന് ഇണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്കു നൽകും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടി നിങ്ങളെ പാലിക്കും. ജെറമിയ പ്രവചനങ്ങളിൽ എന്നതുപോലെ വിവേകത്തോടും പരിശുദ്ധാത്മജ്ഞാനത്തോടും കൂടി ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ ഇടയനായി എല്ലാവരേയും സ്നേഹിച്ച് നിറപുഞ്ചിരിയോടെ കരുണയുടെ ശുശ്രൂഷാവഴികൾ തെളിയിച്ച ശ്രേഷ്ഠ വൈദികനായ ഫാ. സക്കറിയാസ് കട്ടയ്ക്കൽ നമ്മിൽനിന്ന് നിത്യസമ്മാനത്തിനായി യാത്രയായി.

കഷ്ടതകൾ നിറഞ്ഞ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ ആവശ്യത്തിന് വൈദികരും ദൈവാലയങ്ങളുമില്ലാതെ ക്ലേശിച്ചിരുന്ന തലശ്ശേരി അതിരൂപതയുടെ ശൈശവം മുതലിങ്ങോട്ട് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളുടെ മലമടക്കുകളിൽ ആത്മീയനേതൃത്വമായും വികസനശില്പിയായും പ്രസന്നവദനനായി ശുശ്രൂഷചെയ്ത പ്രിയപ്പെട്ട കട്ടക്കലച്ചന്റെ ശുശ്രൂഷകളെയും ജീവിതയാത്രയെയും ഓർത്ത് എടുക്കാം.

ഫാ. സക്കറിയാസ് കട്ടക്കലച്ചൻ കുറവിലങ്ങാട് കട്ടയ്ക്കൽ ദേവസ്യ, റോസ ദമ്പതികളുടെ മകനായി 1927 ജൂൺ 8ന് ജനിച്ചു. കുര്യനാട് ഗവ. എൽ.പി. സ്കൂൾ, കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1949ൽ കോഴിക്കോട് രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. മംഗലാപുരം സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. ദൈവശാസ്ത്രവിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് തലശ്ശേരി രൂപത സ്ഥാപിതമാകുകയും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ അഭ്യർത്ഥനയെ തുടർന്ന് തലശ്ശേരി രൂപതയിൽ ചേരുകയും ചെയ്തു. മംഗലാപുരം ബിഷപ്പായിരുന്ന അഭിവന്ദ്യ തെയോഡോറസ് പേരെസ് പിതാവിൽനിന്നും 1958 മാർച്ച് 1-ന് പൗരോഹിത്യം സ്വീകരിച്ചു. ചുങ്കക്കുന്ന് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി വൈദിക ശുശ്രൂഷ ആരംഭിച്ചു. കണിച്ചാർ, ഉദയഗിരി, നെല്ലിക്കാംപൊയിൽ, വേനപ്പാറ, തരിയോട്, മണിമൂളി, ആലക്കോട്, എടൂർ, പാലാവയൽ, മരുതോംകര, കൂടരഞ്ഞി, തളിപ്പറമ്പ്, വിളക്കന്നൂർ, പേരട്ട, ചുണ്ടപ്പറമ്പ് എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. കണിച്ചാർ പള്ളിക്ക് സ്ഥലം വാങ്ങിയതും ഉദയഗിരി, നെല്ലിക്കാംപൊയിൽ, വേനപ്പാറ, എന്നിവിടങ്ങളിൽ സ്കൂൾ

കെട്ടിടങ്ങൾ നിർമ്മിച്ചതും മണിമൂളിയിൽ പള്ളി നിർമ്മിച്ചതും, ആലക്കോട് സൺഡേ സ്കൂൾ, മരുതോംകര വൈദികമന്ദിരം തുടങ്ങിയവ നിർമ്മിച്ചതും ബഹുമാനപ്പെട്ട കട്ടയ്ക്കലച്ചന്റെ നേതൃത്വത്തിലാണ്. അതിരൂപതയെ പടുത്തുയർത്താൻ കുടിയേറ്റ ജനതയോടൊപ്പം നിന്ന് അത്യദ്ധ്വാനം ചെയ്ത പ്രഗത്ഭ വൈദികരിലൊരാളാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പ്രിയപ്പെട്ട സക്കറിയാസച്ചൻ.

തലശ്ശേരി അതിരൂപതാ വൈദികവിശ്രമ മന്ദിരത്തിൽ വിശ്രമജീവിതം നയിക്കവേ 2020 ഫെബ്രുവരി 5 ബുധനാഴ്ച രാവിലെ 10.30 ന് പ്രിയപ്പെട്ട സഖറിയാസച്ചൻ ഇഹലോകവാസം വെടിഞ്ഞു. കരുവഞ്ചാൽ ശാന്തിഭവനിൽവച്ച് വൈദിക മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു. തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം 7-ാം തീയതി വെള്ളിയാഴ്ച 8.30തോടെ വിലാപയാത്രയായി തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ എത്തിച്ചു. 10 മണിയോടെ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലമച്ചന്റെ നേതൃത്വത്തിൽ രണ്ടാംഭാഗശുശ്രൂഷകൾ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധകുർബാനയോടെ മൂന്നാംഭാഗ ശുശ്രൂഷകൾ ആരംഭിച്ചു. സക്കറിയാസച്ചന്റെ ആകർഷകമായ വ്യക്തിത്വവും, അടിയുറച്ച ദൈവവിശ്വാസവും, വിശ്വസ്ത ശുശ്രൂഷകനായി ജീവിച്ചതിന്റെ ഓർമ്മകളും പങ്കിട്ട് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് അനുശോചന സന്ദേശമറിയിച്ചു. സഹകാർമ്മികരായി തലശ്ശേരി അതിരൂപതാ വികാരി ജനറാൾമാരായ മോൺ. അലക്സ് താരമംഗലം, മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, ഒപ്പം കുടുംബാംഗങ്ങളായ ഫാ. ജസ്റ്റിൻ അവനുപറമ്പിൽ ഒ.സി.ഡി., ഫാ. സന്തോഷ് കട്ടയ്ക്കൽ ഒ.എസ്.ബി, ഫാ. ബിനു അരീത്തറ എന്നിവർ ബലിയർപ്പണത്തിൽ പങ്കുചേർന്നു.

തലശ്ശേരി അതിരൂപതയിലെ വൈദികരും ധാരാളം സമർപ്പിതരും അല്മായ സഹോദരങ്ങളും നാനാ തുറയിൽപെട്ട നാനാജാതിമതസ്ഥരും സക്കറിയാസച്ചന് അന്തിമോപചാരമർപ്പിക്കാൻ എത്തിയിരുന്നു. ശുശ്രൂഷയുടെ നന്മയുള്ള വഴികളിൽ പൗരോഹിത്യത്തിന്റെ അറുപത്തി രണ്ട് വർഷങ്ങൾ പൂർത്തിയാക്കിയ വൈദികശ്രേഷ്ഠന് പ്രിയ സഖറിയാസച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ സ്നേഹവന്ദനം. യാത്രാമൊഴി.

**ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ**

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്-2020

സ്നേഹമുള്ള വികാരിയച്ചന്മാരേ, കൊച്ചച്ചൻമാരേ, സിസ്റ്റേഴ്സ്,

ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ നേരത്തെ തീരുന്നതിനാൽ ദൈവവിളി ക്യാമ്പ് മാർച്ച് 28, 29, 30, 31 തീയതികളിൽ ക്രമീകരിക്കുകയാണ്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനുള്ള ഈ ക്യാമ്പിൽ നിങ്ങളുടെ ഇടവകയിൽനിന്നും എസ്എസ്എൽസി, പ്ലസ്ടു കഴിഞ്ഞ, താല്പര്യമുള്ള മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുമല്ലോ. നിങ്ങളുടെ സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : മാർച്ച് 28,29,30,31**

**മാർച്ച് 28 ശനിയാഴ്ച 5 മണിക്ക് ആരംഭിക്കുന്നു.**

**മാർച്ച് 31 ചൊവ്വാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.**

## ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ

| ആൺകുട്ടികൾക്ക് - ഫൊറോനകൾ | |
|---|---|
| 1. കുന്നോത്ത് - ബാലഭവൻ | എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ, കുന്നോത്ത് |
| 2. കുടിയാന്മല | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി, വായാട്ടുപറമ്പ |
| 3. തോമാപുരം | ആലക്കോട്, ചെറുപുഴ, മേരിഗിരി, തോമാപുരം |
| 4. പടന്നക്കാട്- പാസ്റ്ററൽ സെന്റർ | കാഞ്ഞങ്ങാട്, പനത്തടി, തളിപ്പറമ്പ്, വെള്ളരിക്കുണ്ട് |
| മദർ ഹോം പരിയാരം | എല്ലാ ഫൊറോനകളിൽനിന്നുമുള്ള പെൺകുട്ടികൾ |

## റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ

1 റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് മാർച്ച് 28 ശനിയാഴ്ച 5 മണിക്കായിരിക്കും.

2. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. നമ്മുടെ അതിരൂപതയ്ക്കു വേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും ക്യാമ്പിന് കത്ത് കൊടുത്തുവിടുമ്പോൾ അവരുടെ പേരുകൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.

3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും.

4. വൊക്കേഷൻ പ്രോമോട്ടേഴ്സിനു ക്യാമ്പ് സന്ദർശിക്കുവാനുള്ള സമയം 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12 വരെയായിരിക്കും.

5. ക്യാമ്പ് അവസാനിക്കുന്നത് 31-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 1 മണിക്കായിരിക്കും.

## പെൺകുട്ടികളുടെ ക്യാമ്പ്

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം മദർഹോമിൽവെച്ച് നടത്തുന്ന പെൺകുട്ടികളുടെ ദൈവവിളി ക്യാമ്പിലേയ്ക്ക് സാധിക്കുന്നിട ത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ത മായി ജീവിത ദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നത്. ആയതിനാൽ 9 മുതൽ 12 ക്ലാസ്സുവരെ പഠിക്കുന്ന സാധിക്കു ന്നിടത്തോളം പെൺകുട്ടികളെ ഈ ക്യാമ്പിലേയ്ക്ക് പറഞ്ഞയക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. പെൺകുട്ടികളുടെ ദൈവവിളിയെ പരി പോഷിപ്പിക്കുവാൻ പ്രത്യേകം പരിശ്രമിക്കാം. ഒരു ഇടവകയിൽ നിന്നും കുറ ഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പങ്കെടുപ്പിക്കുവാൻ ബഹു. വികാ രിയച്ചന്മാരും സിസ്റ്റേഴ്സും താല്പര്യപ്പെടുമല്ലോ.

## അതിരൂപതാ സെലക്ഷൻ ക്യാമ്പ്

- ഏപ്രിൽ 6, 7, 8, 9 തീയതികളിൽ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.
- ഏപ്രിൽ 6 തിങ്കളാഴ്ച 5 മണിക്ക് ആരംഭിച്ച് ഏപ്രിൽ 9–ന് വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.
- റീജണൽ ക്യാമ്പിനു കുട്ടികളെ പറഞ്ഞുവിടുമ്പോൾ നമ്മുടെ അതിരൂപത യിൽ ചേരേണ്ട കുട്ടികളുടെ പേരുകൾ വികാരിയച്ചന്മാർ പ്രത്യേകം സൂചി പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിനു ഫീസ് ഉണ്ടായിരിക്കുകയില്ല.
- ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ പറഞ്ഞയയ്ക്കുമല്ലോ.

## മേജർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്:** നമ്മുടെ അതിരൂപതയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഡീക്കൻപട്ടവും മൈനർ ഓർഡേഴ്സും (കാറോയ, ഹെപ്പദ് യാക്കോന) സ്വീകരിക്കുന്നത് മാർച്ച് മാസം 28–ാം തീയതി ശനിയാഴ്ച രാവിലെ 6.30 ന് സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചാണ്. ഈ വൈദിക വിദ്യാർത്ഥികളെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകമായി അനുസ്മരിക്കാം.

## വൈദികവസ്ത്ര സ്വീകരണം

ഈ വർഷത്തെ റീജൻസിക്കാരുടെ വൈദിക വസ്ത്രസ്വീകരണം ഏപ്രിൽ 24–ാം തീയതി വെള്ളിയാഴ്ച രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കുന്നു. വൈദിക പരിശീലനത്തിന്റെ അടുത്ത പടിയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന റീജൻസിക്കാരെ പ്രത്യേകമായി പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

## മേജർ സെമിനാരി ഗാതറിംഗ്

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളുടെ കൂട്ടായ്മ ഏപ്രിൽ 13, 14, 15 തീയതികളിൽ നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു. ഏപ്രിൽ 13ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 15-ന് ഉച്ചയ്ക്ക് അവസാനിക്കുന്നു.

## ഇരട്ടി വിജയം - ഇന്റർ സെമിനാരി ബാസ്ക്കറ്റ്, ബോളിബോൾ

**ബാസ്ക്കറ്റ്ബോൾ വിജയികൾ :** അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണാർത്ഥം ജനുവരി 25-ാം തീയതി നടന്ന 10-ാമത് ഇന്റർ സെമിനാരി ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ തലശ്ശേരിയുടെ ചുണക്കുട്ടന്മാരായ വൈദിക വിദ്യാർത്ഥികൾ ചാമ്പ്യന്മാരായി. മലബാറിലെ 7 മൈനർ സെമിനാരി ടീമുകൾ മത്സരിച്ചു. ഫൈനലിൽ മാനന്തവാടി മൈനർ സെമിനാരിക്കാരെ 27-51 ന് തോൽപിച്ചാണ് തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരി വിജയികളായത്. ഈ വർഷത്തേതും കൂടി 4-ാം തവണയാണ് നമ്മുടെ സെമിനാരി വിജയികളാകുന്നത്.

**വോളിബോൾ വിജയികൾ:** അഭിവന്ദ്യ മാർ മങ്കുഴിക്കരിപിതാവിന്റെ അനുസ്മരണാർത്ഥം താമരശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടന്ന പ്രഥമ ഇന്റർസെമിനാരി വോളിബോൾ ടൂർണമെന്റിലും തലശ്ശേരിയുടെ മിടുക്കന്മാർ കപ്പ് നേടി. കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ 6 മൈനർ സെമിനാരി ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു. രണ്ടു കപ്പുകളും നേടിയ തലശ്ശേരി അതിരൂപതയുടെ ചുണക്കുട്ട ന്മാരായ വൈദികവിദ്യാർത്ഥികൾക്ക് ഹൃദ്യമായ അനുമോദനങ്ങൾ നേരുന്നു.

## ബിഷപ്പ് വള്ളോപ്പിള്ളി അനുസ്മരണ പ്രസംഗമത്സരം

സഭ കർഷകരോടൊപ്പം: അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് ഒരു മാർഗദർശി എന്ന വിഷയത്തെ അസ്പദമാക്കി നടന്ന ഇന്റർ മൈനർ സെമിനാരി പ്രസംഗമത്സരത്തിൽ നമ്മുടെ മൈനർ സെമിനാരി മൂന്നാം വർഷ വൈദിക വിദ്യാർത്ഥിയായ തോമസ് അമ്പലത്തുങ്കൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹൃദ്യമായ അഭിനന്ദനങ്ങൾ.

## അവധിക്കാല സേവനങ്ങൾ

നമ്മുടെ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ അവധിക്കാല സേവനങ്ങൾ (ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ) ആവശ്യമുള്ളവർ അറിയിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547 128 523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ആസ്പെക്ട് പരീക്ഷ

"വിശ്വാസവഴിയിലെ സംശയങ്ങൾ" എന്ന പുസ്തകത്തിന്റെ പരീക്ഷ മാർച്ച് 01 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും.

## 2. ആസ്പെക്ട് പ്രബന്ധം

60 വയസിൽ താഴെ പ്രായമുള്ള എല്ലാ വിശ്വാസപരിശീലകരും പരീക്ഷയാണ് എഴുതേണ്ടത്. മതിയായ കാരണങ്ങളാൽ അസൗകര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം എഴുതാവുന്നതാണ്. പ്രബന്ധം കുറഞ്ഞത് 15 പേജ് എങ്കിലും ഉണ്ടായിരിക്കണം.

**വിഷയം: വിവാഹവും കുടുംബജീവിതവും ക്രിസ്തീയ കാഴ്ചപ്പാടിൽ**

## 3. സഭാവിജ്ഞാനീയ ക്വിസ്സ്

അധ്യാപകർക്കു പഠിക്കാനുള്ള **'വിശ്വാസവഴിയിലെ സംശയങ്ങൾ'** എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **മാർച്ച് 21 ശനിയാഴ്ച** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണി മുതൽ 12 മണി വരെ നടത്തുന്നു. പങ്കെടുക്കുന്നവർ മാർച്ച് 14 നുള്ളിൽ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 4. അതിരൂപതാ മതബോധന കമ്മിറ്റി

2019-2020 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 5. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 28ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 6. വിശ്വാസോത്സവം ഏപ്രിൽ 01 – ഏപ്രിൽ 04

2020 ഏപ്രിൽ 1 മുതൽ ഏപ്രിൽ 4 വരെയുള്ള ദിവസങ്ങളിലാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടക്കുന്നത്. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെയാണ് എല്ലാ ഇടവകകളിലും ക്ലാസ്സുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാദിവസവും വി. കുർബ്ബാനയോടുകൂടിയാണ് വിശ്വാസോത്സവം ആരംഭിക്കേണ്ടത് (വിശദ വിവരങ്ങൾക്കായി വിശ്വാസോത്സവം സംബന്ധിച്ച അഭിവന്ദ്യപിതാവിന്റെ സർക്കുലർ കാണുക).

## 7. വിശ്വാസോത്സവ ഉദ്ഘാടനം

വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഏപ്രിൽ 01–ാം തീയതി ബുധനാഴ്ച കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലി മധ്യേ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിക്കുന്നതാണ്.

## 8. വിശ്വാസോത്സവ വർക്ക് ബുക്കുകൾ

ഓരോ സൺഡേസ്കൂളും നല്കിയിരിക്കുന്ന എണ്ണമനുസരിച്ചുള്ള വിശ്വാസോത്സവ വർക്ക് ബുക്കുകൾ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും.

### വർക്കു ബുക്കുകളുടെ വില

| | |
|---|---|
| I- III | Rs. 25 |
| IV | Rs. 40 |
| V- VI | Rs. 25 |
| VII- IX | Rs. 25 |
| X- XI | Rs. 25 |

## 9. വിശ്വാസോത്സവ ടീച്ചേഴ്സ് ട്രെയിനിംഗ് മാർച്ച് 14 ശനി

ഈ വർഷത്തെ വിശ്വാസോത്സവ വർക്ക് ബുക്കുകൾ പൂർണ്ണമായും പുതിയതാണ്. വർക്ക് ബുക്കുകൾ വിശ്വാസപരിശീലകർ പരിചയപ്പെട്ടാൽ മാത്രമേ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ മാർച്ച് 14–ാം തീയതി ശനിയാഴ്ച രാവിലെയും ഉച്ചകഴിഞ്ഞുമായി ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും വച്ച് നടത്തുന്നതാണ്. പരിശീലനം ലഭിച്ച 3 വൈദികരും 3 സിസ്റ്റേഴ്സും ഓരോ സെന്ററിലും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. **ഇടവകയിൽനിന്നുള്ള മുഴുവൻ വിശ്വാസപരിശീലകരും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തെത്തി ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.** കൂടാതെ വിശ്വാസോത്സവത്തിന് സഹായികളായി എടുക്കുന്നവരെയും ട്രെയിനിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്.

| സ്ഥലം | സമയം | സ്ഥലം | സമയം |
|---|---|---|---|
| പേരാവൂർ | 9.30-1.00 pm | നെല്ലിക്കാംപൊയിൽ | 9.30-1.00 pm |
| ചെമ്പേരി | 9.30-1.00 pm | ചെമ്പന്തൊട്ടി | 9.30-1.00 pm |
| ആലക്കോട് | 9.30-1.00 pm | ചെറുപുഴ | 9.30-1.00 pm |
| തോമാപുരം | 9.30-1.00 pm | കാഞ്ഞങ്ങാട് | 9.30-1.00 pm |
| എടൂർ | 2.00-5.30 pm | കുന്നോത്ത് | 2.00-5.30 pm |
| പൈസക്കരി | 2.00-5.30 pm | വായാട്ടുപറമ്പ് | 2.00-5.30 pm |
| തളിപ്പറമ്പ് | 2.00-5.30 pm | മേരിഗിരി | 2.00-5.30 pm |
| വെള്ളരിക്കുണ്ട് | 2.00-5.30 pm | പനത്തടി | 2.00-5.30 pm |

## 10. വിശ്വാസോത്സവ ആൽബം

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ.

**വിഷയം: കാർഷിക മേഖലയിലെ സഭയുടെ സംഭാവനകൾ**

കാർഷിക മേഖല തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. കർഷകരുടെ ഉന്നമനം ലക്ഷ്യം വച്ച് നമ്മുടെ രൂപത 2019 ഡിസംബർ 09 ന് നടത്തിയ കർഷക പ്രക്ഷോഭത്തിന് നമ്മളും പങ്കുകാരായതാണ്. സഭയുടെ സാമൂഹിക ഇടപെടലുകൾ ബോധപൂർവ്വം തമസ്ക്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് സഭയുടെ ഇടപെടലുകളെക്കുറിച്ച് അവബോധം നല്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ആൽബത്തിന് ഈ വിഷയം നിർദ്ദേശിച്ചിരിക്കുന്നത്. ആൽബത്തിൽ പ്രളയകാലത്തെ സഭയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 8-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ-15 ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## 11. വാർഷികപരീക്ഷ I- XI

I മുതൽ XI -ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ച്ച രാവിലെ 08 മണി മുതൽ 10 മണിവരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 12. ജനറൽ ചോദ്യങ്ങൾ

ഏപ്രിൽ 6-ന് നടത്തുന്ന IV മുതൽ XI വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ മാർച്ച് 7-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 13. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, 10 ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചു തരണം. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 14. അവധിക്കാല വേദപാഠം ഏപ്രിൽ 20-24

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 20ന് രാവിലെ 9.30 മുതൽ 24-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6ന് മുമ്പായി ഹെഡ് മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.** 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.

## 15. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2019-20 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കു

വാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യ പേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയ്യതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 7 ശനി | 09.00 am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 7 ശനി | 2.30 pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 8 ഞായർ | 2.30 pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 9 തിങ്കൾ | 09.00 am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 9 തിങ്കൾ | 2.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 16. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 14-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അതിരൂപതയിലെ സൺഡേ സ്കൂളുകളുടെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം./ എസ്.എം.വൈ.എം., മാതൃവേദി, etc. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഏപ്രിൽ 4-ാം തീയതി **"മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന"** ദിനമായി ആചരിക്കുകയാണ്. ഏപ്രിൽ 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ ഫൊറോന അടിസ്ഥാനത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും 10-ാം ക്ലാസ്സിലെ കുട്ടികൾ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടെയും വിശ്വാസപരിശീലകരുടെയും എല്ലാ ഭക്തസംഘടനകളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ക്രമീകരണങ്ങൾ**

1. ഏപ്രിൽ 2 മുതൽ 4 വരെയുള്ള തീയതികളിലാണ് തീർത്ഥാടനം സംഘടിപ്പിക്കുന്നത്.
2. എല്ലാദിവസവും രാവിലെ 9.30നും 11.30നും വി. ബലിയർപ്പണം ഉണ്ടായിരിക്കും. ഓരോ ഇടവകയും താഴെ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച് ഫൊറോന അടിസ്ഥാനത്തിൽ വി. ബലിയിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 2 വ്യാഴം | വി. കുർബ്ബാന | 9.30 - | പൈസക്കരി, ചെമ്പേരി |
| ഏപ്രിൽ 2 വ്യാഴം | വി. കുർബ്ബാന | 11.30 - | ചെറുപുഴ, മേരിഗിരി |
| ഏപ്രിൽ 3 വെള്ളി | വി. കുർബ്ബാന | 9.30 - | ആലക്കോട്, വായാട്ടുപറമ്പ്, കുന്നോത്ത് |
| ഏപ്രിൽ 3 വെള്ളി | വി. കുർബ്ബാന | 11.30 - | വെള്ളരിക്കുണ്ട്, പനത്തടി, കാഞ്ഞങ്ങാട് |
| ഏപ്രിൽ 4 ശനി | വി. കുർബ്ബാന | 9.30 - | പേരാവൂർ, നെല്ലിക്കാംപൊയിൽ തളിപ്പറമ്പ് |
| ഏപ്രിൽ 4 ശനി | വി. കുർബ്ബാന | 11.30 - | എടൂർ, ചെമ്പന്തൊട്ടി, തോമാപുരം |

3. രാവിലെ 9.30ന്റെ വി. ബലിയിൽ പങ്കെടുക്കേണ്ട ഇടവകകൾ കത്തീഡ്രൽ പള്ളിയുടെ മുമ്പിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻ ജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി ക്രമീകരിക്കുന്നതാണ്. വി. ബലിക്കുശേഷം സാൻ ജോസ് മെട്രോപോളിറ്റൻ സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന എക്സി ബിഷൻ സെന്ററുകൾ സന്ദർശിക്കാവുന്നതാണ്.
4. 11.30ന്റെ വി. ബലിയർപ്പണത്തിൽ പങ്കെടുക്കേണ്ട ഇടവകകൾ സന്ദേശഭ വനിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. റിഫ്രഷ്മെന്റ് സൗകര്യം സന്ദേശഭവനിൽ ക്രമീകരിക്കുന്നതാണ്. വി. ബലിക്കു മുമ്പായി ബിഷപ്സ് ഹൗസിലെ മ്യൂസിയം, സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെ എക്സിബിഷൻ സെന്ററുകൾ എന്നിവ സന്ദർശിക്കാവുന്നതാണ്.
5. കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതായിരിക്കും. തുക പിന്നീട് അറിയിക്കുന്നതാണ്. രാവിലെ 9.30ന്റെ വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സന്ദേശഭവനിലും 11.30ന്റെ വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മൈനർ സെമിനാരിയിലും ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. വരുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം **മാർച്ച് 25**-നുമുമ്പായി നിർബന്ധമായും ഓഫീസിൽ അറിയിക്കേണ്ടതാണ്.
6. ഉച്ചകഴിഞ്ഞ് 3 മണിയോടെ മടങ്ങിപോകാൻ കഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്. **മറ്റു വിശദവിവരങ്ങൾ കത്ത് മുഖേന പ്രധാനാധ്യാപകരെ അറിയിക്കുന്നതാണ്.**

## 17. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധി മുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെ ടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോ ളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 18. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 19. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 21. ഏറ്റവും നല്ല വിശ്വാസപരിശീലകനുള്ള സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ്

സംസ്ഥാനത്തെ ഏറ്റവും നല്ല വിശ്വാസപരിശീലകനുവേണ്ടി 2000-ൽ A.K.C.C. ഏർപ്പെടുത്തിയ M.O. ജോൺ ഓലിക്കൽ മെമ്മോറിയൽ അവാർഡ് ആദ്യമായി കരസ്ഥമാക്കുകയും രണ്ടായിരത്തിരണ്ടിൽ മതാധ്യാപകനായതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്ത **ശ്രീ. അഗസ്റ്റിൻ ഇല്ലിക്കൽ** ഓരോ വർഷവും അതിരൂപതയിലെ ഏറ്റവും നല്ല ഒരു വിശ്വാസപരിശീലക

നെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുത്ത് ആദരിക്കാൻ വേണ്ടി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും നല്ല വിശ്വാസപരിശീലക നെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ വർഷവും ഓരോ സൺഡേ സ്കൂളിൽ നിന്നും നല്ല ജീവിതസാക്ഷ്യവും ക്രിസ്തീയ മൂല്യങ്ങളോട് പ്രതിബദ്ധതയുമുള്ള ഒരു വിശ്വാസപരിശീലകന്റെ പേര് നിർദ്ദേശിക്കാവുന്നതാണ്. 2. സേവനകാലം 30 വർഷത്തിൽ കുറയരുത് 3. മതാധ്യാപക പരിശീലന പരിപാടികളിൽ ക്രമമായി പങ്കെടുക്കുന്നത് (ആമുഖ സെമിനാർ, ചതുർദിന സെമിനാർ, ഏകദിന സെമിനാർ, മതാദ്ധ്യാപക ധ്യാനം തുടങ്ങിയവ. 1983–ന് മുൻപ് മതാധ്യാപകരായിട്ടുള്ളവർക്ക് ആമുഖ സെമിനാർ ബാധകമല്ല.) 4. ദൈവശാസ്ത്ര കോഴ്സ് (BTh, MTh). 5. ASPCT പഠന പദ്ധതിയിലുള്ള തുടർച്ചയായ പങ്കാളിത്തം. 6. ക്രമമായി ടീച്ചിംഗ് നോട്ടെഴുതുന്നതും പഠനോപകരണങ്ങളുടെ സഹായത്തോടെ ക്ലാസ് എടുക്കുന്നതും. 7. 90% ഹാജർ (പ്രവർത്തന വർഷത്തിൽ) 8. ഇടവകയിലെ ഇതര അജപാലന പ്രവർത്തനങ്ങളിലെ പങ്കാളിത്തം. 9. സംഘടനാ പ്രവർത്തനങ്ങളിലുള്ള സഹകരണം. 10. സാമൂഹ്യപ്രവർത്തനങ്ങൾ. 11. ബഹു. വികാരിയച്ചന്റെ confidential report. 12. സഭാവിജ്ഞാനീയ ക്വിസ്സിലുള്ള പങ്കാളിത്തം. 13. അപേക്ഷകൾ ഏപ്രിൽ 30–ന് മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

പരിഗണനക്കായി സമർപ്പിക്കപ്പെടുന്ന പേരുകൾ വിശ്വാസപരിശീലന ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പഠന വിധേയമാക്കിയശേഷമാകും ഏറ്റവും നല്ല വിശ്വാസപരിശീലകനെ തിരഞ്ഞെടുക്കുന്നത്.

## 22. രജതജൂബിലി ആഘോഷിക്കുന്ന വിശ്വാസപരിശീലകർക്കുള്ള അവാർഡ്

2018 ഡിസംബർ 20–ന് പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷിച്ച റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി സുവർണ്ണജൂബിലിയുടെ ഓർമ്മ നിലനിർത്താൻവേണ്ടി അതിരൂപതയിൽ വിശ്വാസപരിശീലന മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ഏറ്റവും നല്ല വിശ്വാസപരിശീലകന്/വിശ്വാസപരിശീലകയ്ക്ക് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും നല്ല വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. നല്ല ജീവിതസാക്ഷ്യവും ക്രിസ്തീയ മൂല്യങ്ങളോട് പ്രതിബദ്ധതയുമുള്ള വിശ്വാസപരിശീലകൻ/പരിശീലക. 2. മതാധ്യാപക പരിശീലന പരിപാടികളിൽ ക്രമമായി പങ്കെടുക്കുന്നത് (ആമുഖ സെമിനാർ, ചതുർദിന സെമിനാർ, ഏകദിന സെമിനാർ, മതാദ്ധ്യാപക ധ്യാനം തുടങ്ങിയവ.) 3. ദൈവശാസ്ത്ര കോഴ്സ്

(BTh, MTh). 4. ASPCT പഠന പദ്ധതിയിലുള്ള തുടർച്ചയായ പങ്കാളിത്തം. 5. ക്രമമായി ടീച്ചിംഗ് നോട്ടെഴുതുന്നതും പഠനോപകരണങ്ങളുടെ സഹായ ത്തോടെ ക്ലാസ് എടുക്കുന്നതും. 6. 90% ഹാജർ (പ്രവർത്തന വർഷത്തിൽ) 7. ഇടവകയിലെ ഇതര അജപാലന പ്രവർത്തനങ്ങളിലെ പങ്കാളിത്തം. 8. സംഘ ടനാ പ്രവർത്തനങ്ങളിലുള്ള സഹകരണം. 9. സാമൂഹ്യപ്രവർത്തനങ്ങൾ. 10. ബഹു. വികാരിയച്ചന്റെ confidential report. 11. സഭാവിജ്ഞാനീയ ക്വിസ്സിലുള്ള പങ്കാളിത്തം. 12. അപേക്ഷകൾ ഏപ്രിൽ 30-ന് മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

പരിഗണനക്കായി സമർപ്പിക്കപ്പെടുന്ന പേരുകൾ വിശ്വാസപരിശീലന ഡയ റക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പഠന വിധേയമാക്കിയശേഷമാകും ഏറ്റവും നല്ല വിശ്വാസപരിശീലകനെ തിരഞ്ഞെടുക്കുന്നത്.

## 23. Power Point Presentation മത്സരം

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹാ യത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീ വമാക്കുവാനും ശ്രദ്ധിക്കുമല്ലോ. **ഒരു ക്ലാസിലെ മുഴുവൻ പാഠങ്ങളുടെയും Power Point തയ്യാറാക്കിയവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.** മത്സരത്തിന്റെ നിബന്ധനകൾ അടങ്ങിയ കത്ത് ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററിനും നൽകിയി രുന്നു. സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് എല്ലാ ഇടവകകളും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. തയ്യാറാക്കിയ Power Point - കൾ ഏപ്രിൽ 30-നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 24. ദിയാകോണിയ കർമ്മ പദ്ധതി

ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ സൺഡേ സ്കൂൾ തലത്തിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1. പ്രാർത്ഥനകൾ ചൊല്ലുന്നതിനും ഗീതങ്ങൾ ആലപിക്കുന്നതിനും ഭാരവാ ഹികളോട് ചേർന്ന് സഹകരിക്കുക.
2. കലാപരിപാടികൾക്ക് നേതൃത്വം നൽകുകയും അവതരിപ്പിക്കുകയും ചെയ്യുക.
3. ബൈബിൾ പഠന പരിപാടികളിൽ പങ്കെടുക്കുക.
4. ബൈബിൾ അടിസ്ഥാനപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുക.
5. ബൈബിൾ ക്വിസ്സ്, വചനം മനപാഠമാക്കൽ, എന്നിവ സംഘടിപ്പിക്കുക.
6. ജനറൽ ക്വിസ്സ്, സഭാക്വിസ്സ് എന്നിവയോട് സഹകരിക്കുക.

## 25. വിവിധ കുടിശികകൾ

2019–2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 26. അഭിനന്ദനങ്ങൾ...അഭിനന്ദനങ്ങൾ

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഏർപ്പെടുത്തിയിട്ടുള്ള മോൺ. തോമസ് പഴേപറമ്പിൽ മെമ്മോറിയൽ മാതൃകാ അധ്യാപകനുള്ള അവാർഡ് കരസ്ഥമാക്കിയ തളിപ്പറമ്പ് സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ. ഡായിപ്ലാത്തോട്ടം സാറിന് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

മഹാരാഷ്ട്രയിലെ നാസിക്കിൽ വച്ച് നടന്ന ദേശീയ സ്കൂൾ ഗെയിംസ് വടംവലി മത്സരത്തിൽ സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ കേരള ടീമിനെ പ്രതിനിധീകരിച്ച് രണ്ടാംസ്ഥാനം കരസ്ഥമാക്കിയ കാലിച്ചാനടുക്കം സൺഡേ സ്കൂളിലെ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനികളായ ആൻമരിയ കൊണ്ടയിൽ, അനീറ്റ സെബാസ്റ്റ്യൻ മാമ്പുഴയ്ക്കൽ എന്നിവർക്ക് അഭിനന്ദനങ്ങൾ.

## 27. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പറമ്പ, ഒറ്റത്തൈ, ബിരിക്കുളം, മേലെചൊവ്വ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ വായാട്ടുപറമ്പ്, കാസർഗോഡ് എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# ദിയാക്കോണിയ

## ഫെബ്രുവരി-മാർച്ച്

| പൊതുപദ്ധതി: കുടുംബകൂട്ടായ്മ | ലക്ഷ്യം : സമുദായ ശാക്തീകരണം |
|---|---|
| **മതബോധനം, മിഷൻലീഗ്, തിരുബാലസഖ്യം** | 1) പ്രാർത്ഥനകൾ ചൊല്ലുന്നതിനും ഗീതങ്ങൾ ആലപിക്കുന്നതിനും ഭാരവാഹികളോട് ചേർന്ന് സഹകരിക്കുക. 2) കലാപരിപാടികൾക്ക് നേതൃത്വം നൽകുക, അവതരിപ്പിക്കുക. 3) ബൈബിൾ പഠന പരിപാടികളിൽ പങ്കെടുക്കുക, മത്സരങ്ങൾ സംഘടിപ്പിക്കുക (ബൈബിൾ ക്വിസ്സ്, കൂടുതൽ വചനങ്ങൾ പഠിക്കൽ, ജനറൽ ക്വിസ്സ്, സഭാക്വിസ്സ് എന്നിവയോട് സഹകരിക്കുക) |
| **കെ.സി.വൈ.എം, എസ്.എം.വൈ.എം.** | കുടുംബ കൂട്ടായ്മ വർഷവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളോടും പൂർണ്ണമായി സഹകരിക്കുക |
| **ഫാമിലി അപ്പസ്റ്റോലേറ്റ്** | കൂട്ടായ്മയിലെ വനിതാ പ്രതിനിധികൾ അല്ലെങ്കിൽ മാതൃവേദി അംഗങ്ങൾ കുടുംബങ്ങളുടെ സമ്പൂർണ്ണ ലിസ്റ്റ് ശേഖരിക്കുക.മാതൃവേദിയുടെ പ്രവർത്തനങ്ങളെ കുറിച്ച് കൂട്ടായ്മയിൽ ചർച്ചകൾ നടത്തുക. കൂട്ടായ്മ ലീഡേഴ്സായ മാതൃവേദി അംഗങ്ങൾ ഒരുമിച്ച് രോഗീസന്ദർശനം നടത്തുക, കൂട്ടായ്മയിൽ പങ്കെടുക്കാത്ത കുടുംബങ്ങളെ സന്ദർശിച്ച് വരാൻ പ്രോത്സാഹിപ്പിക്കുക.കൂടുതൽ മക്കളുള്ള കുടുംബങ്ങളെ യൂണിറ്റ് തലത്തിൽ ആദരിക്കൽ. |
| **ടി.എസ്.എസ്.എസ്** | 500 കർഷകരെ പ്രത്യേകം തിരഞ്ഞെടുത്ത് മഞ്ഞൾ, ഇഞ്ചി, മുളക് എന്നീ സാധനങ്ങൾ സംഭരിക്കുക. |
| **ആദം** | ആംഗ്യഭാഷക്കാർക്കായി നോമ്പുകാല ധ്യാനം.മലയാറ്റൂർ തീർത്ഥാടനം |
| **ഇൻഫാം** | കുടുംബകൂട്ടായ്മയിൽ കൂടുതൽ കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കൽ. |
| **ഫ്രൂട്ട്സ് & എ.കെ.സി.സി** | എ.കെ.സി.സി.യുടെ നേതൃത്വത്തിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങുന്നു.ഇടവകയിലെ ഏറ്റവും നല്ല കൂട്ടായ്മയ്ക്കും ഫൊറോനയിലെ ഏറ്റവും നല്ല ഇടവകയ്ക്കും സമ്മാനം നല്കുക. കൂട്ടായ്മകൾ സന്ദർശിച്ച് ശക്തിപ്പെടുത്തുക കുട്ടികളുടെ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ച് ഇടവക ദിനം ആഘോഷിക്കുക. |
| **മദ്യവിരുദ്ധസമിതി, എ.ഡി.എസ്.യു, മുക്തിശ്രീ** | നോമ്പുകാല കുരിശിന്റെ വഴി-ലഹരിമുക്ത സഭയ്ക്കായ്. ഫൊറോനാ തലത്തിൽ ഏകദിന മധ്യസ്ഥ പ്രാർത്ഥന |

**ഫാ. ഫിലിപ്പ് കവിയിൽ**
അജപാലന ഏകോപനസമിതി കോഡിനേറ്റർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

പ്രിയബഹുമാനപ്പെട്ട അച്ചാ/ സുഹൃത്തുക്കളെ, കുടുംബ കൂട്ടായ്മ ഓഫീസിൽനിന്ന് ആശംസകൾ!

1. കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്ന് വരികയാണെന്ന് വിചാരിക്കുന്നു. കൂട്ടായ്മകളിൽ പോയി തിരഞ്ഞെടുപ്പ് നടത്തുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണെന്ന് അറിയാം. അച്ചന്റെ ത്യാഗത്തിന് നന്ദി പറയുന്നു. നല്ല കഴിവും സഭാസ്നേഹവുമുള്ള ആളുകളെ തിരഞ്ഞെടുക്കുവാൻ ശ്രമിക്കുമല്ലോ. സംഘടനകൾക്കും പ്രതിനിധികളെ നിശ്ചയിക്കുവാൻ മറക്കരുതേ.
2. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ ലിസ്റ്റ് കഴിയുന്നതും വേഗം ഫ്രൂട്ട്സ് ഓഫീസിലേക്ക് എത്തിച്ച് തരുമല്ലോ. ഓരോ യൂണിറ്റിനും വേണ്ട ഫോറം കൊടുത്ത് വിട്ടിരുന്നു. കിട്ടിയിട്ടില്ലെങ്കിൽ ഇതിന്റെ ഫോട്ടോകോപ്പി എടുത്ത് ഉപയോഗിക്കാം (ഓഫീസിൽ വന്നാൽ കൂടുതൽ ലഭിക്കും).
3. ഇനി പുതിയ റിപ്പോർട്ട് ബുക്കാണ് ഉപയോഗിക്കേണ്ടത്. കിട്ടിക്കാണുമെന്ന് വിചാരിക്കുന്നു. (പഴയ റിപ്പോർട്ട് ബുക്കുകൾ ഇടവകയിൽ ശേഖരിച്ച് വെക്കണം. മാർച്ച് മാസത്തിന് ശേഷം പരിശോധിച്ച് വിലയിരുത്തുന്നതാണ്). അതിന്റെ തുക താഴെ കാണുന്ന നമ്പറിലേക്ക് അയച്ച് തരണേ (അല്ലെങ്കിൽ കൊടുത്ത് വിടാം). കഴിഞ്ഞ വർഷത്തെ ബുക്കുകളുടെ വില കുറച്ച് പേർ കൂടി തരാനുണ്ട്.

DIRECTOR FRUITS, A/c. No. 0078053000077628,
South Indian Bank - Thalassery. IFSC: SIBL0000078

4. കുടുംബകൂട്ടായ്മയുടെ ഓഫീസിന്റെ ചിലവുകൾ, അലവൻസ്, ശമ്പളം, യാത്രാചിലവുകൾ എന്നിവ സ്വന്തം നിലയിൽ കണ്ടെത്തേണ്ട അവസ്ഥയാണ്. അതിനാൽ സാമ്പത്തിക വിഷമമുണ്ട്. നിങ്ങൾക്ക് ചെറിയ തുകയാണ്. പലരാകുമ്പോൾ വലിയ തുക ബാധ്യതയാകും. പുസ്തകങ്ങളും ലഘുലേഖകളും അടിച്ചതിന്റെ പണം പ്രസ്സിൽ കൊടുക്കാനുണ്ട്. അതിനാൽ സ്നേഹപൂർവ്വം താഴെ സൂചിപ്പിച്ച തുക എത്രയും പെട്ടന്ന് തന്ന് സഹായിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.
5. കുടുംബകൂട്ടായ്മകൾ വളരെ സജീവമായാൽ ഇടവകയിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും ഉണർവ്വും വളർച്ചയുമുണ്ടാകും. അതിനാൽ മാസത്തിലൊരിക്കൽ കൂട്ടായ്മകൾ മുടങ്ങാതെ പ്രാർത്ഥന, മീറ്റിംഗ്, ഭക്ഷണം ഇവ ക്രമീകരിച്ച് നന്നായി നടത്തുവാൻ പരിശ്രമിക്കുമല്ലോ.
6. കർഷകരുടെ സമഗ്ര വികസനത്തിന് സാധിക്കുന്ന എന്തൊക്കെ പദ്ധതികൾ നമ്മുടെ കൂട്ടായ്മയിൽ ചെയ്യുവാൻ സാധിക്കും എന്ന് ചർച്ച ചെയ്യണം.

– ആശയപരമായ മുദ്രാവാക്യങ്ങളേക്കാൾ പ്രായോഗികമായി എന്തൊക്കെ ചെയ്യാ

മെന്ന് കൂട്ടായ്മയിൽ ആലോചിക്കുക.

ഉദാ:- 1. ഒന്നിച്ച് പച്ചക്കറി കൃഷി ചെയ്യുക

2. ഈ കുടുംബ കൂട്ടായ്മ, സ്വാശ്രയ സംഘങ്ങളാക്കി മാറ്റാൻ കഴിയില്ലേ?

3. നമുക്ക് ഒരു ചിട്ടി തുടങ്ങിയാലോ?

4. കർഷക കൂട്ടായ്മയുടെ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്താലോ?

നിങ്ങളുടെ നല്ല നിർദ്ദേശങ്ങൾ ഓഫീസിലേക്ക് അയച്ച് തന്നാൽ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സഹായകരമാകും.

## കുടുംബ കൂട്ടായ്മ പ്രസിഡണ്ടുമാരുടെ ശ്രദ്ധയ്ക്ക്

1. നോമ്പ് കാലത്തേക്ക് നാം കടക്കുകയാണല്ലോ. നോമ്പ് എടുക്കുവാനും കൃത്യമായി പാലിക്കുവാനും കൂട്ടായ്മയിലെ മുഴുവൻ അംഗങ്ങളെയും ഓർമ്മിപ്പിക്കണം. മാംസവർജ്ജനം ആചരിച്ചും ത്യാഗങ്ങൾ അനുഷ്ഠിച്ചും പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്തിയും നോമ്പ് കാലത്തെ സജീവമായി സ്വീകരിക്കുവാൻ ഈ മാസത്തെ കൂട്ടായ്മയിൽ ഉദ്ബോധിപ്പിക്കണം.
2. ഈ മാസത്തെ കുടുംബ കൂട്ടായ്മ കുരിശിന്റെ വഴിയായി നടത്താം. പ്രാരംഭ പ്രാർത്ഥനയ്ക്കായി ഒരു വീട്ടിൽ ഒന്നിച്ച് ചേരുന്നു. അതിന് ശേഷം ഗാനമാലപിച്ച് ഒന്നാം സ്ഥലത്തെ പ്രാർത്ഥന ചൊല്ലുന്നു. ഗാനമാലപിച്ചുകൊണ്ട് രണ്ടാം സ്ഥലത്തേക്ക്. ഇങ്ങനെ പതിനാല് സ്ഥലങ്ങൾക്കുശേഷം സമാപന പ്രാർത്ഥന ആ മാസം ഒന്നിച്ച് ചേരേണ്ട വീട്ടിൽ നടത്തുന്നു. അവിടെവച്ച് സന്ദേശവും ചർച്ചകളും മീറ്റിംഗും ഭക്ഷണവും ക്രമീകരിക്കുന്നു. കുരിശിന്റെ വഴിയുടെ മുമ്പിൽ കുരിശും രണ്ട് തിരികളും പിടിക്കണം. കുരിശിന്റെ വഴിയുടെ ചിത്രങ്ങൾ ഓരോ വീടിന്റെയും മുമ്പിൽ അലങ്കരിച്ച് ഉയരത്തിൽ കാണാവുന്ന രീതിയിൽ വെയ്ക്കണം. സമാപന സ്ഥലത്ത് മാത്രമേ വിശ്രമവും ഭക്ഷണവും ഒരുക്കുവാൻ പാടുള്ളൂ. കുരിശിന്റെ വഴിയുടെ രണ്ട് ഗാനങ്ങളും പ്രാർത്ഥന പുസ്തകത്തിൽ ഉണ്ട്. (മാറി മാറി ഉപയോഗിക്കാം).
3. നോമ്പ് കാലത്ത് മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുക്കുന്നതും ജപമാല ഭവനത്തിൽ ചൊല്ലുന്നതും പ്രോത്സാഹിപ്പിക്കണം.
4. ധ്യാനകേന്ദ്രത്തിൽ പോയി ഒരു ധ്യാനം കൂടുന്നത് നല്ലതാണ് (മദർ ഹോം). ഇടവകകളിൽ ഒരുക്കപ്പെടുന്ന വാർഷിക ധ്യാനത്തിൽ കൂട്ടായ്മയിലെ മുഴുവൻ ആളുകളും പങ്ക് ചേരുന്നുണ്ടെന്ന് ഭാരവാഹികൾ ശ്രദ്ധിക്കണം.
5. നോമ്പുകാല ചൈതന്യത്തിൽ കൂട്ടായ്മയുടെ ഭാഗമായി കൂട്ടായ്മയിലെ അംഗങ്ങൾ ഒന്നുചേരുന്ന ഒരു കാരുണ്യപ്രവൃത്തി ചെയ്യുന്നത് മാതൃകാപരമാണ്. കിടപ്പ് രോഗികളെ സന്ദർശിക്കുന്നത്, അനാഥ മന്ദിരങ്ങളിൽ ശുശ്രൂഷ ചെയ്യുന്നത്, ആശുപത്രി സന്ദർശനം എന്നിവ അനുഗ്രഹപ്രദമാണ്.
6. നോമ്പുകാലത്തും അതിന് ശേഷവും കൂട്ടായ്മയിലെ അംഗങ്ങൾ ഒന്നുചേർന്ന് തീർത്ഥാടനം (മലയാറ്റൂർ) നടത്തുമ്പോൾ ഭക്തിയിലും അതിലൂടെ പരസ്പര ബന്ധത്തിലും ആഴപ്പെടാൻ സാധിക്കും.

നിങ്ങളുടെ സ്നേഹവും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട്,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### 1. MTh, Integrated MA Specialization വിഷയങ്ങളുടെ ക്ലാസ്സുകൾ

MTh, Integrated MA വിദ്യാർത്ഥികൾക്കായുള്ള Specialization വിഷയങ്ങളുടെ ക്ലാസ്സുകൾ തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് മാർച്ച് 14 ന് നടത്തപ്പെടുന്നു. എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. ഈ സെമസ്റ്ററിലെ എല്ലാ പുസ്തകങ്ങളും അന്നേദിവസം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതാണ്. താമസസ്ഥലം, ഭക്ഷണം എന്നിവ ആവശ്യമുള്ളവർ മുൻകൂർ രജിസ്റ്റർ ചെയ്ത് ഉറപ്പാക്കേണ്ടതാണ്.

### 2. ബി.റ്റി.എച്ച് സെമസ്റ്റർ പരീക്ഷകൾ

| തീയതി | വിഷയം | സമയം |
|---|---|---|
| 25.04.20 | വി. മർക്കോസിന്റെ സുവിശേഷം | 10.00 am - 12.00 pm |
| | കാനൻ നിയമം | 02.00 pm - 04.00 pm |
| 02.05.20 | സഭാവിജ്ഞാനീയം | 10.00 am - 12.00 pm |
| | ആരാധനാക്രമ ദൈവശാസ്ത്രം | 02.00 pm - 04.00 pm |

### 3. എം.റ്റി.ച്ച് സെമസ്റ്റർ പരീക്ഷകൾ

| | | |
|---|---|---|
| 25.04.20 | തത്വചിന്തയും ദൈവശാസ്ത്രവും | 10.00 am - 12.00 pm |
| | സിറിയക് ഭാഷാപഠനം | 02.00 pm - 04.00 pm |
| 02.05.20 | സാമൂഹ്യനീതി ബൈബിളിൽ | 10.00 am - 12.00 pm |
| | സഭാപിതാക്കന്മാരുടെ വി.ഗ്രന്ഥ വ്യാഖ്യാനം | 02.00 pm - 04.00 pm |
| | ധാർമ്മിക ദൈവശാസ്ത്രം | 02.00 pm - 04.00 pm |
| 09.05.20 | അപ്രമാണിക ഗ്രന്ഥങ്ങൾ | 10.00 am - 12.00 pm |
| | സുവിശേഷവൽക്കരണം | 10.00 am - 12.00 pm |
| | ദൈവശാസ്ത്ര സമീപനങ്ങൾ | |
| | കരുണയുടെ ദൈവശാസ്ത്രം | 10.00 am - 12.00 pm |

### 4. പ്രിപ്പറേറ്ററി ക്ലാസ്സ്: മാർച്ച് 11 ന് തലശ്ശേരിയിൽ

വിവിധ ദൈവശാസ്ത്ര വിഷയങ്ങളുടെ ക്ലാസ്സ് എടുക്കുന്നവർക്കു വേണ്ടിയുള്ള പ്രിപ്പറേറ്ററി ക്ലാസ്സുകൾ മാർച്ച് 11 ന് വൈകുന്നേരം 3 മണി മുതൽ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.

### 5. PhD പ്രീ-ഡിഫൻസ്

ഗവേഷണ വിദ്യാർത്ഥിയായ ഡോ. ജോയ് ഫ്രാൻസിസ് സമർപ്പിച്ചിരിക്കുന്ന പ്രബന്ധത്തിന്മേലുള്ള പ്രീ-ഡിഫൻസ് മാർച്ച് 30 ന് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെയും മറ്റ് പ്രൊഫസർമാരുടെയും നേതൃത്വത്തിൽ രാവിലെ 9.30 ന് തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽവച്ച് നടത്തപ്പെടുന്നതാണ്.

### 6. ഗവേഷണ വിദ്യാർത്ഥികളുടെ മീറ്റിംഗ്: മാർച്ച് 21 ന്

ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായുള്ള ഏകദിനസെമിനാർ 21.03.2020 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടക്കുന്ന സെമിനാറിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ തങ്ങളുടെ താമസസ്ഥലം, ഭക്ഷണം എന്നിവ മുൻകൂർ രജിസ്റ്റർ ചെയ്ത് ഉറപ്പാക്കേണ്ടതാണ്. രജിസ്ട്രേഷൻ alphits @ gmail.com എന്ന ഇ-മെയിൽ വഴി നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ തങ്ങളുടെ ഗവേഷണത്തിന്റെ ഇതുവരെയുള്ള പുരോഗമനത്തെക്കുറിച്ച് ഒരു റിപ്പോർട്ട് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. Annual Progress Report - ന്റെ ഫോം നിങ്ങളുടെ ഇ-മെയിലിൽ ലഭിക്കുന്നതാണ്. കൂടാതെ, അന്നേദിവസം ഓരോ വിദ്യാർത്ഥിയുടെയും ഗവേഷണപുരോഗതി വിലയിരുത്തപ്പെടുകയും എപ്രകാരം മുൻപോട്ട് നീങ്ങണമെന്ന് തീരുമാനിക്കപ്പെടുകയും ചെയ്യുന്നതാണ്.

### 7. റസിഡൻഷ്യൽ ക്ലാസ്സ്: ഏപ്രിൽ 17,18 തിയ്യതികളിൽ

2019 – 20 അദ്ധ്യയനവർഷത്തിൽ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കായി ഏപ്രിൽ 17 നും 18 നും തലശ്ശേരി സന്ദേശഭവനിൽവച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കുന്നവർ അവരുടെ പേരും പങ്കെടുക്കേണ്ട വിഷയവും ആൽഫയുടെ ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. വിഷയങ്ങളും ക്ലാസ്സുകളുടെ സമയവിവരങ്ങളും അടുത്ത മാസത്തെ ബുള്ളറ്റിനിൽ നല്കുന്നതായിരിക്കും.

സ്നേഹപൂർവ്വം,

| | |
|---|---|
| **ഫാ. കുര്യാക്കോസ് കാരക്കാട്ട്** | **ഫാ. ഫിലിപ്പ് കവിയിൽ** |
| അസി. ഡയറക്ടർ | എക്സി. ഡയറക്ടർ |

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ പീഡാനുഭവങ്ങളെ തിരിച്ച് ധ്യാനിച്ചും, രക്ഷാകര രഹസ്യങ്ങളിലൂടെ തീർത്ഥാടനം നടത്തിയും വിശുദ്ധി പ്രാപിക്കാൻ ഒരു നോമ്പുകാലംകൂടി അടുത്തെത്തിയിരിക്കുന്നു. മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ സങ്കീർണ്ണതയായ സഹനത്തിന് പീഢാസഹനത്തിലൂടെ രക്ഷ പകർന്ന ഈശോയുടെ സഹനങ്ങളിൽ പങ്കുചേർന്ന് വിശുദ്ധിയിൽ ജീവിക്കുവാൻ ഈ നോമ്പുകാലത്തിൽ നമുക്ക് സാധിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. യൗസേപ്പിതാവ് |
| പ്രാർത്ഥനാനിയോഗം | : | കുടുംബങ്ങളുടെ വിശുദ്ധീകരണം |
| വചനഭേരി | : | ലോഗോസ് 2020 സുവിശേഷഭാഗം മനഃപാഠമാക്കുക |
| സുകൃതം | : | 72 തിരുഹൃദയജപമാല |
| ദിയാക്കോണിയ | : | സമാധാനസന്ദേശം |

## ശാഖകൾ ശ്രദ്ധിക്കാൻ

24 തിങ്കൾ : അൻപത് നോമ്പ് ആരംഭം (വിഭൂതി)

19 വ്യാഴം : വി.യൗസേപ്പിതാവിന്റെ തിരുനാൾ

19 വ്യാഴം : മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഫീസ്റ്റ്

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, SSLC, +2 വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

## ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2019 - 20 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും കണക്കും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും വാർഷിക റിപ്പോർട്ട് മെയ് 31 ന് മേഖലാ ഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2020 - 2021 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ നടത്തണം. (സീനിയർ ഭാരവാഹികൾ 5 പേർ, ജൂനിയർ ഭാരവാഹികൾ 4 പേർ എന്നിവരെയാണ് തിരഞ്ഞെടുക്കേണ്ടത്.)

## ദിയാക്കോണിയ

ദിയാക്കോണിയായുടെ ഭാഗമായി സംഘടനകളുടെ നേതൃത്വത്തിൽ ഫെബ്രുവരി – മാർച്ച് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ഫെബ്രുവരി മാസത്തിലെ ഗിരിദീപം പേജ് 41 കാണുക.

## എം റ്റി സി ക്യാമ്പ്

മേഖലകളിൽ രണ്ടാമത്തെ എം റ്റി സി ക്യാമ്പ് നടത്തിക്കഴിഞ്ഞു എന്ന് കരുതുന്നു. ഇനിയും ഏതെങ്കിലും മേഖലകളിൽ നടത്തിയിട്ടില്ലെങ്കിൽ എത്രയും പെട്ടന്ന് നടത്തി 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ അതിരൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഫോമിൽ എഴുതി ഫെബ്രുവരി 29–ാം തിയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരേണ്ടതാണ്. മേഖലകളിൽ ക്യാമ്പ് നടത്താതെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. അതിരൂപതാ ക്യാമ്പ് തയ്യേനി ശാഖയിൽ വച്ച് ഏപ്രിൽ 17 ന് വൈകുന്നേരം ആരംഭിച്ച് 20 ന് രാവിലെ സമാപിക്കുന്നതായിരിക്കും.

## ക്രിസ്റ്റീൻ ധ്യാനം

5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും ക്രിസ്റ്റീൻ ടീമിന്റെയും നേതൃത്വത്തിൽ ഏപ്രിൽ 13 മുതൽ 17 വരെയും മെയ് 17 മുതൽ 21 വരെയും പരിയാരം മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : – 9446567101

## ദി ലീഡർ (നേതൃത്വ പരിശീലന ശില്പശാല)

2020 മെയ് 6 മുതൽ 9 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലും മെയ് 11 മുതൽ 14 വരെ തലശ്ശേരി സന്ദേശഭവനിലും വച്ച് ദി ലീഡർ (നേതൃത്വ പരിശീലന ശില്പശാല) നടത്തുന്നു. അതിരൂപതയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകരെയും ആണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത് ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന ആദ്യം പേരു നൽകുന്ന 80 കുട്ടികൾക്കായി സാൻജോസ് അക്കാഡമിയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് നേതൃത്വ പരിശിലന ശില്പശാല നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കഡമി ഫോൺ : 9496850441, 8281750777

മിഷൻലീഗ് ഓഫീസ് ഫോൺ : 9496900845, 8281255847

**മേഖലാ സന്ദർശനങ്ങൾ:** മാർച്ച് 15 നും 30 നും ഇടയിൽ അതിരൂപതാ ടീം എല്ലാ മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലകളിൽ വരുന്ന തിയതികൾ അറിയിക്കുന്നതായിരിക്കും. മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാ റെക്കോർഡുകളും കൃത്യമായി എഴുതി വയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ്

മിഷൻലീഗ് – തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2020 – 2021 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഫെബ്രുവരി 21–ാം തിയതി വെള്ളിയാഴ്ച 10.30 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് എന്നിവരുടെ സംഗമം നടന്നു. 13 ഫൊറോനകളിൽ നിന്നുമായി 26 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി.

## ഹൃദയം നിറഞ്ഞ നന്ദി, സ്വാഗതം

ജ്വലിക്കുന്ന തീക്ഷ്ണതയാൽ കർമ്മധീരതയോടെ കഴിഞ്ഞ ഏഴ് മാസക്കാലം ചെറുപുഷ്പ മിഷൻലീഗിനെ നയിച്ച എടൂർ മേഖല ഡയറക്ടർ ജോൺസൺ പുലിയുറുമ്പിൽ അച്ചനും, തളിപ്പറമ്പ് മേഖല ഡയറക്ടർ കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ അച്ചനും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. തളിപ്പറമ്പ് മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ജോൺസൺ പുലിയുറുമ്പിൽ അച്ചന് ഹൃദ്യമായ സ്വാഗതം.

## അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാകാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിക്കാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ടീം ക്വിസ്സ്

2020 ജനുവരി 25–ാം തിയതി ചെമ്പേരിയിൽ വച്ച് നടന്ന ടീം ക്വിസ്സ് മത്സരത്തിൽ 13 മേഖലകളിൽ നിന്നുമായി 78 കുട്ടികൾ പങ്കെടുത്തു. 173 പോയിന്റോടെ ആലക്കോട് മേഖല ഒന്നാം സ്ഥാനവും, 172 പോയിന്റോടെ പേരാവൂർ മേഖല രണ്ടാം സ്ഥാനവും, 169 പോയിന്റോടെ കുന്നോത്ത് മേഖല മൂന്നാം സ്ഥാനവും, കലസ്ഥമാക്കി. തിരുമേനി ശാഖയിലെ ആൻമരിയ പാറേക്കാട്ടിൽ ഏറ്റവും കൂടുതൽ പോയിന്റു നേടി വ്യക്തിഗത സമ്മാനം നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ. മനോഹരമായി ആകർഷകമായ മത്സരം നടത്തിയ ക്വിസ് മാസ്റ്റർ ഫാ. ജേക്കബ് പഞ്ഞിക്കുന്നേലിനും സഹായിച്ച ഫാ. മൈക്കിൾ മഞ്ഞക്കുന്നേലിനും അഭിനന്ദനങ്ങൾ.

## നവവൈദികരെ ആദരിച്ചു

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ അതിരൂപതാ ഓഫീസിൽ വച്ച് ഈ വർഷം വൈദിക പട്ടം സ്വീകരിച്ച നവവൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും പ്രേഷിത ആഭിമുഖ്യമുള്ള നല്ല മിഷനറിമാരായിത്തീരാനുള്ള ആശംസകൾ നേരുകയും ചെയ്തു.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

2020 ജനുവരി 25-ാം തിയതി ചെമ്പേരിയിൽ വച്ച് നടന്ന അതിരൂപതാതല വൈസ് ഡയറക്ടേഴ്സ് സംഗമം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. രാവിലെ 9.15 ന് വി. കുർബാനയോടെ ആരംഭിച്ച മീറ്റിംഗിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അദ്ധ്യക്ഷത വഹിച്ചു. 2019 – 20 വർഷത്തെക്കുറിച്ചുള്ള വിലയിരുത്തലും വിവിധ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ

സാമ്പൽപൂരിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. കോട്ടൂർ, ചരൾ, ചുണ്ടപ്പറമ്പ്, കുടിയാൻമല, കാഞ്ഞിരടുക്കം, കണ്ണിവയൽ, പുളിങ്ങോം, കോളയാട്, കണിച്ചാർ, കല്ലുമുതിരക്കുന്ന്, എടപ്പുഴ, കോഴിച്ചാൽ, മഞ്ഞളാംപുറം, മണ്ടളം, പൂപ്പറമ്പ്, ചെറുപുഴ, തിരുമേനി, രാജമുടി, മുണ്ടാനൂർ, കല്ലുവയൽ, കാഞ്ഞിരക്കൊല്ലി, വരക്കാട്, പേരാവൂർ, ആയന്നൂർ, പരപ്പ, പൊട്ടംപ്ലാവ്, കോട്ടൂർവയൽ, ശ്രീകണ്ഠാപുരം, എടൂർ, കുന്നോത്ത്, കരയത്തുംചാൽ, നാട്ടക്കൽ, കാർത്തികപുരം, പാലാവയൽ, കമ്പല്ലൂർ, രാജഗിരി, കാവുന്തല, അരിവിളഞ്ഞപോയിൽ, പുഞ്ച, ദീപഗിരി, നെല്ലിക്കുന്ന്, മണക്കടവ്, തോമാപുരം, ബദിയടുക്ക, കോലുവള്ളി, കച്ചേരിക്കടവ് എന്നീ ശാഖകളോടുള്ള അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## ദൈവവിളി ക്യാമ്പ്

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാർച്ച് 28 ശനി മുതൽ മാർച്ച് 31 ചൊവ്വ 2 മണിവരെ വിവിധ സെന്ററുകളിൽ വച്ച് നടക്കുന്ന ദൈവവിളി ക്യാമ്പിലേയ്ക്ക് 10-ാംക്ലാസ്സിലും 12-ാം ക്ലാസ്സിലും പരീക്ഷ എഴുതി നിൽക്കുന്ന കുട്ടികളെ പറഞ്ഞയയ്ക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം നെല്ലിക്കാംപോയിൽ മേഖല കാഞ്ഞിരക്കൊല്ലി ശാഖയിലെ ജയിംസ് ആനിത്തോട്ടം എന്ന വ്യക്തിക്ക് ആടിനെ നൽകി. നെല്ലിക്കാംപോയിൽ മേഖലയ്ക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## സെമിനാറുകൾ, ക്യാമ്പുകൾ

8-2-20 ന് മേരിഗിരി മേഖലാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ പങ്കെടുത്തു. 8-2-20 ന് മേരിഗിരി മേഖലയിൽ എം റ്റി സി ക്ലാസ്സ് കുട്ടികൾക്ക് ബേബി സാർ ക്ലാസ്സ് എടുത്തു. 14.2.20 ന് കല്ലുവയൽ ശാഖയിലെ ഭാരവാഹികളെ ഡയറക്ടർ സന്ദർശിച്ചു. 15.2.20 ന് ഇരിട്ടി ശാഖയിലെ ഭാരവാഹികളെ ഡയറക്ടർ സന്ദർശിച്ചു. 15.2.20ന് കാഞ്ഞങ്ങാട് റീജിയണൽ സംഗമത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ പങ്കെടു

ത്തു. 16.2.20 ന് പേരാവൂർ മേഖല എക്സിക്യൂട്ടീവിൽ അതിരൂപതാ ഡയറക്ടറും, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലും പങ്കെടുത്തു. 21.2.20 ന് പാലാവയൽ ശാഖയിൽ ബേബിസാർ ഏകദിന സെമിനാർ നടത്തി. 21.2.20 ന് കുന്നോത്ത് മേഖല എം റ്റി സി ക്യാമ്പിൽ ഡയറക്ടർ ക്ലാസ്സ് എടുത്തു.

## ശാഖാ സന്ദർശനങ്ങൾ

**19.01.20 ഞായർ :** കുന്നോത്ത് മേഖലയിലെ 9 ശാഖകളും, പേരാവൂർ മേഖലയിലെ 1 ശാഖയും, കാഞ്ഞങ്ങാട് മേഖലയിലെ 1 ശാഖയും, തളിപ്പറമ്പ് മേഖലയിലെ 1 ശാഖയും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അങ്ങാടിക്കടവ് - സി. ടെർസിറ്റ NS, ആനപ്പന്തി - മാണി കണിയാരോലിക്കൽ, കിളിയന്തറ- സി ലിസ്ബിൻ CHF, കുന്നോത്ത് - സി അർച്ചന F C C , മാടത്തിൽ - സി. റോഷ്നി F C C , മുടയറഞ്ഞി - ജെറിൻ ചേമ്പാലക്കുന്നേൽ, പെരിങ്കരി - ബിജു മണ്ണനാൽ, രണ്ടാംകടവ് - ജോബി പനച്ചിക്കൽകരോട്ട്, വാണിയപ്പാറ - സി.ടെർസിറ്റNS, തളിപ്പറമ്പ് - സജികുന്നത്ത്, എടത്തൊട്ടി - സി. റോസിലി F C C , ബദിയടുക്ക - സി. മരിയറ്റ് M S M I.

**26.01.2020 ഞായർ :** കുന്നോത്ത് മേഖലയിലെ 4 ശാഖകളും, പേരാവൂർ മേഖലയിലെ 1 ശാഖയും, വെള്ളരിക്കുണ്ട് മേഖലയിലെ 1 ശാഖയും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. കൊളക്കാട് സി. ടെർസിറ്റ NS, കൊന്നക്കാട് - ബേബി പ്ലാശ്ശേരി, പേരട്ട - മാണി കണിയാരോലിക്കൽ, പാലത്തിൻകടവ് -ജോബി പനച്ചിക്കൽകരോട്ട്, കച്ചേരിക്കടവ് - ജെറിൻ ചേമ്പാലക്കുന്നേൽ, എടക്കാനം - ജോയൽ കൈച്ചിറമറ്റത്തിൽ.

**2.02.2020 ഞായർ :** തളിപ്പറമ്പ് മേഖലയിലെ 2 ശാഖകളും, കുന്നോത്ത് മേഖലയിലെ 1 ശാഖയും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. പരിയാരം - സി അർച്ചന F C C , പയ്യന്നൂർ - സി. റോസിലി F C C , ചരൾ - സി. ടെർസിറ്റ NS,

**9.02.2020 ഞായർ :** തളിപ്പറമ്പ് മേഖലയിലെ 1 ശാഖ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. മേലെചൊവ്വ -സജികുന്നത്ത്,

**16.02.2020 ഞായർ :** കാഞ്ഞങ്ങാട് മേഖലയിലെ 1 ശാഖ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. കോടോത്ത് - ബിജു കൊച്ചുപൂവക്കോട്ട്.

## ആദരാഞ്ജലികൾ

മുൻ അതിരൂപതാ വൈസ് ഡയറക്ടർ സി.ഡോണ എഫ് സി സി യുടെ വത്സല പിതാവ് ജോർജ് മുതുകാട്ടിലിന്റെയും, പൈസക്കിരി മേഖല മുൻ പ്രസിഡന്റ് വർഗ്ഗീസ് കുളത്തിങ്കലിന്റെ വത്സല പിതാവ് മർക്കോസ് കുളത്തിങ്കലിന്റെയും ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**

അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈശോയുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന നോമ്പ് കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തികളിലൂടെ ഈശോയ്ക്ക് ഇഷ്ടമുള്ള കുട്ടികളായിത്തീരാനും നമുക്ക് പരിശ്രമിക്കാം. പാപം ചെയ്ത് ഈശോയെ വേദനിപ്പിക്കാതെ നന്മയിൽ വളരാൻ വിശുദ്ധരായി ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

## തിരുബാലസഖ്യദിനം

അതിരൂപതാതല തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 9-ാം തിയതി കാസർഗോഡ് ശാഖയിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. കാസർഗോഡ് വികാരി ഫാ. മാണി മേൽവട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ശാഖാ ആനിമേറ്റർ സി. ഷാരോൺ എസ് എ ബി എസ് എവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കുട്ടികളോട് സംസാരിച്ചു. കാസർഗോഡ് അസി. വികാരി ജേക്കബ് പടിഞ്ഞാറയിൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജെയിംസ് ചിറയിൽ, അതിരൂപതാ വൈസ് ഡയറക്ടർ സി റോഷ്നി എഫ് സി സി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മനോഹരമായ വിശ്വാസ പ്രഘോഷണ റാലിയും, കലാപരിപാടികളും തിരുബാലസഖ്യ ദിനത്തിന് മോടി കൂട്ടി. തിരുബാലസഖ്യദിനം ഏറ്റവും സമുചിതമായി നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാ ഡയറകട്ർ അച്ചന്മാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും കുഞ്ഞുമക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## തിരുബാലസഖ്യം ആനിമെറ്റേഴ്സ് മീറ്റിംഗ്

അതിരൂപതാ തിരുബാലസഖ്യം ആനിമെറ്റേഴ്സ് മീറ്റിംഗ് 2020 ജനുവരി 25-ാം തിയതി ചെമ്പേരിയിൽ വച്ച് നടന്നു. രാവിലെ 9.15 ന് വി. കുർബാനയോടെ ആരംഭിച്ച മീറ്റിംഗ് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. 2019 – 20 വർഷത്തെക്കുറിച്ചുള്ള വിലയിരുത്തലും വിവിധ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. മീറ്റിംഗിൽ സംബന്ധിച്ച എല്ലാ വൈസ് ഡയറക്ടേഴ്സിനെയും സമ്മാനങ്ങൾ നൽകി ആദരിച്ചു. ഉച്ച ഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു. മീറ്റിംഗിന്റെ വിജയത്തിനായി

എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന ചെമ്പേരി ഫൊറോന വികാരി വെരി. റവ.ഡോ. ജോർജ് കാഞ്ഞിരക്കാട്ടച്ചനും കൊച്ചച്ചൻമാർക്കും എല്ലാ വിശ്വാസ പരിശീലകർക്കും ചെറുപുഷ്പ മിഷൻലീഗ് ചെമ്പേരി മേഖല-ശാഖാ ഭാരവാഹികൾക്കും പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദി.

## അഭിവന്ദ്യപിതാവിന്റെ തിരുനാൾ

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**കാരുണ്യത്തിന്റെ കരം :** കൊച്ചുകൂട്ടുകാർ 50 നോമ്പിൽ ത്യാഗം ചെയ്ത് ശേഖരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

**കഥപറയൽ മത്സരം :** തിരുബാലസഖ്യം കുട്ടികൾക്കായി കഥ പറച്ചിൽ മത്സരം നടത്തുന്നു. ബൈബിൾ പുതിയ നിയമത്തിലെ ഏതെങ്കിലും ഒരുഭാഗം കഥയായി അവതരിപ്പിച്ച് വീഡിയോ അതിരൂപതയിലേക്ക് അയയ്ക്കുക. (ഉദാ: ധനവാനും ലാസറും, ധൂർത്തപുത്രൻ, സക്കേവൂസ്, ഉപമകൾ മുതലായവ......)

## നിബന്ധനകൾ

1. ഒരു ശാഖയിൽ നിന്നും ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം.
2. സമയം 5 മിനിറ്റിൽ കവിയരുത്
3. ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കഥ വീഡിയോ ആയി മാർച്ച് 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം E-Mail അയ്ക്കേണ്ടതാണ് (holychildhoodtly01@gmail.com). അയയ്ക്കുമ്പോൾ ഇടവക, കുട്ടിയുടെ പേര് വീട്ടുപേര്, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ ഉണ്ടായിരിക്കണം.
4. മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.
5. വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും

## അതിരൂപതാ സെൻട്രൽ ടീം മീറ്റിംഗ്


10.02.20 തിങ്കളാഴ്ച സന്ദേശഭവനിൽ വച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ അധ്യക്ഷതയിൽ അതിരൂപതാ സെൻട്രൽ ടീമിന്റെ മീറ്റിംഗ് നടത്തി.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ



**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## അതിരൂപത കൊട്ടത്തലച്ചി തീർത്ഥാടനം

തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ മലബാറിന്റെ മലയാറ്റൂർ എന്നറിയപ്പെടുന്ന കൊട്ടത്തലച്ചി മലയിലേക്കാണ് മാർച്ച് 29 -ാം തിയ്യതി ഞായറാഴ്ച ഉച്ചക്ക് 2 മണിക്കാണ് കുരിശിന്റെ വഴി ആരംഭിക്കുന്നത്. (ചെറുപുഴ ഫൊറോനയിലെ ചൂരപ്പടവ് ഇടവക) അതിരൂപതയിലെ മുഴുവൻ യുവജനങ്ങളെയും എല്ലാ ഡയറക്ടേഴ്സിനെയും, ആനിമേറ്റേഴ്സിനെയും, വിശ്വാസികളെയും സഹകരിക്കുന്നതിനും കുരിശിന്റെ വഴിയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിനും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## വനിതാ ദിനം

കെ സി വൈ എം, എസ് എം വൈ എം തലശ്ശരി അതിരൂപതാ വനിതാ ദിനാചരണം ആലക്കോട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ആലക്കോട് ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. മാർച്ച് 29 ന് രാവിലെ 9 മണിക്ക് ആരംഭിച്ച് 12 മണിക്ക് സമാപിക്കുന്ന പ്രോഗ്രാമിൽ വനിതകൾക്കായി സെമിനാറുകളും ലഫ് ജിഹാദുമായി ബന്ധപ്പെട്ട ക്ലാസ്സുകളും ഉണ്ടായിരിക്കും. ഓരോ ഫൊറോനയിൽ നിന്നും 20 യുവജനങ്ങളെ എങ്കിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം മാർച്ച് 20 ന് മുമ്പായി അതിരൂപത ഓഫീസിൽ അറിയിക്കുമല്ലോ.

## നിമിഷ മെമ്മോറിയൽ

പ്രിയപ്പെട്ട നിമിഷയുടെ ഓർമ്മക്കായ് നമ്മൾ ഒരുക്കുന്ന നിമിഷ മെമ്മോറിയൽ എൻഡോവ്മെന്റ്, ഫൊറോനയിൽ മറ്റാരെയും ഭാരപ്പെടുത്താത്ത രീതിയിൽ ഫണ്ട് സ്വരൂപിക്കാൻ ശ്രമിക്കുമല്ലോ. ഫൊറോന പ്രസിഡന്റുമാർ മറ്റ് യൂണിറ്റിലെയും ഭാരവാഹികളോട് പറഞ്ഞ് തങ്ങളുടെ വ്യക്തി ബന്ധങ്ങൾ വച്ച് ഇടവകകളിൽ നിന്നും 500, 1000 രൂപ വീതം ശേഖരിച്ചാൽ ബുദ്ധിമുട്ടുകൾ ഇല്ലാതെ ഈ ഫണ്ട് സ്വരൂപിക്കാൻ സാധിക്കും ഇക്കാര്യത്തിൽ പ്രസിഡന്റുമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## ഇലക്ഷൻ വിജ്ഞാപനം

കെ സി വൈ എം എസ് എം വൈ എം യുവജന പ്രസ്ഥാനത്തെ 2020-21 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കു

വാൻ പ്രപ്തരായ പുതിയ നേതൃത്വനിരയെ യുണിറ്റുതലത്തിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിലും, ഫൊറോന തലത്തിൽ മാർച്ച് 31 ന് ഉള്ളിലും തിരഞ്ഞെടുക്കേണ്ടതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് ഏപ്രിൽ 2–ാം തിയതിക്കുള്ളിൽ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ തലശ്ശേരി അതിരൂപതയിൽ എത്തിക്കേണ്ടതാണ്. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ള വർക്ക് മാത്രമെ ഇലക്ഷനിലും മത്സരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. ഐഡി കാർഡ് നിർബന്ധമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐഡി കാർഡ് ഏപ്രിൽ 2–ാം തിയതി വരെ അതിരൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകാ തലത്തിൽ ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും, അൽമായ ആനിമേറ്ററും കൂടാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്.

മാർച്ച് 31 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

## യൂണിറ്റ് എക്സിക്യുട്ടീവ് അംഗങ്ങൾ

| | |
|---|---|
| **ഡയറക്ടർ** | **ആനിമേറ്റർ, അൽമായ ആനിമേറ്റർ** |
| **പ്രസിഡന്റ്** | **വൈസ് പ്രസിഡന്റ** |
| **ജനറൽ സെക്രട്ടറി** | **സെക്രട്ടറി** |

**ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)** എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവകാ സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീ യുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കുക.

## ഫൊറോന എക്സിക്യുട്ടീവ് അംഗങ്ങൾ

| | |
|---|---|
| **ഡയറക്ടർ** | **ആനിമേറ്റർ, അൽമായ ആനിമേറ്റർ** |
| **പ്രസിഡന്റ്** | **വൈസ് പ്രസിഡന്റ്, ഡപ്യൂട്ടി പ്രസിഡന്റ്** |
| **ജനറൽ സെക്രട്ടറി** | **സെക്രട്ടറി, ജോയിന്റ് സെക്രട്ടറി** |

**ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)** എന്നിവരായിരിക്കും ഫൊറോന ഭാരവാഹികൾ. യുവതീ യുവാക്കൻമാരുടെ പ്രതിനിധിയായി 3 പേർ വീതമെങ്കിലും എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കണം.

തെരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ

1. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ സാധിക്കുകയുള്ളു.

2. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ സാധിക്കുകയുള്ളു.
3. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്തതിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏൽക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
4. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, സ്ഥാനമൊഴിയുന്ന അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡണ്ടുമാർ, ഡപ്യൂട്ടി പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ഖജാൻജി, സ്ഥാനമൊഴിയുന്ന കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്)
5. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റ് പരിചയം ഉണ്ടായിരിക്കണം.
6. ഫൊറോനയിൽ നിന്നും വരുന്ന കൗൺസലർമാർ ഉൾപ്പെടെയുള്ള 9 ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.
7. അതിരൂപതയിൽ നിന്നും തിരഞ്ഞെടുക്കുന്ന കൗൺസിലർ അംഗങ്ങൾതന്നെയായിരിക്കും കെ സി വൈ എം ന്റെ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ.
8. 18 വയസ്സ് പൂർത്തിയാക്കിയ ഒരു യുവാവും യുവതിയും കൗൺസിലർമാർ ആയിരിക്കും. ഇവർ ഒരു വർഷമെങ്കിലും അതിരൂപത ഭാരവാഹികൾ ആയിരിക്കണം. കൗൺസിലർ പോസ്റ്റിലേക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകാല ഭാരവാഹികൾ ഇല്ലത്തപക്ഷം സെനറ്റ് പരിചയമുള്ള പെൺകുട്ടികൾക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതായിരിക്കും.
9. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുന്ന മുറയ്ക്ക് അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
10. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമെ വീണ്ടും മത്സരിക്കാൻ യോഗ്യത ഉണ്ടാതിരിക്കുകയുള്ളു.

## ex-officio

ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അഥിതികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനോ, വോട്ടവകാശമോ ഉണ്ടായിരിക്കുന്നതല്ല.

## പ്രായപരിധി

പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽ നിന്നും ഉണ്ടാകുന്നതുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെ

ങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരിക്കു കയും ആ പ്രവർത്തന വർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയസ്സാകുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാ കുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

## എക്സ്പ്ലോറ 2k20

2020 – 2021 പ്രവർത്തന വർഷത്തെക്കുള്ള കെ സി വൈ എം, എസ് എം വൈ എം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനു മായി എക്സ്പ്ലോറ 2k20 ഏപ്രിൽ 13,14 തിയതികളിലായി കുടിയാന്മല ഇടവ കയിൽ വച്ച് നടത്തപ്പെടുന്നു. 16 ഫൊറോനകളിൽ നിന്നുള്ള എല്ലാ ഫൊറോന ഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ തെരഞ്ഞെടുക്ക പ്പെടുവാനും വോട്ടവകാശവും ഉണ്ടായിരിക്കുകയുള്ളു. അതിരൂപതാ ഓഫീ സിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരി ക്കും. ഇടവക വികാരിയുടെയും ഫൊറോന ഡയറക്ടറുടെയും മാമ്മോദീസ സർട്ടിഫിക്കറ്റോടുകൂടിയ കത്തും മൽസരാർത്ഥികൾ അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

## ROOTS 2K19

### മേരിഗിരി ഫൊറോന

ROOTS 2K19 **ചെറുപാറ** യൂണിറ്റിൽ വച്ച് പെരിങ്ങാല, റയറോം, ചെറു പാറ, കോടോപ്പള്ളി, മേരിഗിരി എന്നീ യൂണിറ്റുകൾ ചേർന്ന് 09-02-2020 ന് റൂട്ട്സ് നടത്തി. 160 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ഫാ.ജോജോ പൊടി മറ്റം ഉദ്ഘാടനം ചെയ്തു. ഷിജിത്ത് തോമസ്സ് കുഴിവേലിൽ ക്ലാസ്സെടുത്തു. 5.30 ആരംഭിച്ച് 9.30 ന് സമാപിച്ച റൂട്ട്സിൽ അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്ത്, ആനിമേറ്റർ സി.പ്രീതി മരിയ, ഡെപ്യൂട്ടി പ്രസിഡന്റ് ടോമിൻ തോമസ്സ് പോൾ എന്നിവർ സന്നിഹിതരായിരുന്നു.

ROOTS 2K19 **പെരുമ്പടവ്** യൂണിറ്റിൽ വച്ച് പച്ചാണി, എടക്കോം, കാര്യാ പ്പള്ളി, വെള്ളരിയാനം, പെരുമ്പടവ്, വിമലശ്ശേരി എന്നീ യൂണിറ്റുകൾ ചേർന്ന് 15-02-2020 ന് 6 മണിക്ക് റൂട്ട്സ് ആരംഭിച്ചു. ഉദ്ഘാടന കർമ്മം റവ. ഫാ. ജോസഫ് പൂവത്തോലിൽ നിർവ്വഹിച്ചു. കെ സി വൈ എം മേരിഗിരി ഫൊറോന ഡയറ ക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ യുവജനങ്ങളോട് സംസാരിച്ചു. 9.45 ന് സമാ പിച്ച റൂട്ട്സിൽ 150 യുവജനങ്ങൾ പങ്കെടുത്തു.

### കാഞ്ഞങ്ങാട് ഫൊറോന

ROOTS 2K19 **നീലേശ്വരം** യൂണിറ്റിൽ വച്ച് പടന്നക്കാട്, ചായ്യോത്ത്, നെല്ലിയടുക്കം, ചീമേനി എന്നീ യൂണിറ്റുകൾ ചേർന്ന് 26-01-2020 ന് 5.30 റൂട്ട്സ്

ആരംഭിച്ചു. കെ സി വൈ എം സംസ്ഥാന ട്രഷറർ ലിജീഷ് മാർട്ടിൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 9.30 ന് സമാപിച്ച റൂട്ട്സിൽ 70 യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്തും മറ്റ് ഭാരവാഹികളും സന്നിഹിതരായിരുന്നു.

## തോമാപുരം ഫൊറോന

ROOTS 2K19 **കടുമേനി** ഇടവകയിൽ വച്ച് കമ്പല്ലൂർ, കടുമേനി, കുന്നുംകൈ, ബെഡൂർ, മണ്ഡപം, ആയന്നൂർ യൂണിറ്റുകൾ ചേർന്ന് 8-02-2020 ന് കടുമേനിയിൽ വച്ച് റൂട്ട്സ് നടത്തി. 250 യുവജനങ്ങൾ പങ്കെടുത്ത റൂട്ട്സ് തോമാപുരം ഫൊറോന വികാരി റവ. ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ ഉദ്ഘാടനം ചെയ്തു.

## അതിരൂപത ROOTS 2K19 സമാപനം

കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ 2019-2020 വർഷത്തിലെ വ്യത്യസ്ഥത നിറഞ്ഞ പ്രാഗ്രാമായിരുന്ന റൂട്ട്സ് അതിരൂപത തലത്തിൽ നെല്ലിക്കാംപൊയിൽ ഫൊറോനയിൽ വച്ച് സമാപിച്ചു. വേരുകളിലേക്ക് മടങ്ങുക എന്ന ഫ്രാൻസ്സിസ് മാർപാപ്പയുടെ ഉദ്ബോധനം അനുസ്മരിച്ച് കൊണ്ട് സംഘടിപ്പിച്ച റൂട്ട്സിന്റെ സമാപനം സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സംസാരിക്കട്ടെ സഭ ശ്രവിക്കുന്നു. യുവജനങ്ങൾ സംസാരിക്കുന്നത് കേൾക്കാനാണ് സഭ ആഗ്രഹിക്കുന്നത് എന്ന് യുവജനങ്ങളോടായി പിതാവ് പറഞ്ഞു. നെല്ലിക്കാംപൊയിൽ, വിളമന, കല്ലുവയൽ, ഇരിട്ടി, പടിയൂർ എന്നീ യൂണിറ്റുകളാണ് സമാപന സമ്മേളനത്തിൽ പങ്കെടുത്തവർ. രൂപതയിലെ ഫൊറോന പ്രസിഡന്റുമാരുടെ സാനിധ്യം സമാപന വേദിയെ അനുഗ്രഹീതമാക്കി.

വേരുകളിലേക്ക് മടങ്ങുക എന്ന ഫ്രാൻസീസ്സ് മാർപാപ്പായുടെ ആഹ്വാന പ്രകാരം കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത വേരുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ ROOTS 2K19 പേരിനെ സൂചിപ്പിക്കുന്നതത് പോലെ തന്നെ ഓരോ ഫൊറോനയും ഏറ്റെടുക്കുകയും റൂട്ട്സ് പ്രോഗ്രാം സംഘടിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനയോടു കൂടിയ ആഘോഷമായിരുന്നു പ്രധാന ആകർഷകത്വം. പഠന ശിബിരം, മോട്ടിവേഷൻ ക്ലാസ്സുകൾ, ഗെയിംസ്സെഷൻ, ജപമാല ഫയർക്യാമ്പ് തുടങ്ങിയവ ഓരോ ഫൊറോനയും വളരെ മികച്ച രീതിയിൽ തന്നെ ക്രമീകരിച്ചു. കാലഘട്ടത്തിന് അനുസരിച്ച് ഫ്രാൻസീസ്സ് മാർപാപ്പ വിഭാവനം ചെയ്ത പോലെ യുവജനങ്ങൾ ഒരുമിച്ച് കൂടുന്ന ഇടങ്ങൾ എങ്ങനെ ആയിരിക്കണം എന്ന് പറഞ്ഞ് വച്ചുവോ, അതേ വിധം എല്ലാ ഫൊറോനകളും ക്രമീകരിച്ച് യുവജനങ്ങൾക്ക് ഒരുമിച്ച് കൂടുവാൻ അവസരം ഒരുക്കി. പള്ളി മുറ്റം യുവജനങ്ങളുടെ സാനിധ്യം കൊണ്ടും, സന്തോഷം കൊണ്ടും ആഘോഷമാക്കി മാറ്റുവാൻ സഹകരിച്ച ബഹു. വികാരിയച്ചൻമാർ, ബഹു. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, കഠിനാ

ദ്ധ്യാനം ചെയ്ത ഫൊറോന പ്രസിഡന്റുമാർ, യൂണിറ്റ് ഭാരവാഹികൾ യുവജന സുഹൃത്തുക്കൾ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## സമ്പൂർണ്ണ ഡിജിറ്റലൈസിഡ് അഫിലിയേഷൻ

അതിരൂപതയിലെ 16 ഫൊറോനയിലെയും യുവജനങ്ങളുടെ അഫിലിയേഷൻലിസ്റ്റ് പൂർണ്ണമായും ഡിജിറ്റലൈസിഡ് ഡാറ്റ ബെയിസിലേക്ക് മാറ്റിയതിന്റെ സ്വിച്ച് ഓൺ കർമ്മം മാർ ജോസഫ് പാംപ്ലാനി പിതാവ് റൂട്ട്സിന്റെ സമാപന വേദിയിൽ നിർവ്വഹിച്ചു.

## മികച്ച യുവജന പ്രവർത്തകനുള്ള അവാർഡ്

കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ പ്രഥമ പ്രസിഡന്റ് ജോൺസൺ ജെ ഓടയ്ക്കലിന്റെ അനുസ്മരണാർത്ഥം അതിരൂപതയിലെ മികച്ച യുവജന പ്രവർത്തകന്/പ്രവ്രർത്തകയ്ക്ക് നൽകുന്ന യൂത്ത് എക്സലൻസ് അവാർഡ് റൂട്ട്സിന്റെ സമാപന വേദിയിൽ പ്രഖ്യാപിച്ചു. ആലക്കോട് ഫൊറോനയിലെ ഉദയഗിരി ഇടവകയിലെ ഷിജോ നിലയ്ക്കപ്പള്ളിയാണ് മികച്ച യുവജന പ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ടത്. ഷിജോയ്ക്ക് അതിരൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## "കടാപ്പുറം" - 2K20 തീരദേശ ക്യാമ്പ്

പ്രകൃതിയെ പഠിക്കാനും സൗഹൃദങ്ങൾ ആഘോഷിക്കുവാനുമായി തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം സംഘടിപ്പിച്ച തീരം ക്യാമ്പ് "കടാപ്പുറം" എന്ന പേരിൽ പടന്നക്കാട് റെഡ് മൂൺ ബേക്കൽ ബീച്ചിൽ വച്ച് ഫെബ്രുവരി 21,22,23 തിയ്യതികളിൽ (വെള്ളി, ശനി, ഞായർ) നടത്തപ്പെട്ടു. പടന്നക്കാട് പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. സണ്ണി തയ്യിൽ "കടാപ്പുറം" ഉദ്ഘാടനം ചെയ്തു. 65 യുവജനങ്ങൾ പങ്കെടുത്തു. 22 ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ പടന്നക്കാട് എസ്ഡി സിസ്റ്റേഴ്സ് നടത്തുന്ന സ്നേഹ സദനിൽ "കടാപ്പുറം" യുവജനങ്ങൾ അതിരൂപത കെ സി വൈ എം ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ സ്നേഹശുശ്രൂഷ ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ യുവജനങ്ങളെ സന്ദർശിച്ചു. വി. കുർബാന, തീരത്തുവച്ചുള്ള ജപമാല, ബീച്ച് ഗെയിംസ്, ക്രിയേറ്റീവ് വർക്ക് ഷോപ്പ്, റെയിഡർ, തിരത്ത് വച്ച് നടന്ന ഫയർ ക്യാമ്പ് എല്ലാം വ്യത്യസ്ഥത നിറഞ്ഞ അനുഭവങ്ങളായുരുന്നു. ഓൺലൈൻ വഴി നടത്തിയ രജിസ്ട്രേഷനും കടാപ്പുറം ഗ്രൂപ്പ് വഴി ക്യാമ്പിന് മുമ്പ് തുടങ്ങിയ വിത്യസ്ഥങ്ങളായ ടാസ്ക്കുകളും കടാപ്പുറം ക്യാമ്പിനെ കൂടുതൽ മനോഹരവും ഊർജ്ജസ്വലവുമാക്കി.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**

ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

866,867,868 എം.പി.സി കോഴ്സ് ജനുവരി 21-23, ഫെബ്രുവരി 4-6, 11-13 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് പാസ്റ്ററൽ സെന്റർ, തലശ്ശേരി സന്ദേശഭവൻ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 141 ആൺകുട്ടികളും, 164 പെൺകുട്ടികളും ഉൾപ്പെടെ 305 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 560 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2020**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| MARCH | 3 – 5 | Nil | 24 - 26 |
| APRIL | 14 – 16 | 28 – 30 | Nil |
| MAY | 5 – 7, 22 - 24 | Nil | Nil |
| JUNE | 16 – 18 | 2 – 4 | Nil |
| JULY | 21 – 23 | Nil | 7 – 9 |
| AUGUST | 11 – 13 | 25 – 27 | Nil |

**1. പത്യേക ശ്രദ്ധയ്ക്ക്:-** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**
**Account Details :Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

- **മാർച്ച് മാസത്തിൽ പടന്നക്കാട് വച്ച് നടത്താനിരുന്ന എം.പി.സി (മാർച്ച് 17 – 19) ക്യാൻസൽ ചെയ്തിരിക്കുന്നു.**

**II. അനുഗ്രഹ മാര്യേജ് ബ്യൂറോ : – www.anugrahamarry.com**
**III. മാതൃവേദി**

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനമായി പിതാക്കന്മാരെ ആദരിച്ചു പ്രാർത്ഥിക്കാം.

**3. ദിയാക്കോണിയ പ്രവർത്തനം – ഫെബ്രുവരി, മാർച്ച്**

**കുടുംബകൂട്ടായ്മ** – കൂട്ടായ്മയിലെ വനിതാപ്രതിനിധികൾ അല്ലെങ്കിൽ മാതൃവേദി അംഗങ്ങൾ സമ്പൂർണ്ണ ലിസ്റ്റ് ശേഖരിക്കുക. മാതൃവേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂട്ടായ്മയിൽ ചർച്ചകൾ നടത്തുക. കൂട്ടായ്മ ലീഡേഴ്സായ മാതൃവേദി അംഗങ്ങൾ ഒരുമിച്ച് രോഗീ സന്ദർശനം നടത്തുക. കൂട്ടായ്മയിൽ പങ്കെടുക്കാത്ത കുടുംബങ്ങളെ സന്ദർശിച്ച് വരാൻ പ്രോത്സാഹിപ്പിക്കുക. കൂടുതൽ മക്കളുള്ള കുടുംബങ്ങളെ യൂണിറ്റ് തലത്തിൽ ആദരിക്കുക.

**4. അതിരൂപതാ ജനറൽബോഡി മീറ്റിംഗ് – തളിപ്പറമ്പ്**

ഫെബ്രുവരി 15-ാം തീയ്യതി തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് നടന്നു. ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതം ആശംസിച്ച ചടങ്ങിൽ മാതൃവേദി പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ അലക്സ് താരാമംഗലം ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് മികച്ച മേഖല, യൂണിറ്റ് 1, 2, 3 സ്ഥാനം കരസ്ഥമാക്കിയവർക്ക് ട്രോഫിയും ഗ്രേഡ് നേടിയവർക്ക് സർട്ടിഫിക്കറ്റും നൽകി പ്രോത്സാഹിപ്പിച്ചു. ഹരിതം, പൂവനിക എന്നിവയുടെ മേഖലാതല സമ്മാനങ്ങളും വിതരണം ചെയ്തു. തുടർന്ന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പൗളിൻ സി,എച്ച്.എഫ് ഏവർക്കും നന്ദിയർപ്പിച്ചു. അതിനുശേഷം കുടുംബപ്രേഷിതത്വം ഡയറക്ടർ ഫാ.മാത്യു ആശാരിപ്പറമ്പിൽ ലഘു പ്രഭാഷണം നടത്തി, തുടർന്ന് അടുത്ത 5 മാസത്തേക്കുള്ള കർമ്മപദ്ധതി പറയുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഏകദേശം 240 ഓളം പേർ പങ്കെടുത്ത ജനറൽ ബോഡി ഉച്ചയോടുകൂടി അവസാനിച്ചു.

**മികച്ച മേഖല:** ഒന്നാം സ്ഥാനം : പേരാവൂർ, രണ്ടാം സ്ഥാനം : ചെറുപുഴ, മൂന്നാം സ്ഥാനം : ആലക്കോട്

**മികച്ച യൂണിറ്റ്** : ഒന്നാം സ്ഥാനം : പെരിങ്കിരി , രണ്ടാം സ്ഥാനം : എടൂർ, മൂന്നാം സ്ഥാനം : പൈസക്കരി

**മികച്ച മേഖല A ഗ്രേഡ്** :കുന്നോത്ത്, മേരിഗിരി, പൈസക്കരി, നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ്, കാഞ്ഞങ്ങാട്, ചെമ്പേരി, എടൂർ

**മികച്ച യൂണിറ്റ് A ഗ്രേഡ്** : കാഞ്ഞിരക്കൊല്ലി, പാടാൻകവല, കച്ചേരിക്കടവ്, വായാട്ടുപറമ്പ്, വിമലശ്ശേരി, ആലക്കോട്, പെരിങ്ങാല, പെരുമ്പുന്ന, ഇരിട്ടി, കല്ലുവയൽ, കുടിയാന്മാല, നിർമ്മലഗിരി, രാജമുടി, ചെട്ടിയാംപറമ്പ്, കൊന്നക്കാട്,

കടുമേനി, കമ്പല്ലൂർ, പാടിച്ചാൽ, മുളപ്ര, ചെമ്പന്തൊട്ടി, പാത്തൻപാറ, പേരട്ട, മേലേച്ചൊവ്വ, പേരാവൂർ, പെരുമ്പടവ്, പൂളക്കുറ്റി. ഏവർക്കും അഭിനന്ദങ്ങൾ...!

### 5. ജാഗ്രത - മാതൃവേദി ലീഡേർസ് റീജിയണൽ സംഗമം

മാതൃവേദിയുടെ പുതിയ ഭാരവാഹികൾക്കുവേണ്ടി ഒരുക്കിയ ലീഡേഴ്സ് ട്രെയിനിംഗിന്റെ ആദ്യത്തെ റീജണൽ സംഗമം ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് 22.02.2020 ശനിയാഴ്ച നടത്തപ്പെട്ടു. അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി 'ജാഗ്രത' സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ആലക്കോട് ഫൊറോന വികാരി ഫാ. സിബി ആനക്കല്ലിൽ അധ്യക്ഷനായിരുന്ന ചടങ്ങിൽ, ആലക്കോട് മേഖല ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, മേഖല ആനിമേറ്റർ സി.എൽസി ജെയിംസ് എസ്.എച്ച്, മാതൃവേദിയുടെ അതിരൂപത ട്രഷറർ ശ്രീമതി ഷീബ തെക്കേടത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാതൃത്വം ജാഗ്രത പാലിക്കേണ്ട വിവിധ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് റവ. ഡോ. റെന്നി അരീപ്ലാക്കൽ ക്ലാസ്സ് നയിച്ചു. അഞ്ചു മേഖകളിൽനിന്നായി 300ഓളം പേർ പങ്കെടുത്തു. ഏവർക്കും അഭിനന്ദനങ്ങൾ.

**മാർച്ച് മാസത്തെ സംഗമങ്ങൾ**

| തീയ്യതി | സ്ഥലം | പങ്കെടുക്കേണ്ട മേഖലകൾ |
|---|---|---|
| മാർച്ച് 2 | ചെമ്പേരി | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| മാർച്ച് 7 | ഇരിട്ടി | കുന്നോത്ത്, എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ |
| ഉദ്ഘാടനം : ചെമ്പേരി | - | മാർ ജോർജ് ഞറളക്കാട്ട് |
| ഇരിട്ടി | - | മാർ ജോസഫ് പാംപ്ലാനി |
| ക്ലാസ് നയിക്കുന്നത് | - | റവ. ഡോ. റെന്നി അരീപ്ലാക്കൽ |

### 6. ബിബ്ലിയ - 2020

മാതൃവേദി അംഗങ്ങൾക്ക് തിരുവചന പഠനത്തിനായി ഒരുക്കുന്ന മത്സരം.

**ചോദ്യങ്ങൾ :-**

1. വചന ഉദ്ധരണികൾ. ലൂക്കയുടെ സുവിശേഷത്തിൽ നിന്ന് (ലൂക്ക 1-24)
2. മാതൃദീപ്തി. ആദ്യത്തെ മൂന്ന് ലക്കങ്ങൾ 2019, ഫെബ്രുവരി-ഡിസംബർ വരെ

പ്രായ ഭേദമന്യേ എത്ര പേർക്ക് വേണമെങ്കിലും പങ്കെടുക്കാം. അംഗത്വകാർഡ് നിർബന്ധമില്ല. വികാരിയുടെ ഒപ്പോടുകൂടിയ ലിസ്റ്റ് കൊണ്ടുവരിക. രജിസ്റ്റർ ഫീസ് ഒരാൾക്ക് Rs.30. അതിരൂപതാ മത്സരങ്ങൾ നാലു റീജിയണുകളിൽ നടത്തപ്പെടുന്നതാണ്.

തീയ്യതി - മെയ് 4 തിങ്കൾ, സമയം - 9.30 am

### 7. പൂവാടി - 2020

മാതൃവേദി അംഗങ്ങൾ വീടുകളിൽ നട്ടുവളർത്തുന്ന പൂന്തോട്ടത്തിന് പ്രത്യേക സമ്മാനങ്ങൾ ഏർപ്പെടുത്തുന്ന മത്സരം. മേഖലയിൽ നിന്നും തെര

ഞ്ഞെടുക്കപ്പെടുന്ന ഒരു പൂന്തോട്ടത്തിന് അതിരൂപതയിൽ നിന്നും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും. വിലയിരുത്തൽ 2020 ഡിസംബർ മാസത്തിൽ.

**8. വനിതാ ദിന ആചരണം**

മാർച്ച് 8 ന് വനിതാ ദിനാചരണം എല്ലാ യൂണിറ്റുകളിലും സംഘടിപ്പിക്കുക. വനിതാ റാലി, വനിതാ ശാക്തീകരണ ക്ലാസ്സുകൾ, മാതൃസംഗമം എന്നിവ യൂണിറ്റ് മേഖല തങ്ങളിൽ നടത്തുവാൻ ശ്രദ്ധിക്കുക. അതിരൂപതാ തല ആചരണം മാർച്ച് 7 ന് ഇരിട്ടിയിൽ വച്ച് നടക്കുന്ന റീജിയണൽ സംഗമത്തോടനുബന്ധിച്ച് ക്രമീകരിക്കുന്നതാണ്.

**9. ദത്തു ഭവനങ്ങൾ**

എല്ലാ യൂണിറ്റുകളും ഏറ്റവും അർഹിക്കുന്ന ഒരു ഭവനത്തെ ദത്തെടുത്ത് വർഷം മുഴുവൻ സഹായം നൽകുക. ഏതെങ്കിലും ഒരു കാര്യത്തിന് പ്രാധാന്യം നൽകി (വിദ്യാഭ്യാസം, മരുന്ന്, ഭക്ഷണം) യൂണിറ്റിന് സാധിക്കുന്ന സഹായം ദത്തു ഭവനത്തിന് നൽകുമല്ലോ. മേഖലാ തലത്തിൽ ദത്തുഭവനങ്ങളുടെ ലിസ്റ്റ് ശേഖരിക്കേണ്ടതാണ്. നവോമി സംഗമങ്ങൾ, വയോജന സംഗമങ്ങൾ എന്നിവ മേഖലാ തലത്തിൽ സംഘടിപ്പിച്ച് മേഖലാ തല നേതൃത്വത്തെ തെരഞ്ഞെടുക്കുക.

**10. അറിയിപ്പുകൾ**

- മാതൃദീപ്തി എല്ലാ യൂണിറ്റുകൾക്കും 5 എണ്ണം വീതം നൽകാൻ ജനറൽ ബോഡി യോഗത്തിൽ നൽകിയിട്ടുണ്ട്. ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവർക്ക് ലഭിച്ചുവെന്ന് ഭാരവാഹികൾ ഉറപ്പുവരുത്തുക.
- അർദ്ധവാർഷിക പ്രവർത്തന മാർഗ്ഗരേഖ ഇത്തവണത്തെ മാതൃദീപ്തിയിൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് എല്ലായൂണിറ്റുകളിലും പരിപാടികൾ സംഘടിപ്പിക്കുക.
- ദിയാക്കോണിയ പ്രവർത്തനങ്ങൾ ഓരോ യൂണിറ്റിലും മേഖലയിലും ചെയ്തതിന്റെ റിപ്പോർട്ടുകൾ ഒരുമിച്ചു ശേഖരിച്ച് മേഖലാ സമിതി ഓഫീസിൽ അറിയിക്കേണ്ടതാണ്.
- വയോജന സംഗമം, നവോമി കൂട്ടായ്മ, എന്നിവ സംഘടിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ മേഖലകളും യൂണിറ്റുകളും ശ്രദ്ധിക്കുക.

## IV. അമലാ പ്രോലൈഫ്

### 1) ക്യാൻസർ ഡേ ആചരണം

World Cancer Day യോടനുബന്ധിച്ച് ഫെബ്രുവരി 2-ാം തീയതി അമല പ്രോലൈഫ് അംഗങ്ങൾ ചെമ്പേരി സാന്ത്വനം സന്ദർശിക്കുകയും അവർക്കായി ഭക്ഷണം നൽകുകയും ചെയ്തു. അവിടുത്തെ വൃദ്ധമാതാപിതാക്കൾക്കും ക്യാൻസർ രോഗികൾക്കും ഒപ്പം പ്രാർത്ഥിക്കുകയും അവിടെയുള്ള മാതാപിതാക്കളുടെ കാലുചുംബിച്ചു പ്രാർത്ഥന ശുശ്രൂഷ നടത്തുകയും ചെയ്തു.

## 2) പ്രോലൈഫ് പ്രതിഷേധ റാലി

6 മാസം വരെ ഗർഭഛിദ്രം അനുവദിക്കുന്ന പുതുക്കിയ എം.ടി.പി ബില്ലി നെതിരെ കണ്ണൂർ നഗരത്തിൽ പ്രതിഷേധ റാലി സംഘടിപ്പിച്ചു. വാ മൂടിക്കെട്ടി അബോർഷന് എതിരായുള്ള പ്ലക്കാർഡും പിടിച്ചു പ്രേലൈഫ് സമിതി അംഗ ങ്ങൾ നടത്തിയ പ്രതിഷേധ റാലിയിൽതലശ്ശേരി മൈനർ സെമിനാരി വൈസ് റെക്റ്റർ ഫാ. പ്രവീൺ പൊട്ടനാനി , മുൻ കെ.സി.ബി.സി പ്രോലൈഫ് സെക്ര ട്ടറി സെലസ്റ്റിൻ ജോൺ വടക്കേൽ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ പ്രോലൈഫ് ആനിമേറ്റർ സി.സ്റ്റെല്ല എം.എസ്.എം.ഐ എന്നിവർ പ്രസംഗിച്ചു.

## V. ഹോം മിഷൻ

വിവിധ കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ടീം അംഗങ്ങൾ സജ്ജരായിട്ടുണ്ട്. ഇടവകകളിൽ ഹോം മിഷൻ നടത്താൻ താൽപര്യമുള്ള വികാരിയച്ചന്മാർ രണ്ട്മാസം മുമ്പെങ്കിലും അറിയിക്കുമല്ലോ.

## VI. പുതിയ മേഖലാ ഡറക്ടർമാർ

ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖലാ ഡയറക്ടർമാറായി പുതുതായി കാഞ്ഞങ്ങാട് മേഖലയിലേക്ക് ചാർജ്ജെടുത്തിരിക്കുന്ന ഫാ.ജോസഫ് കൊളു ത്താപ്പള്ളിക്കും വെള്ളരിക്കുണ്ട് മേഖലയിലേക്ക് ചാർജ്ജെടുത്തിരിക്കുന്ന ഫാ. വർഗ്ഗീസ് വെട്ടിയാനിക്കലിനും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## പുതിയ മേഖലാ ആനിമേറ്റർമാർ

ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖലാ ആനിമേറ്റർമാരായി മേരിഗിരി, തോമാ പുരം എന്നീ മേഖലയിലേക്കായി പുതുതായി ചാർജ്ജെടുത്തിരിക്കുന്ന സി. എൽസി മരിയ സി.എം.സി, സി.ലിജി എം.എൽ.എഫ് എന്നീ സിസ്റ്റർമാർക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## യാത്രയയപ്പു സമ്മേളനം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും 2019-20 വർഷം വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പു സമ്മേളനവും മികച്ച സ്കൂളുകൾ, പി.ടി.എ, അധ്യാപകർ എന്നിവർക്കുള്ള അവാർഡ് വിതരണവും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസും 2020 ഫെബ്രുവരി 21 വെള്ളിയാഴ്ച്ച സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.

അധ്യാപനം ഏറ്റവും ശ്രേഷ്ഠമായ വിളിയാണെന്ന് ഉദ്ഘാടന സന്ദേശത്തിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഓർമ്മിപ്പിച്ചു. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ രൂപീകരണത്തിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർ ധാരാളം പ്രതിസന്ധികൾ നേരിടുന്നു. എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന വിധത്തിലുള്ള തീരുമാനങ്ങളിൽ നിന്ന് സർക്കാർ പിൻവാങ്ങണമെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു അതിരൂപതാ വികാരി മോൺ. അലക്സ് താരാമംഗലം സമ്മേളനത്തിന്റെ അധ്യക്ഷനായിരുന്നു. യോഗത്തിൽ ഫാ. മാത്യു ശാസ്താംപടവിൽ, ഫാ. മനോജ് ഒറ്റപ്ലാക്കൽ ശ്രീ. സജീവ് സി.ഡി, എൻ. ഡി ജെയിംസ്, ഡായി മാത്യു, ലിസ്സി തോമസ്, ജോബി ജോൺ എന്നിവർ സംസാരിച്ചു. സർവ്വീസിൽ നിന്ന് വിരമിക്കുന്നവരെ ആർച്ച് ബിഷപ്പ് ആദരിച്ചു.

## അവാർഡിന് അർഹരായവർ

**മോൺ. തോമസ് പഴേപറമ്പിൽ ബെസ്റ്റ് ടീച്ചേഴ്സ് അവാർഡ്**

ശ്രീ. ഡായി മാത്യു എച്ച്. എം സെന്റ് ജോസഫ്സ് യു.പി.എസ് പുലിക്കുറുമ്പ

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡ്**

സക്കറിയാസ് അബ്രഹാം എച്ച്.എസ്.എസ്.ടി

മേരിഗിരി എച്ച്.എസ്.എസ് തേർത്തല്ലി

തോമസ് എഫ്രേം എച്ച്.എം സെന്റ് ജോസഫ്സ് എച്ച്.എസ് കുന്നോത്ത്

സി. ടെസി പി.വി. എച്ച്.എം നിർമ്മലഗിരി എൽ.പി.എസ് വെള്ളരിക്കുണ്ട്.

**മെറിറ്റ് സർട്ടിഫിക്കററ് *(token of appreciation )***

ബെന്നി കെ.ടി. ഓഫീസ് അസിസ്റ്റന്റ് ജെ.എം യു.പി.എസ് പാത്തൻപ്പാറ

സി. സെലിൽ ജോസഫ് നീഡിൽ വർക് സെന്റ് ജോസഫ്സ് എച്ച്.എസ് കുന്നോത്ത്

**ബെസ്റ്റ് സ്കൂൾ അവാർഡുകൾ**

ഓരോ വിഭാഗത്തിലും മികച്ച 3 സ്കൂളുകളെയാണ് തിരഞ്ഞെടുത്തത്

**എൽ.പി വിഭാഗം**

സെന്റ് തോമസ് എൽ.പി.എസ് തോമാപുരം

നിർമ്മലഗിരി എൽ.പി.എസ് വെള്ളരിക്കുണ്ട്

സെന്റ് മേരീസ് എൽ.പി.എസ് എടൂർ

**യു.പി വിഭാഗം**

വയത്തൂർ യു.പി.എസ് ഉളിക്കൽ

സെന്റ് ജോസഫ് യു.പി.എസ് കാരുള്ളടുക്കം

സെന്റ് ജോസഫ് യു.പി.എസ് കുന്നോത്ത്

**ഹൈസ്കൂൾ വിഭാഗം**

സെന്റ് തോമസ് എച്ച്.എസ് മണിക്കടവ്

സെന്റ് തോമസ് എച്ച്.എസ് തോമാപുരം

സെന്റ് ജൂഡ്സ് എച്ച്.എസ് വെള്ളരിക്കുണ്ട്

**ഹയർസെക്കന്ററി വിഭാഗം**

സേക്രഡ് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്

സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ

സാൻതോം എച്ച്.എസ്.എസ് കൊളക്കാട്

**ചെറിയ സ്കൂൾ വിഭാഗം**

സെന്റ് ജോർജ് യു.പി.എസ് കച്ചേരിക്കടവ്

സെന്റ് ജോസഫ്സ് എൽ.പി.എസ് രണ്ടാംകടവ്

സെന്റ് അഗസ്റ്റിൻ എൽ.പി.എസ് കോഴിച്ചാൽ

**പി.ടി.എ അവാർഡ്**

സെന്റ് മേരീസ് എച്ച്.എസ് ചെറുപുഴ

സെന്റ് ജോസഫ് യു.പി.എസ് വായാട്ടുപറമ്പ്

സെന്റ് ജോൺസ് യു.പി.എസ് തൊണ്ടിയിൽ

## മികവ് പരീക്ഷ വിജയികൾ

മലബാർ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഫെബ്രുവരി 01-ാം തീയതി (ശനി) വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിയ പരീക്ഷയിൽ 3000 കുട്ടികൾ പങ്കെടുത്തു. പരീക്ഷാ നടത്തിപ്പിൽ സഹകരിച്ച ഹെഡ്മാസ്റ്റർ, അധ്യാപകർ, അനധ്യാപകർ എന്നിവർക്ക് പ്രത്യേകം നന്ദി. ഉന്നതവിജയം നേടാൻ കഠിനാദ്ധ്വാനം ചെയ്ത എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ആദ്യ 10 റാങ്കിൽ വന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു.

## STANDARD 3

| RANK | NAME | SCHOOL |
|---|---|---|
| 1 | ALBIN MATHEW | VELLARIKUNDU LP |
| 2 | NEHA MARIYA VIPIN | CHEMPERI NIRMALA UP |
| 2 | MALAVIKA D | UDAYAGIRI UP |
| 3 | RIYA SHAIJU | VELLARIKUNDU LP |
| 4 | ALAN JOHN KURIAN | KUNNOTH UP |
| 4 | MILNA TINTU | KUDIANMALA LP |
| 4 | NIRUPAMA KRISHNA A | THOMAPURAM LP |
| 4 | CHRISTA SEBASTIAN | THOMAPURAM LP |
| 5 | HRITHIKA S | THONDIYIL UP |
| 5 | ADHIKRISHNA K | CHEMPERI NIRMALA UP |
| 5 | AIBEL SEBASTIAN | VELLARIKUNDU LP |
| 6 | ASHOK BASTIN SOY | CHEMPANTHOTTY UP |
| 6 | NOYAL GEORGE BINU | THOMAPURAM LP |
| 6 | SEETHAL P C | THOMAPURAM LP |
| 6 | ARCHANA SHAJI | THOMAPURAM LP |
| 7 | NIYA ROSE | RANDAMKADAVU LP |
| 7 | SANIYA C JOY | ANGADIKADAVU UP |
| 7 | SARAN PRAKASH | THOMAPURAM LP |
| 7 | KARTHIK S KURUPP | MARYPURAM LP |
| 8 | MATHEW RYAN SHANTY | KARIKOTTAKARY UP |
| 8 | JOHAN JACOB | PAISAKARY UP |
| 8 | BIYON JACOB BIBIN | VAYATTUPARAMBA UP |
| 8 | AMAYA BINU | VAYATTUPARAMBA UP |
| 8 | SREENIDHI P V | VELLARIKUNDU LP |
| 9 | ALEN JOSEPH | PAISAKARY UP |
| 10 | FEONA THERESE M SEBY | ANGADIKADAVU UP |
| 10 | ALEXANDER JOSEPH KURIAKOSE | VAYATHUR UP |

## STANDARD 4

| | | |
|---|---|---|
| 1 | DEVANAND K | MARYPURAMLP |
| 2 | CELESTINE PRAKASH | ANGADIKADAVU UP |
| 3 | ALFRED RIJO SEBASTIAN | ANGADIKADAVU UP |
| 3 | DONN K THOMAS | THOMAPURAM LP |
| 4 | JISNA MARIYA JOHN | THONDIYIL UP |
| 4 | STEPHEN GOERGE | UDAYAGIRI UP |
| 4 | DEON RIJO | PALAVAYAL LP |
| 5 | MIDHUNA C | THONDIYIL UP |
| 5 | ANNAMARY BINU | MANJALAMPURAM UP |
| 5 | YADHUKRISHNA R | VAYATHUR UP |

| | | |
|---|---|---|
| 5 | ANTO SIBI | PALAVAYAL LP |
| 5 | VIVEK JOSEPH THOMAS | THOMAPURAM LP |
| 5 | KASHMEERA SIJU | EDOOR LP |
| 6 | JOYAL V J | RANDAMKADAVU LP |
| 6 | SREENANDA K | KALLUVAYAL LP |
| 6 | ANAN BAIJU | VAYATHUR UP |
| 6 | SANA FATHIMA K | VAYATHUR UP |
| 6 | SAYANTH S | VAYATHUR UP |
| 6 | ANLIYA BIJU | PAISAKARY UP |
| 6 | NIYA MERIN SONY | PALAVAYAL LP |
| 6 | LEYO SCARIYA BENNY | THOMAPURAM LP |
| 7 | ALNA ROSE THOMAS | KAPPAD UP |
| 7 | ROSNA MARIYA K T | VEERPAD UP |
| 7 | NASLEE DIYA T N | VAYATHUR UP |
| 7 | THANMAYA V GIREESH | VAYATHUR UP |
| 7 | MIRON P JOMON | THOMAPURAM LP |
| 7 | VISHNUPRIYA P | VELLARIKUNDU LP |
| 7 | ANIRUDH M S | VELLARIKUNDU LP |
| 8 | AIJEL JOHN SUNIL | PAISAKARY UP |
| 8 | BLESSON BABU | PAISAKARY UP |
| 8 | DIYONA BIJU | VILAKKANNUR LP |
| 8 | P A SOORYADEV | UDAYAGIRI UP |
| 8 | JOYAL P JOSE | KOZHICHAL LP |
| 9 | ANN MARIYA | KUNNOTH UP |
| 9 | ABHIRAMI SASIDHARAN | ARABI UP |
| 9 | ANNMARIYA GENTLE | PAISAKARY UP |
| 9 | AYANA BRIGIT SEBASTIAN | PAISAKARY UP |
| 9 | PAUL JOE ELAYANI | PALAVAYAL LP |
| 9 | CYRIL JOSHY | PALAVAYAL LP |
| 9 | ARCHANA THOMAS | KOZHICHAL LP |
| 9 | ANN MARIYA BIJU | KOZHICHAL LP |
| 9 | DIYA PRASAD | THOMAPURAM LP |
| 10 | AJIN JOSE | MANJALAMPURAM UP |
| 10 | MATHEW BIJU | RANDAMKADAVU LP |
| 10 | KRISHNA V NAIR | VAYATHUR UP |
| 10 | DENNISNJOSEPH | CHEMPERI NIRMALA |
| 10 | SREYA SURESH | UDAYAGIRI UP |
| 10 | ALPHONSA SHYJU | VAYATTUPARAMBA UP |
| 10 | SAMUEL ROY | KOZHICHAL LP |

**STANDARD 5**

| | | |
|---|---|---|
| 1 | AMAYA MANOJ | VAYATHUR UPS |
| 2 | DANNIEL JOSEPH JUSTIN | VAYATHUR UPS |
| 3 | REVITHA RANJEEVAN | THONDIYIL UPS |
| 4 | NEEHARA M | THONDIYIL UPS |
| 5 | RAJAH FATHIMA | VAYATHUR UPS |
| 6 | ANN MARIA ROSHAN | VEERPADU UPS |
| 6 | ALEX JAMES | THOMAPURAM HS |
| 6 | SANJAL M M | VAYATHUR UPS |
| 7 | DEVASREE PRADEEP | THONDIYIL UPS |
| 8 | THRISHA KUMAR | THONDIYIL UPS |
| 9 | DENA JOSE | KARULLADUKKAM UPS |
| 10 | JOVANA JOSEPH | KARULLADUKKAM UPS |

**STANDARD 6**

| | | |
|---|---|---|
| 1 | TOMIN SAKKARIYA | CHEMPATHOTTY UPS |
| 2 | AYONA THERES | VAYATHUR UPS |
| 3 | ANEEVA RAJEEV | VAYATTUPARAMBA UPS |
| 4 | ELJIN THOMAS | MANIKKADAVE UPS |
| 5 | ANN THERES | THONDIYIL UPS |
| 6 | AJIN K S | ANGADIKKADVU UPS |
| 6 | VAIGA R NATH | KARULLADUKKAM UPS |
| 6 | MADHAV M S | KARULLADUKKAM UPS |
| 7 | ALAKANANDA V S | EDOOR HS |
| 8 | ANJALA ROY | MANIKKADAVE UPS |
| 8 | ALEN MARY SCARIA | KARULLADUKKAM UPS |
| 9 | MILNA ELZ BIJU | VAYATHUR UPS |
| 10 | ANUPRIYA P M | PAISAKKARY UPS |
| 10 | JISHITHA ROSE ROY | KARULLADUKKAM UPS |

**STANDARD 7**

| | | |
|---|---|---|
| 1 | SANTO THOMAS | THONDIYIL UPS |
| 2 | TREESA SHAJI | ANGADIKADAVU UPS |
| 3 | FATHIMA K | CHEMPAMTHOTTY UPS |
| 4 | NEVIN JOSEPH DOMINIC | THONDIYIL UPS |
| 4 | ABHINAV BIJU | ANGADIKADAVU UPS |
| 5 | DOMINIC BOBY | MANIKKADAVE UPS |
| 6 | KEVIN JIMMY | MANHALAMPURAM UPS |
| 6 | RIYA JAISON | ANGADIKADAVU UPS |
| 6 | ANAMIKA N SANDEEPAN | VAYATHUR UPS |
| 6 | ANUSHKA KRISHNAN | CHEMPAMTHOTTY UPS |
| 6 | GEORGIN THOMAS | KARULLADUKKAM UPS |

| | | |
|---|---|---|
| 7 | HARINANDA SHAJI | EDOOR HS |
| 8 | YADUKRISHNA T | ANGADIKADAVU UPS |
| 8 | FEBIN THOMA BINU | KAPPAD UPS |
| 8 | AMALA SHAJI | KARULLADUKKAM UPS |
| 9 | EDWIN JOSEPH | MANIKKADAVE UPS |
| 10 | ALBIN THOMAS SIBICHAN | PAISAKKARY UPS |
| 10 | ELISABETH GEORGE | KARULLADUKKAM UPS |

**STANDARD 8**

| | | |
|---|---|---|
| 1 | JOSHUA SIJO | PERAVOOR HS |
| 2 | ANGEL BABY | MANIKKADAVE HS |
| 3 | DAIN JOSEPH JAISON | KARIKKOTTAKKARY HS |
| 4 | SAPARYA SAJI | PERAVOOR HS |
| 5 | SURYA NANDANA | MANIKKADAVE HS |
| 6 | ANN MARIYA BIJU | NIRMALA HS CHEMPERI |
| 7 | VAISAKH C P | CHERUPUZHA HS |
| 8 | ANSIYA P A | THOMAPURAM HS |
| 8 | SANEESHA MARIYA SHIJO | MANIKKADAVE HS |
| 9 | ELBINA MARY ROY | MANIKKADAVE HS |
| 9 | MARSHA MARIYA AUGUSTINE | CHANDANAKKAMPARA HS |
| 10 | ANGEL BINOJ | MARIGIRI HS |

**STANDARD 9**

| | | |
|---|---|---|
| 1 | AMRUTHA SAJEEVAN | ANGADIKADAVU HS |
| 2 | SANCTA MARIYA | CHANDANAKKAMPARA HS |
| 3 | ARSHA BIJU THOTTATHIL | ANGADIKADAVU HS |
| 4 | GERARD AUGUSTINE | CHANDANAKKAMPARA HS |
| 5 | ANNUMARY ROY | ANGADIKADAVU HS |
| 6 | AMANTA DENNIES | MANIKKADAVE HS |
| 7 | ANGEL B T | ANGADIKADAVU HS |
| 8 | LAMIYA SHAJAHAN | CHERUPUZHA HS |
| 9 | ASWATHI SANTHOSH | MANIKKADAVE HS |
| 9 | ANEETA ULLAS | MANIKKADAVE HS |
| 10 | SHANUMON K S | CHANDANAKKAMPARA HS |

**STANDARD 10**

| | | |
|---|---|---|
| 1 | ALPHIYA P A | THOMAPURAM HS |
| 2 | CHRISTA MARIA BABU | THOMAPURAM HS |
| 3 | DIYA MARIYA JOSE | MANIKKADAVE HS |
| 4 | SHALET MARY JOHN | CHANDANAKKAMPARA HS |
| 5 | SURYA JACKSON | MANIKKADAVE HS |
| 6 | ROSEMARIYA K | MANIKKADAVE HS |

| | | |
|---|---|---|
| 7 | ALEENA MARIYA SIBICHAN | PAISAKKARI HS |
| 8 | JESTEENA JOSEPH | VAYATTUPARAMBA |
| 8 | SHANIYA CHACKO | PERAVOOR HS |
| 8 | ANGEL ROSE MICHAEL | CHERUPUZHA HS |
| 9 | ANNAINA SUNNY | PERAVOOR HS |
| 9 | ARATHI SURESH | THOMAPURAM HS |
| 9 | SOURAV K T | CHERUPUZHA HS |
| 10 | NANDANA T R | PERAVOOR HS |

**STANDARD 11**

| | | |
|---|---|---|
| 1 | PRASAMSI PRADEEP | PERAVOOR HSS |
| 2 | ABHINAND ANEENDRAN | PERAVOOR HSS |
| 3 | NIRMAL M MANOJ | VELLARIKKUNDU HSS |
| 4 | ANAGHA K | EDOOR HSS |
| 5 | JUEL MARY D | PERUMPADAVU HSS |
| 5 | MARIA ROSE | NIRMALA HSS CHEMPERI |
| 6 | ANUNANDA ANEENDRAN | PERAVOOR HSS |
| 7 | JESTY JOSE | KOLAKKAD HSS |
| 8 | JISTO KURIAKOSE SHAJU | KOLAKKAD HSS |
| 9 | DENIN K SHAJI | NIRMALA HSS CHEMPERI |
| 10 | JITH PHILIPOSE XAVIER | ANGADIKADAVU HSS |

**STANDARD 12**

| | | |
|---|---|---|
| 1 | ANGEL SAJI | ANGADIKADAVU HSS |
| 2 | ASWIN VIJAYAN | NIRMALA HSS CHEMPERI |
| 3 | FENCY MARIYA JOHN | PERUMPADAVU HSS |
| 4 | SINJO JAMES | MANIKKADAVE HSS |
| 5 | CHRISTY JILS | VAYATTUPARAMBA HSS |
| 6 | EVELIN TREESA SABU | ANGADIKADAVU HSS |
| 7 | ANJITHA C K | EDOOR HSS |
| 8 | ANNA AGNES JOSEPH | PERUMPADAVU HSS |
| 9 | SIVARANJINI K | EDOOR HSS |
| 9 | IDA AUGUSTINE | NIRMALA HSS CHEMPERI |
| 9 | ANJUMOL JOBY | ANGADIKADAVU HSS |
| 10 | MUBASHIRA C P | KILIANTHARA |

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ വിവിധ പരീക്ഷകൾക്ക് ഒരുക്കമായുള്ള പരിശീലനങ്ങൾ നടത്തപ്പെടുന്ന സമയമാണ് മാർച്ച്-ഏപ്രിൽ-മേയ് മാസങ്ങൾ. ഈ വർഷത്തെ വാർഷിക പരീക്ഷകൾക്ക് ശേഷം വിവിധ കേന്ദ്രങ്ങളിൽ വളരെ വിപുലമായ തോതിലുള്ള പരീക്ഷാ പരിശീലനങ്ങൾക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ അക്കാഡമി ചെയ്തിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെയും യുവജനങ്ങളെയും ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാർച്ച് മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. NEET / JEE / KEAM

2020 ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കുന്ന മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളായ NEET / JEE / KEAM എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടിയുള്ള ഒരു മാസം നീണ്ടുനിൽക്കുന്ന ക്രാഷ് കോച്ചിംഗ് **2020 മാർച്ച് 28 മുതൽ** ആരംഭിക്കുകയാണ്. കുന്നോത്ത് - സെന്റ് ജോസഫ് ഹയർസെക്കണ്ടറി സ്കൂളിലും ആലക്കോട് - മേരിമാതാ കോളേജിലും ആയിരിക്കും രാവിലെ 9 മണി മുതൽ 4 മണിവരെ ഇത്തവണ ക്ലാസ്സുകൾ നടത്തപ്പെടുക. ഓരോ സെന്ററുകളിലും പരമാവധി 50 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. ബഹു. അച്ചൻമാർ ഇടവകയിലെ സമർത്ഥരായ കുട്ടികളെ ക്രാഷ് കോഴ്സുകളിലേക്ക് പറഞ്ഞുവിടുമല്ലോ. കോഴ്സ് ഫീസുകൾ ഉണ്ടായിരിക്കുന്നതാണ്.

## II. Bridge +1

2019 - 2020 അധ്യയന വർഷത്തിൽ S.S.L.C പരീക്ഷ എഴുതി സയൻസ് വിഷയങ്ങൾ എടുത്ത് Plus One ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന Integrated Tuition + Entrance Coaching നൽകുന്ന വിദ്യാഭ്യാസ പദ്ധതിയായ Bridge +1 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ ഈ വരുന്ന **2020 ഏപ്രിൽ 6 തിങ്കൾ 9 a.m** മുതൽ ആരംഭിക്കും. കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂൾ, മേരിമാത കോളേജ് - ആലക്കോട് എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതിയാണിത്. ഓരോ സെന്ററുകളിലും 50 വീതം കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക. സയൻസ് വിഷയങ്ങൾ എടുക്കുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് സാൻജോസ് അക്കാഡമിയിൽ നേരത്തെത്തന്നെ പേര് രജിസ്റ്റർചെയ്യാവുന്നതാണ്.

## III. Bridge +2

2020–2021 അധ്യയന വർഷത്തിൽ Plus Two ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് 2021 ലെ Entrance പരീക്ഷകൾ ലക്ഷ്യമാക്കി കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂളും, മേരിമാതാ കോളേജ്-ആലക്കോടും കേന്ദ്രമാക്കി രണ്ടു സ്ഥലങ്ങളിലായി ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഈ പരിശീലന പദ്ധതി **2020 ഏപ്രിൽ 6 തിങ്കൾ 9 a.m** മുതൽ ആരംഭിക്കും. ആദ്യം അഡ്മിഷൻ എടുക്കുന്ന 50 കുട്ടികൾക്ക് മാത്രമേ പരിശീലന പരിപാടിയിൽ അവസരം ലഭിക്കുകയുള്ളു. അതോടൊപ്പം 2021 ഏപ്രിൽ മാസത്തോടെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ Entrance Crash Coaching കളും ലഭ്യമാക്കുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടൊപ്പം സാൻജോസ് അക്കാഡമിയുടെ ഓഫിസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## IV. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET ഏഴാം ബാച്ചിന്റെ പരിശീലനം ഇരിട്ടി – സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയം, സെന്റ് മേരീസ് ഓഡിറ്റോറിയം – തളിപ്പറമ്പ്, ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ – പടന്നക്കാട് എന്നിവിടങ്ങളിൽ **2020 ഏപ്രിൽ 2 വ്യാഴം മുതൽ** ആരംഭിക്കുന്നതാണ്. മെയ് മാസത്തിൽ ആണ് പരീക്ഷ നടക്കുക. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് **8281 750 777, 8281 730 777** എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## V. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള അടുത്ത ബാച്ചിന്റെ പരിശീലനം **2020 മെയ് 10 മുതൽ ഇരിട്ടി, തലശ്ശേരി** എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

**VI. IELTS പരിശീലനം** : സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന IELTS പരിശീലനം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U.Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രമുഖ

അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

ഈ വർഷം **X, XI, XII** ക്ലാസ്സുകളിൽ വാർഷികപരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഏപ്രിൽ മാസത്തിൽ **Communicative English** ന്റെ പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ നടത്തപ്പെടുന്നതാണ്.

## VII. LP/UP Assistant

2020 ജൂൺമാസം നടക്കാനിരിക്കുന്ന പി.എസ്.സി പരീക്ഷകളായ LP/UP Assistant – ന്റെ പരിശീലനം സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയം – ഇരിട്ടി, സെന്റ് മേരീസ് ഓഡിറ്റോറിയം – തളിപ്പറമ്പ്, ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ – പടന്നക്കാട് എന്നിവിടങ്ങളിൽ K-TET പരിശീലനത്തോടൊപ്പം **2020 ഏപ്രിൽ 2 വ്യാഴം മുതൽ** ആരംഭിക്കുന്നതാണ്. 40 ദിവസത്തോളം നീണ്ടുനിൽക്കുന്ന മികച്ച പരിശീലനം ആണ് ക്രമപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീസ് 7000/– രൂപ.

## VIII. Higher Studies Help Desk

കേരളത്തിനകത്തും പുറത്തും വിദേശത്തും വിവിധ കലാലയങ്ങളിലേക്ക് വിവിധ കോഴ്സുകൾ പഠിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ചെയ്തുകൊടുക്കുന്നതാണ്. സഹായം ആവശ്യമുള്ളവർ സാൻജോസ് അക്കാഡമിയിൽ നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സാൻജോസ് അക്കാഡമിയുടെ പേരിൽ മറ്റ് അപരൻമാർ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സാൻജോസ് അക്കാഡമിയുടെ ഫോൺ നമ്പറിൽ വിളിച്ച് നേരിട്ട് കാര്യങ്ങൾ അന്വേഷിക്കേണ്ടതാണ്.

## VIII . LEADERSHIP TRAINING CAMP

V–ാം ക്ലാസ്സ് മുതൽ X വരെ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി നേതൃത്വ പരിശീലന ശിൽപശാല 2020 **മെയ് 6 മുതൽ 10 വരെ** ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ പടന്നക്കാടും **മെയ് 10 മുതൽ 13 വരെ** തലശ്ശേരി സന്ദേശഭവനിൽവച്ചും നടത്തപ്പെടുന്നു. വിശദാംശങ്ങൾക്കായി CML ഓഫീസിലോ സാൻജോസ് അക്കാഡമിയിലോ ബന്ധപ്പെടുക.

## സെമിനാറുകൾ – ക്ലാസ്സുകൾ

ബഹു. ഡയറക്ടർ അച്ചൻ വെളിമാനം, ഒറ്റത്തൈ, മണക്കടവ്, കാഞ്ഞിരക്കൊല്ലി ഇടവകകൾ സന്ദർശിക്കുകയും വി.കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. വികാരിയച്ചൻമാർക്കും പ്രധാനാദ്ധ്യാപകർക്കും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

അമ്പത് നോമ്പിന്റെ ആശംസകൾ!

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

## അതിരൂപത ഭാരവാഹികളുടെ യോഗം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികളുടെ യോഗം 14-02-2020ന് തലശ്ശേരി ഓഫീസിൽ അതിരൂപതാ പ്രസിഡണ്ട് ദേവസ്യ കൊങ്ങോലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ വിഷയാവതരണം നടത്തി. വരവ് ചിലവ് കണക്ക് വായിച്ചംഗീകരിച്ചു. 2020 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ നടത്തുവാൻ തീരുമാനിച്ചു. പഞ്ചായത്ത്തല ഹെൽപ്ഡസ്ക്, മെമ്പർഷിപ്പ് കാമ്പയിൻ, ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, മലബാർ ഫാർമേഴ്സ് കമ്പനിയുടെ പ്രവർത്തനങ്ങൾ, മെഗാക്വിസ്സ് മത്സരം, സൺഡേ മാർക്കറ്റുകൾ ഇതിന്റെ മുന്നോടിയായി ഗവേണിംഗ് കൗൺസിൽ അടക്കമുള്ള വിവിധ കമ്മിറ്റികൾ ചേരുന്നതിന് തീരുമാനിച്ചു.

## ഗ്ലോബൽ സമിതി

21-02-2020ന് പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് ഹെൽപ്ഡസ്ക്ക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്ക് നടത്തിയ പരിശീലനകളരിയിൽ നമ്മുടെ അതിരൂപതയിൽ നിന്ന് സെക്രട്ടിമാരായ ഡേവീസ് ആലങ്ങാടൻ, ഫിലിപ്പ് മാത്യു വെളിയത്ത് എന്നിവർ പങ്കെടുത്തു. 21-02-2020 ന് പി.ഒ.സി. യിൽ ചേർന്ന വർക്കിംഗ് കമ്മിറ്റിയിൽ അഡ്വ. ടോണി പുഞ്ചക്കുന്നേൽ ചാക്കോച്ചൻ കാരാമയിൽ എന്നിവർ പങ്കെടുത്തു. മാർച്ച് മാസത്തിൽ ഹെൽപ്ഡസ്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു. മെയ് മാസം ആദ്യവാരത്തിൽ കർഷകമോചനയാത്ര ആരംഭിക്കുന്നതിനും തീരുമാനിച്ചു.

കത്തോലിക്കാ കോൺഗ്രസ് ആരംഭിക്കുന്ന പ്രക്ഷോഭപരിപാടികൾക്കും എല്ലാവിധ പ്രവർത്തനങ്ങൾക്കും സഹകരണങ്ങളും പിന്തുണയും അഭ്യർത്ഥിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# നിർമ്മലഗിരി കോളെജ്

## 1. സപ്തദിന ക്യാമ്പ്

നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ സപ്തദിന ക്യാമ്പ് പൂളക്കുറ്റി എൽ.പി.സ്കൂളിൽ വച്ച് നടന്നു. പ്രിൻസിപ്പാൾ ഡോ.ഔസേപ്പച്ചൻ കെ.വി.-യുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ കണിച്ചാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സെലിൻ മാണി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ക്യാമ്പ് രക്ഷാധികാരി ഫാ.മാർട്ടിൻ ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ.ജോബി ജോക്കബ് ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ശ്രീ. ഇമ്മാനുവേൽ ടോം, ഡോ. ദീപാമോൾ മാത്യു, ക്യാമ്പ് ജനറൽ കൺവീനർ ശ്രീ. ബെന്നി വെള്ളക്കട എന്നിവർ ക്യാമ്പ് അവലോകനം നടത്തി.

## 2. കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവ വിജയികൾ

2019-2020 കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ നിർമലഗിരി കോളേജിനെ പ്രതിനിധീകരിച്ച് 45 മത്സര ഇനങ്ങളിലായി വിദ്യാർത്ഥികൾ പങ്കെടുത്തു. ഡിബേറ്റിന്  (മലയാളം) ഒന്നാം സ്ഥാനം നേടി. ഡിബേറ്റ് (ഇംഗ്ലീഷ്) രണ്ടാം സ്ഥാനം, ഓട്ടൻ തുള്ളൽ ഒന്നാം സ്ഥാനം (അനൂപ), ജാസ് മൂന്നാം സ്ഥാനം (അഭിനവ്), സിനിമാ നിരൂപണം രണ്ടാം സ്ഥാനം (അഭിഷേക്), ഇംഗ്ലീഷ് കവിതാലാപനം മൂന്നാം സ്ഥാനം (ഐശ്വര്യ), പ്രബന്ധ രചന ഉറുദു മൂന്നാം സ്ഥാനം (സുഹാന സുമൻ), അക്ഷരശ്ലോകം ഒന്നാം സ്ഥാനം (ചാന്ദിനി), പെൻസിൽ ഡ്രോയിങ്ങ് രണ്ടാം സ്ഥാനം (സിദ്ധാർത്ഥ), നാടോടി നൃത്തം മൂന്നാം സ്ഥാനം (വർഷ), ഇംഗ്ലീഷ് പ്രബന്ധ രചന രണ്ടാം സ്ഥാനം (അഭിഷേക്), മോണോ ആക്റ്റ് മൂന്നാം സ്ഥാനം (അഞ്ജിത) എന്നിവയാണ് മറ്റ് മത്സര ഫലങ്ങൾ. വിജയികളെ കോളേജ് പ്രിൻസിപ്പാൾ ഡോ.കെ.വി.ഔസേപ്പച്ചൻ അഭിനന്ദിച്ചു.

## 3. Ignire 2020

സ്കൂൾ വിദ്യാർത്ഥികൾക്ക് രസതന്ത്ര പരീക്ഷണങ്ങളിലൂടെ അവരുടെ പാഠങ്ങൾ നേരിട്ടറിയാനുള്ള പരിശീലന പദ്ധതിയായ Ignire നിർമലഗിരി കോളേജ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് നടത്തി. മൂന്നാംവർഷ ഡിഗ്രി വിദ്യാർത്ഥികളും പി.ജി. വിദ്യാർത്ഥികളും സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ പരീക്ഷണങ്ങൾ വിശദീകരിച്ചു. St. Flaimond Memorial School, ചെമ്പനോട, Stein Mount Public School അരയങ്ങാട് എന്നീ സ്കൂളുകളിലെ 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് എല്ലാവർഷവും നടത്തുന്ന പരിപാടിയാണ് Ignire.

## 4. ബോധവത്കരണ ക്ലാസ് നടത്തി

പ്ലാസ്റ്റിക് മലിനീകരണം കുറക്കുന്നതിന്റെ ഭാഗമായി നിർമലഗിരി കോളേജ് ബോട്ടണി ഡിപ്പാർട്ട്മെന്റും കേരള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റും സംയുക്തമായി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്കിടയിൽ ബോധവത്കരണവും തുണിസഞ്ചി വിതരണവും നടത്തി.

## 5. ബോട്ടണി അസോസിയേഷൻ

2019–2020 വർഷത്തിലെ ബോട്ടണി അസോസിയേഷൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജനുവരി 21, ചൊവ്വാഴ്ച കണ്ണൂർ യൂണിവേഴ്സിറ്റി ഗവേഷണവിഭാഗം ഡയറക്ടർ ഡോ. കെ. ശ്രീജിത്ത് നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ നിർമലഗിരി കോളേജ് പ്രിൻസിപ്പാൾ ഡോ.കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു.

## 6.നിർമലഗിരി കോളേജിൽ പരാമർശ് പദ്ധതി

കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ യു.ജി.സി. നടപ്പിലാക്കുന്ന പരാമർശ് പദ്ധതി നിർമലഗിരി കോളേജിൽ കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ രാജ്യാന്തര നിലവാരത്തിലെത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗുണനിലവാരത്തിലെത്തിക്കാൻ നേതൃത്വം നല്കുക എന്നതാണ് നിർമലഗിരി കോളേജിന്റെ ദൗത്യം. അങ്ങാടിക്കടവ് ഡോൺ ബോസ്കോ, പേരാവൂർ എടത്തൊട്ടി ഡീ പോൾ, പൈസക്കരി ദേവമാത, ആലക്കോട് മേരിമാത, ചെറുപുഴ നവജ്യോതി എന്നീ കോളേജുകൾക്കാണ് നിർമലഗിരി കോളേജ് പരിശീലനം നല്കുക. പ്രിൻസിപ്പൽ ഡോ.കെ.വി.ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. പദ്ധതി അംബാസഡർ ഡോ.വർക്കി സെബാസ്റ്റ്യൻ, ഗുണനിലവാര പരിശോധനാ വിഭാഗം കോ–ഓർഡിനേറ്റർ ഡോ.സാബു സെബാസ്റ്റ്യൻ, ഫാ. മാത്യു തെക്കേമുറിയിൽ, ഫാ.ഫിലിപ്പ് കാരക്കാട്ട്, ഡോ.ജോൺ ജോസഫ് എന്നിവർ സംസാരിച്ചു. രാജ്യത്ത് 167 കോളേജുകളെയാണ് പരാമർശ് പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്.

## 7. ഏകദിന കോളോക്കിയം

നിർമലഗിരി കോളേജ് ഇംഗ്ലീഷ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏകദിന കൊളോക്കിയം സംഘടിപ്പിച്ചു. മാർ വള്ളോപ്പിള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടി ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റ് ശീതൾ ശ്യാം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ.കെ.വി.ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ജെൻഡർ ഇൻക്ലൂസിവിറ്റി ഇൻ ഇന്ത്യ എന്ന വിഷയത്തിൽ സെന്റ്

ജോസഫ്സ് കോളേജ് ട്രിച്ചി പി.എച്ച്.ഡി. സ്കോളർ കെ.ജെ.ജോസഫ്, ശീതൾ ശ്യാമുമായി സംവദിച്ചു.

## 8. Spring Board 2020

നിർമലഗിരി കോളേജ് കരിയർ ഗൈഡൻസ് സെല്ലിന്റെയും മെന്ററിംഗ് കമ്മറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കായി തൊഴിൽ ക്ഷമതാ വികസന പരിശീലനം സംഘടിപ്പിച്ചു. Spring Board 2020 എന്ന പേരിൽ നടത്തിയ പരിശീലനത്തിൽ 350-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 9. കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു

ഹോം സയൻസ് വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കൈയ്യെഴുത്ത് മാസിക കനൽ ICDS ജില്ലാതല പ്രോഗ്രാം ഓഫീസർ ശ്രീ. പ്രസന്ന പി. പ്രകാശനം ചെയ്തു.

രണ്ടാംവർഷ ചരിത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ-370-നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ചരിത്ര ആൽബം കാശ്മീരം മാടായി കോളേജ് ചരിത്ര അദ്ധ്യാപകനും ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് മുൻ ഡയറക്ടറുമായ ഡോ.ജി. പ്രേംകുമാർ പ്രകാശനം ചെയ്തു.

## 10. ക്ലാസ് നയിച്ചു

പാട്യം ഗ്രാമപഞ്ചായത്ത് ജീവനം - നമ്മുടെ കൃഷി - നമ്മുടെ ആരോഗ്യം പദ്ധതിയോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രോഗ്രാമിൽ നിർമലഗിരി കോളേജ് ഹോം സയൻസ് വിഭാഗം അസി.പ്രൊഫസർ ഡോ.സി.സെലിൻ മാത്യു ആരോഗ്യവും പോഷണവും എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു.

## 11. Invited talk

നിർമലഗിരി കോളേജ് വിമൻസെല്ലിന്റെ ആഭിമുഖ്യത്തിൽ Adolescent Education എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ക്രിസ്തുരാജാ ഹോസ്പിറ്റലിലെ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ. സി. റീന മാത്യു ക്ലാസുകൾ നയിച്ചു.

## 12. പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് പദ്ധതി

നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി അധ്യാപകർക്കും അനധ്യാപകർക്കുമായി തുണി സഞ്ചി നിർമ്മിച്ചു നല്കി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ.ദീപാമോൾ മാത്യു, ശ്രീ. ഇമ്മാനുവൽ ടോം എന്നിവർ പദ്ധതിയ്ക്ക് നേതൃത്വം നല്കി.

**പി.ആർ.ഒ.നിർമലഗിരി കോളേജ്**

# വിമൽ ജ്യോതി വാർത്തകൾ

2020 മാർച്ച് 10 മുതൽ 26 വരെ നടക്കുന്ന പ്ലസ് ടു പരീക്ഷക്കുള്ള തീഷ്ണ മായ തയ്യാറെടുപ്പിലാണല്ലോ നമ്മുടെ കുട്ടികൾ. പഠിച്ച കാര്യങ്ങൾ ഓർത്തെ ടുത്ത് നന്നായി പരീക്ഷ എഴുതുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പരീക്ഷയെക്കുറിച്ചുള്ള ഭയം ഒഴിവാക്കി അവരിൽ ആത്മവിശ്വാസം വളർത്തു ന്നതിൽ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വലിയൊരു പങ്കുണ്ട്.

NRI ക്വാട്ടയിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോൾതന്നെ കോളേ ജിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടു ത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9645408161, 8943615547, 9447683082, 0460 2212240, 2213399.

## എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് ക്രാഷ് കോഴ്സ്

നേരത്തെ അറിയിച്ചിരുന്നതുപോലെ 2020 മാർച്ച് 27 മുതൽ ഏപ്രിൽ 18 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് നടത്തുന്നു. 2020 ഏപ്രിൽ 20,21 തീയതികളിൽ നടത്തപ്പെ ടുന്ന KEAM പരീക്ഷയ്ക്കും, മെയ് ആദ്യവാരത്തിൽ നടത്തപ്പെടുന്ന NEET പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളെ പ്രസ്തുത പരീക്ഷയ്ക്ക് ഒരു ക്കുന്നതിനുവേണ്ടിയാണ് ക്രാഷ് കോഴ്സ് നടത്തുന്നത്. ഒരേസമയം രണ്ട് പ്രവേ ശന പരീക്ഷയ്ക്കും പരിശീലനം ലഭിക്കുന്ന ഈ അവസരം പ്രയോജനപ്പെടു ത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് കോളേജ് ഓഫീസിൽ നേരിട്ടോ, ഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാ ണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : 0460 2212240, 9645408161, 9447683082, 9846423448

## പ്ലേസ്മെന്റ് വാർത്തകൾ

പ്രമുഖ പ്രൈവറ്റ് ബാങ്കായ ഫെഡറൽ ബാങ്ക് ഫെബ്രുവരി 11ന് വിമൽ ജ്യോതി യിൽ നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ ബി.ടെക് അവസാനവർഷം പഠിക്കുന്ന 19 കുട്ടികൾ ക്ലെറിക്കൽ പോസ്റ്റിലേയ്ക്കും എം.ബി.എ അവസാനവർഷം പഠിക്കുന്ന 5 കുട്ടികൾ പ്രൊബേഷനറി ഓഫീസർ പോസ്റ്റിലേയ്ക്കും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെ ട്ടു. ഈ വിദ്യാർത്ഥികളുടെ ഫൈനൽ ഇന്റർവ്യൂ ഫെബ്രുവരി 18,19 തീയതികളിൽ കോഴിക്കോടുള്ള ഫെഡറൽ ബാങ്ക് റീജിയണൽ ഓഫീസിൽ വച്ച് നടക്കും.

ഫെബ്രുവരി 13-ാം തീയതി വിമൽ ജ്യോതിയിലെ വിദ്യാർത്ഥികൾക്കായി ഒരു ജോബ് ഫെയർ സംഘടിപ്പിച്ചു. KMG Developers, C-Tech RC Design, ICICI Bank, Aditya Birla Insurance, Popular Vehicles & Services, INEXOFT എന്നീ 6 പ്രമുഖ കമ്പനികൾ പങ്കെടുത്തു. 50ലധികം വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഫെഡറൽ ബാങ്കിൽ ക്ലെറിക്കൽ, പ്രൊബേഷനറി ഓഫീസർ പോസ്റ്റി ലേയ്ക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികളെ ഇന്റർവ്യൂ അഭിമുഖീകരിക്കാൻ പരിശീലിപ്പിക്കുന്നതിനായി ഫെഡറൽ ബാങ്ക് എംപ്ലോയീസ് യൂണിയനുമായി സഹകരിച്ച് ഫെബ്രുവരി 14ന് ഇന്റർവ്യൂ ഗൈഡൻസ് സെഷൻ സംഘടിപ്പിച്ചു. 22 കുട്ടികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

- വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ടിലെ നീനു വർഗ്ഗീസിന് ഫെഡറൽ ബാങ്കിൽ ഓഫീസറായി കാമ്പസ് ഇന്റർവ്യൂവിൽ നിയമനം ലഭിച്ചു.
- Seventh Sense Talent Solutions Bangalore വിമൽ ജ്യോതി കോളേജിൽ നടത്തിയ കാമ്പസ് ഇന്റർവ്യൂവിൽ 4 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

## നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ വിമൽ ജ്യോതിയിൽ പരിശോധന നടത്തി

നിലവിൽ NBA അക്രഡിറ്റേഷനുള്ള കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ബ്രാഞ്ചുകൾക്ക് പുറമേ, മെക്കാനിക്കൽ എൻജിനീയറിംഗ്, സിവിൽ എൻജിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ അക്രഡിറ്റേഷനുള്ള പരിശോധനക്കായി ജനുവരി 31, ഫെബ്രുവരി 1,2,3 തീയതികളിൽ 5 പേരടങ്ങുന്ന വിദഗ്ധസംഘം കോളേജിൽ എത്തി.

## വിദേശ ഭാഷാ പരിശീലനത്തിന്റെ രണ്ടാമത്തെ ബാച്ച് ക്ലാസ്സുകൾ ആരംഭിച്ചു

വിമൽ ജ്യോതിയുടെ വിദേശ ഭാഷാ പഠന പരിപാടിയുടെ ഭാഗമായി ആരംഭിച്ച ജർമ്മൻ ഭാഷാ പഠനത്തിന്റെ രണ്ടാമത്തെ ബാച്ച് ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോഴ്സ് കോർഡിനേറ്ററുമായി ബന്ധപ്പെടുക.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ പുതിയ ബാച്ചിൽ അഡ്മിഷൻ തുടരുന്നു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇന്ത്യയിലെ പ്രശസ്ത സിവിൽ സർവ്വീസ് പരിശീലന സ്ഥാപനമായ ഡൽഹി ALSന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയിൽ UPSC, PSC, IAS, KAS പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള പുതിയ ബാച്ചിൽ അഡ്മിഷൻ തുടരുന്നു. ഒന്നര വർഷം നീളുന്ന പരിശീലനത്തിൽ സ്റ്റഡി മെറ്റീരിയൽസ്, ടെസ്റ്റ് സീരീസ്, പ്രത്യേക മെന്റൽ എബിലിറ്റി ക്ലാസ്സുകൾ, ഇംഗ്ലീഷ് ഇംപ്രൂവ്മെൻറ് ക്ലാസ്സുകൾ, ഓൺലൈൻ ടെസ്റ്റ് സീരീസ് പോർട്ടൽ എന്നിവയെല്ലാം ഉൾപ്പെടുന്നു. ഡൽഹിയിലെ പ്രശസ്ത IAS UPSC പരീക്ഷാ പരിശീലകരായ ജോജോ മാത്യൂസ്, മനീഷ് ഗൗതം, ശശാങ്ക് ആറ്റം, സച്ചിൻ അറോറ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്യം നല്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയാണ് യോഗ്യത. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഡൽഹിയിൽ ലഭിക്കുന്ന സിവിൽ സർവ്വീസ് പരിശീലനം അതേ ഗുണനിലവാരത്തിൽ നമ്മുടെ നാട്ടിൽ കുറഞ്ഞ ചിലവിൽ ലഭിക്കുന്ന ഈ അവസരത്തെപ്പറ്റി ഡിഗ്രി കഴിഞ്ഞ ഇടവകയിലെ മിടുക്കരായ കുട്ടികളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 18-ാമത് വാർഷിക കായികമേള 2019-20

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ 18-ാമത് വാർഷിക കായിക മേള മാനേജർ റവ.ഫാ.ജെയിംസ് ചെല്ലങ്കോട്ട് ഉദ്ഘാടനം ചെയ്തു. കായികതാരങ്ങളുടെ മാർച്ച് പാസ്റ്റിൽ ബഹു. മാനേജർ സല്യൂട്ട് സ്വീകരിച്ച് പതാക ഉയർത്തി. പ്രിൻസിപ്പാൾ ഡോ.ബെന്നി ജോസഫ്, അഡ്മിനിസ്ട്രേറ്റർ റവ.ഫാ. സുബിൻ റാത്തപ്പിള്ളി, പി.ആർ.ഒ. സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ ആശംസകൾ അർപ്പിച്ചു. ബർസാർ റവ.ഫാ.ജോർജ് ആശാരികുന്നേൽ സമ്മാനദാനം നടത്തി. സ്പോർട്സ് ക്യാപ്റ്റൻ ആൽബിൻ ജോസഫ് നന്ദി പറഞ്ഞു. ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ അസി. പ്രൊഫസർ ശ്രീ.ഷാജി എം.എ., ഫിസിക്കൽ എഡ്യുക്കേഷൻ കോച്ച് ശ്രീമതി. ജാൻസി ജോസഫ് എന്നിവർ മീറ്റിന് നേതൃത്വം നൽകി.

## വിമൽ ജ്യോതി ആർട്സ് ഡേ 2019-20

ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ആർട്സ് ഡേ - പകൽപൂരം 2019-20, കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. മാനേജർ വെരി. റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾ അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആർട്സ് ഡേ ഒരു കലോത്സവമായി ആഘോഷിച്ചു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

- ഇരിട്ടി അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ നടന്ന മാനേജ്മെന്റ് ഫെസ്റ്റ് COMET 2020 ൽ വിമൽ ജ്യോതി എം.ബി.എ കോളേജ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.
- പ്രീ-സ്റ്റാർട്ട് അപ്പ് പ്ലാനിംഗ് & ക്രൈസിസ് മാനേജ്മെന്റ് എന്ന വിഷയത്തെ അധികരിച്ച് Sulfex ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ശ്രീ. എം.ടി.പി മുഹമ്മദ് കുഞ്ഞി ഒരു ഇന്ററാക്ടീവ് സെഷൻ നടത്തി.
- കോയമ്പത്തൂർ എ.ജെ.കെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടർ പ്രൊഫ.ഡോ. എസ്. മോഹനവേലിന്റെ നേതൃത്വത്തിൽ SPSSനെക്കുറിച്ച് 2 ദിവസം നീണ്ടുനില്ക്കുന്ന ഒരു വർക്ക്ഷോപ്പ് എം.ബി.എ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തി.
- യൂണിയൻ ബഡ്ജറ്റ് റിവ്യു : പ്രശസ്ത ധനതത്വശാസ്ത്രജ്ഞനായ ഡോ. വി.പി. രാഘവന്റെ നേതൃത്വത്തിൽ കേന്ദ്രബജറ്റിന്റെ ഒരു റിവ്യു 18.02.2020ന് എം.ബി.എ കോളേജിൽ നടന്നു.

## അഡ്മിഷൻ 2020

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ചിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് : 8943615547

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## ബോധവത്ക്കരണ ക്ലാസ്സ്

ജനുവരി 30-ന് തലശ്ശേരി വടക്കുമ്പാട് ലൈബ്രറി ഹാളിൽവച്ച് കേരള ലൈബ്രററി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സായാഹ്ന ബോധവത്ക്കരണം നടത്തപ്പെട്ടു. ഫാ. ജോൺസൺ 'നാളത്തെ കേരളം ലഹരി വിമുക്ത കേരളം' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു.

## എ. എ സംഗമം

പ്രതീക്ഷാ മാറ്റ് ടാൽബോത്ത് ചത്വരത്തിൽ വച്ച്നടന്ന എ.എ. സംഗമ ത്തിൽ ഫാ. ഡയറക്ടകർ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡണ്ട് പ്രൊഫ. ഡോ. ജോസ്‌ലെറ്റ് മാത്യു സമ്മേ ളനം ഉദ്ഘാടനം ചെയ്തു. ജോസഫ് തലശ്ശേരി ക്ലാസ്സെടുത്തു. മാനേജിംഗ് കമ്മിറ്റി അംഗം തങ്കച്ചൻ കൊല്ലക്കൊമ്പിൽ ചികിത്സകഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയവരെ സമ്മാനങ്ങൾ നല്കി ആദരിച്ചു. റ്റി.സി. തോമസ്, ഗോപി നാഥൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. അംഗങ്ങളുടെ എ.എ. പങ്കുവയ്ക്കലും നടത്തപ്പെട്ടു. സമ്മേളനത്തിൽ ജോയി മണ്ഡപത്തിക്കുന്നേൽ സ്വാഗതവും മനു മാത്യു നന്ദിയും പറഞ്ഞു.

## ക്യാൻസർ ദിനാചരണം

ചികിത്സാ കേന്ദ്രത്തിൽ വച്ച് ലോക ക്യാൻസർദിനം ആരോഗ്യ പരിരക്ഷ ദിനമായി ആചരിച്ചു. പ്രത്യേകമായി സംഘടിപ്പിക്കപ്പെട്ട യോഗത്തിൽ ഗ്രാമപ ഞ്ചായത്ത് അംഗം ഷീബ പ്രാഥമിക ആരോഗ്യകേന്ദ്രം അസിസ്റ്റന്റ് ഹെൽത്ത് ഇൻസ്പെക്ടർ, ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ബോധവത്ക്കരണ ക്ലാസ്സെടുത്തു. സമ്മേളത്തിൽ സിസ്റ്റർ ഷാന്റി എസ്.കെ.ഡി അദ്ധ്യക്ഷത വഹി ച്ചു. ജ്യോതിൻസ് സ്വാഗതവും ജോയി മണ്ഡപത്തിക്കുന്നേൽ നന്ദിയും പറഞ്ഞു.

**എ. എ സംഗമം - വയനാട്ടിൽ:** പ്രതീക്ഷയിൽനിന്നും ചികിസ്ത കഴിഞ്ഞ് പോയ വയനാട് ജില്ലയിലുള്ള ലഹരി വിമോചിതരുടെ കുടുംബസം ഗമം പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ പേരിയ സെന്റ് മേരീസ് ചർച്ച് ഓഡിറ്റോ റിയത്തിൽവച്ച് നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് വി. കുർബാനയ്ക്കുശേ ഷം നടത്തപ്പെട്ട സംഗമത്തിന്റെ ഉദ്ഘാടനം ഫാ. റെജി മുതുകത്താനിയിൽ നിർഹിച്ചു. ഫാ. ജോൺസൺ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി. ഷാന്റി എസ്,കെ.ഡി സ്വാഗതവും സിസ്റ്റർ എത്സീന നന്ദിയും പറഞ്ഞു. റോബിൻ ജോർജ്, സെബാസ്റ്റ്യൻ, ജോയി മണ്ഡപത്തിക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നല്കി. ഓരോ മൂന്നാം മാസത്തിലും വയനാട് പ്രാദേശത്തുവച്ച് എ.എ. സംഗമം നടത്തണമെന്ന തീരുമാനവും ഉണ്ടായി. എ.എ. അംഗങ്ങളുടെ അനുഭവം പങ്കുവ യ്ക്കലും സ്നേഹവിരുന്നും നടത്തപ്പെട്ടു.

**സാമൂഹ്യനീതി - ഏകദിനപരിശീലനം:** ജനുവരി 30-ന് കോഴിക്കോട് വച്ച് നടന്ന 'workshop on drug abuse prevention for government and NGO Fumctionaries' എന്ന പരിപാടിയിൽ പ്രതീക്ഷയുടെ കൗൺസിലർമാരായ സി. തെരേസ്, സി. ഷാന്റി എന്നിവർ പങ്കെടുത്തു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# എ. ഡി. എസ്. യു.

## സ്കൂൾ സന്ദർശനം

ചെറുപുഴ സെന്റ് മേരീസ് ഹൈസ്കൂൾ സന്ദർശിച്ച് അധ്യാപകരെയും എ.ഡി.എസ്.യു അംഗങ്ങളെയും പ്രത്യേകമായി കണ്ട് ക്ലാസ്സുകളെടുത്തു.

## സെന്റ് ജോസഫ്സ് സ്കൂൾ ചെറുപുഴ

അതിരൂപതാ കോർപറേറ്റ് സ്കൂളിന് പുറമേയുള്ള മികച്ച സ്കൂളുകളെ കണ്ടെത്തുന്നതിനായി മലങ്കര സഭയുടെ ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള സെന്റ് ജോസഫ്സ് ഹൈസ്കൂൾ എ.ഡി.എസ്.യു അംഗങ്ങളെ കാണുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

## മമ്പറം ഹയർസെക്കണ്ടറി സ്കൂൾ

ലഹരിവിമോചന സംരംഭങ്ങളുടെ ഭാഗമായി മമ്പറം ഹയർസെക്കണ്ടറി സ്കൂളിൽ ഫാ. ഡയറക്ടർ അധ്യാപകർക്ക് ക്ലാസ്സുകൾ നല്കി.

## ബെസ്റ്റ്സ്കൂൾ നിർണ്ണയ സന്ദർശനങ്ങൾ

എ.ഡി.എസ്.യു എക്സിക്യൂട്ടീവ് പ്രതിനിധികളായി ഫാ. ഡയറക്ടർ, അഡ്വ. മനോജ് എം. കണ്ടത്തിൽ, ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല എന്നിവർ 2019-2020 പ്രവർത്തനവർഷത്തിലെ ബെസ്റ്റ് സ്കൂൾ നിർണ്ണയിക്കുന്നതിനായി വിവിധ സ്കൂളുകൾ സന്ദർശിച്ച് റിക്കാർഡുകൾ പരിശോധിച്ചു.

## ബെസ്റ്റ് സ്കൂളുകൾ അവാർഡുകൾ

2019-2020 പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച സ്കൂളുകളായി താഴെ പറയുന്നവയെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| എൽ.പി | : | സെന്റ് തോമസ്, തോമാപുരം |
| യു.പി | : | നിർമല യു.പി, ചെമ്പേരി |
| ഹൈസ്കൂൾ | : | സെന്റ് ജോസഫ്സ്, കുന്നോത്ത് |
| ഹയർ സെക്കണ്ടറി | : | സെന്റ് തോമസ്, തോമാപുരം |

ഇവകൂടാതെ ജഡ്ജിംഗ് കമ്മിറ്റിയുടെ പ്രത്യേകപരാമർശമായി ചില സ്കൂളുകൾക്ക് ബെസ്റ്റ് പെർഫോമൻസ് അവാർഡ് കൂടി നൽകാൻ തീരുമാനമായി.

| | | |
|---|---|---|
| സേക്രട്ട്ഹാർട്ട് ഹയർസെക്കണ്ടറി | - | അങ്ങാടിക്കടവ് |
| സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി | - | ചെറുപുഴ |
| സെന്റ് ജോൺസ് യു.പി | - | തൊണ്ടിയിൽ |
| വയത്തൂർ യു.പി | - | ഉളിക്കൽ |
| സെന്റ് ജോസഫ്സ് എ.യു.പി | - | മണ്ഡപം |

എ.ഡി.എസ്.യു യൂണിറ്റുകളെ മികവുറ്റതാക്കാനും റിപ്പോർട്ട് ഓഫീസി എത്തിക്കാനും നേതൃത്വം കൊടുത്ത സ്കൂൾ മാനേജർമാർ, പ്രിൻസിപ്പാൾ/

ഹെഡ്മാസ്റ്റർ, എ.ഡി.എസ്.യു ആനിമേറ്റർമാർ എന്നിവർക്ക് അതിരൂപതാ കമ്മിറ്റിയുടെ പേരിൽ ഹൃദ്യമായ അഭിനന്ദനം. അവാർഡുകൾ അടുത്ത അധ്യയന വർഷാരംഭം നൽകുന്നതാണ്.

## കൈയ്യെഴുത്തു മാസിക അവർഡ്

2019-2020 പ്രവർത്തന വർഷത്തെ ഹൈസ്കൂൾ വിഭാഗത്തിലുള്ള കൈയ്യെഴുത്തു പ്രസിദ്ധീകരണ മത്സരത്തിൽ സെന്റ് ജോസഫ് കുന്നോത്ത് ഹൈസ്കൂളിന്റെ 'കനലാട്ടം' ഏറ്റവും മികച്ച മാസികയ്ക്കുള്ള അവാർഡ് നേടി. പുരസ്കാര സമർപ്പണം പിന്നീട്. നേതൃത്വം നല്കിയ ഹെഡ്മാസ്റ്റർ തോമസ് എഫ്രേം സാറിനും ആനിമേറ്റർ സി. സെലിൻ ജോസഫ് എഫ്.സി.സി.യ്ക്കും എഡിറ്റോറിയൽ വിഭാഗത്തിനും അഭിനന്ദനങ്ങൾ!

## നവദർശൻ ക്യാമ്പ്

എല്ലാ വർഷവും നടത്തിവരാറുള്ള നവദർശൻ ക്യാമ്പ് ഇപ്രാവശ്യം ഏപ്രിൽ 14,15,16,17 തീയതികളിൽ (14-ന് വൈകുന്നേരം തുടങ്ങി 17-ന് രാവിലെ വരെ) ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തുന്നതായിരിക്കും. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനിപിതാവ് 15-ാം തീയതി ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നതാണ്. കോഴ്സ് ഫീസ് മുൻവർഷത്തെപ്പോലെ 500/- രൂപ ആയിരിക്കും. അതാത് സ്കൂളിലെ ആനിമേറ്റർമാർ 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും പ്രസ്തുത ക്യാമ്പിലേക്ക് കണ്ടെത്തി പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുന്ന കുട്ടികളിൽനിന്നും മുൻകൂറായി 200/- രൂപ രജിസ്ട്രേഷൻ തുക മാർച്ച് 20-ന് മുമ്പായി വാങ്ങി സൂക്ഷിക്കേണ്ടതും ക്യാമ്പിന് വരുമ്പോൾ അടയ്ക്കേണ്ടതുമാണ്. മാർച്ച് 20-ന് മുമ്പായി എത്ര കുട്ടികൾ പണമടച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ആനിമേറ്റർമാർ കൃത്യമായി ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതുമാണ്. ക്യാമ്പിൽ പഠനപരിപാടി, ഗ്രൂപ്പ് ആക്റ്റിവിറ്റി, റാലി, പൊതുയോഗം, കലാപരിപാടികൾ, പഠനവിനോദയാത്ര, ക്യാമ്പ് ഫയർ എന്നിവയും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്. ഏറ്റവും മികച്ച അംഗങ്ങളെ കണ്ടെത്തി ക്യാമ്പിന് വിടാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.

സ്നേഹാദരങ്ങളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി, മുക്തിശ്രീ

## മദ്യവിരുദ്ധ സമിതി പുരസ്ക്കാരം തലശ്ശേരി അതിരൂപതയ്ക്ക്

2019 - മാർച്ച് 15 മുതൽ 2020 ജനുവരി 30 വരെയുള്ള മദ്യവിരുദ്ധ സമിതി പ്രവർത്തനങ്ങൾ വിലയിരുത്തി കെ.സി.ബി.സി നടത്തിയ വിലയിരുത്തലിൽ 32 രൂപതകളിലെ പ്രവർത്തനങ്ങളിൽനിന്നും തലശ്ശേരി അതിരൂപത മികച്ച രണ്ടാമത്തെ രൂപതയ്ക്കുള്ള അവാർഡ് കരസ്ഥമാക്കി.

തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിൽനിന്നും അതിരൂപതാ പ്രസിഡണ്ട് ജോസ്ലറ്റ് മാത്യു, സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് തങ്കച്ചൻ കൊല്ലക്കൊമ്പിൽ, സ്ഥിരം സമിതിയംഗം മാത്യു എം. കണ്ടത്തിൽ, മുക്തിശ്രീ ട്രഷറർ ഷിനോ പാറയ്ക്കൽ, മുക്തിശ്രീ ജനറൽ സെക്രട്ടറി ചിന്നമ്മ എളമ്പാശ്ശേരി, സ്ഥാപക ഡയറക്ടർ മോൺ. തോമസ് തൈത്തോട്ടം, അതിരൂപത ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

## ആനന്ദാശ്രമം - വള്ള്യായി സെമിനാർ

വള്ള്യായി ആനന്ദാശ്രമത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ പങ്കെടുത്ത് മദ്യം - ഒരു സാമൂഹ്യവിപത്ത് എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സ് എടുത്തു.

## ഞായർ സന്ദർശനവും മദ്യവിരുദ്ധ സന്ദേശവും

ഫെബ്രുവരി 2ന് പാത്തൻപാറ സെന്റ് ആന്റണീസ് ഇടവകയിലും ഫെബ്രുവരി 16ന് കല്ലുവയൽ സെന്റ് ആന്റണീസ് ഇടവകയിലും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

## ഏറ്റവും മികച്ച മേഖലയ്ക്കും യൂണിറ്റിനുമുള്ള അവാർഡ്

അതിരൂപതയിലെ ഏറ്റവും മികച്ച മദ്യവിരുദ്ധ പ്രവർത്തനത്തിനുള്ള (2019-2020 വർഷത്തെ) അവാർഡിനായ് അപേക്ഷകൾ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1. കെ.സി.ബി.സി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംയുക്തമായി നടത്തിയ പ്രോഗ്രാമുകൾ, മറ്റ് സംഘടനകളുമായ് ചേർന്ന് നടത്തിയവയും ആകാം.
2. 2019 ജനുവരി 1 മുതൽ 2020 ജനുവരി 30 വരെയുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് മാത്രം പരിഗണന.
3. സെമിനാറുകൾ, ബോധവത്ക്കരണ പരിപാടികൾ, സമരങ്ങൾ, കൺവെൻഷനുകൾ തുടങ്ങിയവ.

4. പത്രവാർത്ത (ദിവസം അടക്കം) ഫോട്ടോകൾ, ബാനർ, നോട്ടീസ് ഇവയുടെ ഫോട്ടോ വെയ്ക്കാവുന്നതാണ്.
5. മേഖല മീറ്റിംഗുകളുടെ എണ്ണം, ഹാജർ രജിസ്റ്റർ എന്നിവ ഹാജരാക്കണം
6. മേഖല ഡയറക്ടർ, ആനിമേറ്റർ, ഫൊറോനവികാരി എന്നിവർ സാക്ഷ്യപ്പെടുത്തിയിരിക്കണം
7. അതിരൂപത ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2020 മാർച്ച് 30

## മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പ്രവർത്തനങ്ങൾ

- ഇടവകയിലെ യൂണിറ്റ്, മേഖലാതലത്തിലും, അതിരൂപതാതലത്തിലും എക്സിക്യൂട്ടീവ് മീറ്റീംഗുകൾ കൂടി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും വിലയിരുത്തുകയും ചെയ്യണം.
- ഒരു വർഷം 5 മദ്യപാനികളെയെങ്കിലും യൂണിറ്റ് അടിസ്ഥാനത്തിൽ ചികിത്സാ കേന്ദ്രത്തിൽ എത്തിക്കണം.
- ഇടവക ഏകോപന സമിതിയിൽ നമ്മുടെ പദ്ധതികൾ അവതരിപ്പിക്കുകയും സഹായസഹകരണങ്ങൾ നേടുകയും ചെയ്യുക.
- 50 നോമ്പിനോടനുബന്ധിച്ച് മേഖല കുരിശിന്റെ വഴി നടത്തുക
- മാർച്ച് 08– അന്താരാഷ്ട്ര വനിതാദിനത്തിൽ 80 വയസ്സിൽ കൂടുതലുള്ള സ്ത്രീകളെ ആദരിക്കൽ, ഏപ്രിൽ 04 ലോകപുകയിലവിരുദ്ധദിനത്തിൽ ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തുക.
- സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ–മാതൃവേദി, കെ.സി. വൈ.എം., ജീസസ്സ് യൂത്ത്, കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പ് എന്നി സംഘ ടനകളിൽ നിന്നും സന്നദ്ധരായ അംഗങ്ങളെകൂടി ഉൾപ്പെടുത്തി സംഘടനാ പ്രവർത്തനം വിപുലീകരിക്കുക.
- 6 മാസത്തിലൊരിക്കൽ ഇടവകാ യൂണിറ്റ് സന്ദർശിക്കുക, ഇടവക യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തൽ, മോട്ടിവേഷൻ ക്ലാസ്സുകൾ, മദ്യലഹരിമുക്ത ജീവിതചര്യകളെകുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നല്കുക.
- എക്സൈസ് വകുപ്പുമായി സഹകരിച്ച് (മദ്യ–മയക്കുമരുന്ന്) ലഹരിവിരുദ്ധ ബോധവൽക്കരണ യഞ്ജം സംഘടിപ്പിക്കുക.

സ്നേഹാദരങ്ങളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

## (ടി.എസ്.എസ്.എസ്.)

### 1. ടി.എസ്.എസ്.എസ് അഭിമാനത്തോടെ

അതിരൂപത അസംബ്ലിയുടെ തീരുമാനപ്രകാരം കേരളത്തിൽ ആദ്യമായി മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ ആലക്കോട് ക്യാൻസർ പരിശോധന കേന്ദ്രം തുടങ്ങാൻ സാധിച്ചു. അതിന്റെ രണ്ടാമത്തെ പരിശോധന കേന്ദ്രം (Early Cancer Detection Centre) തോമാപുരം ഇടവകയിൽ ടി. എസ്.എസ്.എസ്. തോമാപുരം മേഖലയുടെ നേതൃത്വത്തിൽ ഫെബ്രുവരി 25-ാം തീയതി ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചു. മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ ഈ സെന്റർ ഉദ്ഘാടനം ചെയ്തു. പരിശോധന കേന്ദ്രത്തിൽ ഗർഭാശയ ക്യാൻസറിന്റെയും, സ്തനാർബുദത്തിന്റെയും വായിലെ ക്യാൻസറിന്റെയും പരിശോധനയ്ക്കുള്ള സൗകര്യം ഉണ്ടായിരിക്കും. പരിശോധനകേന്ദ്രത്തിന് നേതൃത്വം നല്കുന്ന ടി.എസ്.എസ്.എസ് തോമാപുരം ആർ.സി.സി ഭാരവാഹികളെ അഭിനന്ദിക്കുന്നു. പരിശോധന കേന്ദ്രത്തിൽ സേവനം ചെയ്യുവാൻ മലബാർ ക്യാൻസർ സെന്ററിൽനിന്നും പരിശീലനം പൂർത്തിയാക്കിയ തോമാപുരം ഇടവകക്കാരായ ജയമ്മ ചാക്കോ, ജെസ്സി നടുവേൽപ്പുറ്റ് ഇവരെ നന്ദിയോടെ ഓർക്കുന്നു.

### 2. Team Visit

19-02-2020ന് മഹാരാഷ്ട്രയിൽനിന്നും പത്ത് പേരടങ്ങുന്ന ഒരു സംഘം ടി.എസ്.എസ്.എസ്. സന്ദർശിച്ചു. ഈ വിസിറ്റ് ലക്ഷ്യമാക്കുന്നത് NGO യുടെ പ്രവർത്തനങ്ങളും നടത്തിപ്പുകളും മനസിലാക്കുവാനും പ്രൊജക്ടുകളെക്കുറിച്ച് പഠിക്കുവാനും ആണ്. രണ്ട് ദിവസം ഈ സംഘം ഫീൽഡ് സന്ദർശനം നടത്തുകയും ക്രെഡിറ്റ് യൂണിയനുകളും SHG കളും MSS കളും സന്ദർശിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുകയും ചെയ്തു.

### 3. മീറ്റിംഗിൽ പങ്കെടുത്തു

24-ാം തീയതി ആലക്കോട് ടി.എസ്.എസ്.എസ്. ഓഫീസിൽ വെച്ച് JLG രൂപീകരണത്തെകുറിച്ച് ക്ലാസ്സ് നടത്തി. എല്ലാ മേഖലയിൽനിന്നും ഉള്ള പ്രോഗ്രാം മാനേജർമാരും മേഖല പ്രസിഡണ്ടുമാരും സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുത്തു. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ JLG രൂപീകരണത്തെകുറിച്ചും അതിലൂടെ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു.

**4. സേവ് എ ഫാമിലി പ്ലാൻ**

ഫെബ്രുവരി 6,7 തീയതികളിൽ എറണാകുളം സേവ് എ ഫാമിലി പ്ലാനിന്റെ റീജനൽ ഓഫീസിൽ വെച്ച് സേവ് എ ഫാമിലി പ്ലാൻ NGO ഡയറക്ടർമാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. മീറ്റിംഗിൽ വെച്ച് സേവ് എ ഫാമിലി പ്ലാൻ നടത്തുന്നത് വിലയിരുത്തുകയും പ്രൊജക്ടിന്റെ പുരോഗതിയെക്കുറിച്ചും ഭാവി പദ്ധതികളെക്കുറിച്ചും ചർച്ചചെയ്യുകയും ചെയ്തു. ടി.എസ്.എസ്.എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഈ മീറ്റിംഗിൽ പങ്കെടുക്കുകയും ടി.എസ്.എസ്.എസിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**5. മെഡിക്കൽ ക്യാമ്പ്** (SUJOK Therapy)

08-02-2020ന് ആലക്കോട് ടി.എസ്.എസ്.എസ് ഓഫീസിൽ വെച്ച് പാർശ്വഫലങ്ങളില്ലാത്ത SUJOK Therapy ചികിത്സാരീതിയിൽ എല്ലാവിധ രോഗനിർണ്ണയവും (full body scaning) ചികിത്സയും നടത്തപ്പെട്ടു. 50-തോളം ആളുകൾ ഈ ചികിത്സാരീതി ഉപയോഗപ്പെടുത്തി. പാലായിൽനിന്നുള്ള SUJOK Therapy ഡോക്ടേഴ്സ് ആണ് ഈ ചികിത്സ നടത്തിയത്.

**6. ഭവന നിർമ്മാണം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പണിതീർത്തുകൊണ്ടിരിക്കുന്ന 54, 55, 56 ഭവനങ്ങളുടെയും വള്ളോപ്പിള്ളി ഭവനനിർമ്മാണപദ്ധതിയിൽ 315,316,317, 318 ഭവനങ്ങളുടെയും നിർമ്മാണം ചെമ്പേരി, ചെമ്പന്തൊട്ടി, വെളിമാനം എന്നീ ഇടവകകളിലായി യഥാക്രമം പൂർത്തിയായി. ബഹുമാനപ്പെട്ട ജോർജ് കാഞ്ഞിരക്കാട്ട് അച്ചനും മാണിക്കത്താഴ അച്ചനും വാരണത്തച്ചനും അഭിനന്ദനങ്ങൾ. വീടുകളുടെ ആശീർവാദകർമ്മം നടത്തി അനുഗ്രഹിച്ച മാർ ജോർജ് ഞറളക്കാട്ട് പിതാവിനെയും മാർ ജോസഫ് പാംപ്ലാനി പിതാവിനെയും ഒത്തിരി സ്നേഹത്തോടെ ഓർക്കുന്നു.

**7.** KSSF ( Kerala Social Service Forum)

ചെമ്പേരി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് 18-02-2020ന് KCBC യുടെ ആഭിമുഖ്യത്തിൽ സ്ട്രാറ്റജി പ്ലാനിംഗിനെകുറിച്ച് വൺ ഡേ വർക്ക്ഷോപ്പ് നടത്തി. എഞ്ചിനിയറിംഗ് കോളേജ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, KSSF ഡയറക്ടർ സ്ട്രാറ്റജി പ്ലാനിംഗിനെ കുറിച്ച് ക്ലാസ്സെടുത്തു. 11 മേഖലയിൽനിന്നും ഉള്ള പ്രസിഡണ്ടുമാരും പ്രോഗ്രാം മാനേജർമാരും ഈ മീറ്റിംഗിൽ പങ്കെടുത്തു. ടി.എസ്.എസ്.എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളെജ് PRO ശ്രീ. സെബാസ്റ്റ്യൻ എന്നിവർ ഈ വൺഡേ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

## 8. സമ്പൂർണ്ണ ആരോഗ്യപരിരക്ഷ

നിലവിലെ സാമ്പത്തിക പശ്ചാത്തലത്തിൽ സാധാരണക്കാർ വളരെയേറെ കഷ്ടപ്പെടുന്ന ഒരവസ്ഥയാണ് നമുക്കു ചുറ്റും കാണപ്പെടുന്നത്. കുടുംബത്തിൽ ഒരാൾക്ക് ഭേദപ്പെടുമെന്നുറപ്പില്ലാത്ത ഏതെങ്കിലും ഒരു രോഗമോ അഥവാ ഭേദപ്പെടണമെങ്കിൽ വളരെ വലിയ ലക്ഷങ്ങൾ വേണമെന്ന അറിവും എല്ലാവിധ സ്വസ്ഥതയും ഭദ്രതയും തകർത്തുകളയുന്ന ദാരുണാവസ്ഥ ഏറി വരുന്നതിനോട് തിരുസഭയ്ക്ക് മുഖം തിരിച്ച് നിൽക്കാൻ ആവില്ല എന്നതിനാൽ ഈ വരുന്ന സാമ്പത്തിക വർഷത്തിൽ ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ നമ്മൾ പ്രാധാന്യം കൊടുക്കാനുദ്ദേശിക്കുന്നത് തലശ്ശേരി അതിരൂപതയിലെ സാധാരണക്കാരായ മുഴുവൻ ഇടവകാ ജനങ്ങളുടെയും സമ്പൂർണ്ണ ആരോഗ്യപരിരക്ഷയാണ്. അതിനുതകുന്ന ലളിതവും കൃത്യതയാർന്നതും ചെലവ് കുറഞ്ഞതുമായ നല്ല ചില പ്ലാനുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കുചേരാൻ സാധിക്കുന്ന എല്ലാവരെയും ഇടവകയിൽനിന്നും പ്രോത്സാഹിപ്പിക്കുമല്ലോ. പോളിസിയുടെ ക്ലെയിമുകൾക്ക് കാലതാമസം വരാതിരിക്കുവാനും കൃത്യതയോടെ ക്ലെയിമുകൾ കൊടുക്കുന്നതിനുമായി ടിഎസ്എസ്എസ് തന്നെ പത്തോളം അംഗങ്ങളെ തെരഞ്ഞെടുത്ത് ഇൻഷൂറൻസ് കമ്പനികളുടെ പരീക്ഷയെഴുതിച്ച് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി ഏജന്റുമാരാക്കിയിട്ടുണ്ട്. ഇത് ഉത്തരവാദിത്വപൂർണ്ണമായ സേവനം ഉറപ്പുനല്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

- ഫെബ്രുവരി 9-ാം തീയതി ബാംഗ്ളൂർ സെന്റ് പാട്രിക് ചർച്ചിൽ വി. ബലിയർപ്പിച്ച് ബൈബിൾ ക്ലാസ്സ് നടത്തി.
- ഫെബ്രുവരി 15-16 തീയതികളിൽ കോഴിക്കോട് നവജ്യോതിസ്സ് പാസ്റ്ററൽ സെന്ററിൽവച്ച് KCBC ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന MGC ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. വിവിധ ജില്ലകളിൽനിന്നായി 25-ഓളം ആളുകൾ പങ്കുചേർന്നു. 26-02-2020 ന് ചായ്യോത്ത് ജോതിനിവാസ് സ്പീച്ച് & ഹിയറിംഗ് സ്കൂളിലെ കുട്ടികൾക്കായി പരീക്ഷാ ഒരുക്ക ക്ലാസ്സും, വി. ബലിയും അർപ്പിച്ചു.

## ആലക്കോട് ആംഗ്യഭാഷാ ബൈബിൾ കൂട്ടായ്മ 16-ാം വാർഷികം

ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള വി. ബലിയോടെ 16-ാം വാർഷികാഘോഷ സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ തന്നെ ആദ്യബധിര ബൈബിൾ കൂട്ടായ്മയായി, മറ്റ് കൂട്ടായ്മകൾക്ക് പ്രചോദനമായി നിലകൊള്ളുന്ന ഇതിന്റെ നേതാക്കളെയും പ്രവർത്തകരെയും പിതാവ് അഭിനന്ദിച്ചു. ബഹു. ഫൊറോന വികാരി ഫാ. സിബി ആനക്കല്ലിൽ, അതിരൂപതാ കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ, ശ്രീ. അബ്രാഹം കോട്ടയം തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ബധിര മിനിസ്ട്രിയുടെ "(ആദം)" 2019-2020 വർഷത്തെ പ്രവർത്തനങ്ങളുടെ ഫോട്ടോ ആൽബ പ്രകാശനവും സംഘടനയിലെ മുതിർന്നവരെ ആദരിക്കൽ, സ്നേഹവിരുന്ന് എന്നിവയോടെ സമ്മേളനം അവസാനിച്ചു. വാർഷികാഘോഷങ്ങൾ വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും ടി.എസ്.എസ്.എസ് ആലക്കോട് മേഖലാ പ്രവർത്തകർക്കും പങ്കുചേർന്ന എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## പ്രോഗ്രാം - മാർച്ച്

| | | | | |
|---|---|---|---|---|
| 01-03-2020 | - | ആലക്കോട് | - | വി. കുർബാന, ക്ലാസ്സ് |
| 06-03-2020 | - | കാരക്കുണ്ട് | - | ഡോൺബോസ്കോ സ്കൂൾ |
| 08-03-2020 | - | ബാംഗ്ലൂർ | - | സെന്റ് പാട്രിക് ചർച്ച് |
| 14-03-2020 | - | തൃശൂർ | - | ആൽഫ തിയോളജി ക്ലാസ്സ് |
| 15-03-2020 | - | വയനാട് | - | കരുണ സ്പീച്ച് & ഹിയറിംഗ് സ്കൂൾ |

28-03-2020 - മലയാറ്റൂർ തീർത്ഥാടനം

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



*"പ്രായം ചെന്നു നരച്ചവരുടെ മുൻപിൽ ആദരപൂർവ്വം എഴുന്നേല്ക്കുകയും അവരെ ബഹുമാനിക്കുകയും വേണം. നിന്റെ ദൈവത്തെ ഭയപ്പെടുക. ഞാനാണ് കർത്താവ്" (ലേവ്യർ 19:32).*

## 1. ആലക്കോട് എ.സി സെമിനാറും ഓസാനാം ഫെസ്റ്റും

ആലക്കോട് ഏരിയകൗൺസിലിന്റെ 2019-2020 വർഷത്തെ പ്രഥമ സെമിനാറും ഓസ്സാനാം ഫെസ്റ്റും 07-10-2020ന് ആലക്കോട് മേരിമാതാ കോളേജിൽവച്ച് നടത്തി. എ.സി പ്രസിഡണ്ട് ബ്ര. മാത്യു ചിറപ്പുറം അദ്ധ്യക്ഷത വഹിച്ചു. ആലക്കോട് ഫൊറോന വികാരി റവ. ഫാ. ആന്റണി ആനക്കല്ലിൽ ഉദ്ഘാടനം ചെയ്തു. എ.സി സെക്രട്ടറി ബ്ര. സിബിച്ചൻ പുലിയുറുമ്പിൽ സ്വാഗതവും, എ.സി. വനിത പ്രതിനിധി സി. ലില്ലി മാത്യു ചിറപ്പുറം നന്ദിയും പറഞ്ഞു. നെല്ലിപ്പാറ ഹോളിഫാമിലി കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. കുര്യൻ വട്ടപ്പറമ്പിൽ പ്രാർത്ഥന ചൊല്ലി. സി. ജെയ്നമ്മ വള്ളോന്തടം ജ്ഞാനവായന നടത്തി. കാപ്പിമല സെന്റ് ജോസഫ് ചർച്ച് വികാരി റവ. ഫആ. ജോസഫ് മാളക്കാരൻ ക്ലാസ്സ് നയിച്ചു. സെമിനാറിനുശേഷം ഓസ്സാനാം ഫെസ്റ്റ് നടത്തി.

## 2. ദത്തു വിദ്യാർത്ഥി സംഗമം

ആലക്കോട് ഏരിയകൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'ഉണ്ണീശോയുടെ കൂട്ടുകാർ' എന്നപേരിൽ ദത്തുവിദ്യാർത്ഥികളുടെ സംഗമം നടത്തി. ഏരിയ കൗൺസിലിന്റെ പരിധിയിലുള്ള എല്ലാ കോൺഫ്രൻസുകളിൽ നിന്നുമായി 20 ദത്തുവിദ്യാർത്ഥികളും 18 രക്ഷിതാക്കളും കോൺഫ്രൻസ് ഭാരവാഹികളും പങ്കെടുത്തു. എ.സി പ്രസിഡണ്ട് ബ്ര. മാത്യു ചിറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എ.സി സീനിയർ വൈസ് പ്രസിഡണ്ട് ബ്ര. ജോസഫ് പാലപ്പള്ളി സ്വാഗതവും വനിതാപ്രതിനിധി സി. ലില്ലി മാത്യു നന്ദിയും പറഞ്ഞു. ദത്തുവിദ്യാർത്ഥികൾക്ക് ഉപഹാരങ്ങൾ നല്കി. സ്നേഹവിരുന്നോടെ സംഗമം അവസാനിച്ചു.

**3. കെ.ആർ.സി.സി - തല ഓസാനാം ഫെസ്റ്റ് - വിജയികൾ**

പ്രസംഗം (യൂത്ത് മെമ്പർ) - ഒന്നാംസ്ഥാനം- ജോമൽ ജോയി (ചെറുപുഴ എ.സി)

ജലച്ഛായം (യൂത്ത് മെമ്പർ) - ഒന്നാംസ്ഥാനം- ജോസഫ് അഗസ്റ്റിൻ (വായാട്ടുപറമ്പ എ.സി)

ജലച്ഛായം (ചീ യൂത്ത് മെമ്പർ) - ഒന്നാംസ്ഥാനം- ചിഞ്ചു അഗസ്റ്റിൻ (നെല്ലിക്കാംപൊയിൽ എ.സി)

പ്രസംഗം (ചീ യൂത്ത് മെമ്പർ) - രണ്ടാംസ്ഥാനം- അനഘ ആന്റോ (ആലക്കോട്. എ.സി)

ഭക്തിഗാനം (യൂത്ത് മെമ്പർ) – രണ്ടാംസ്ഥാനം– മരിയകുര്യൻ
(എടൂർ എ.സി)

ഭക്തിഗാനം (ജൂണിയർ) – മൂന്നാംസ്ഥാനം– ടെസ്‌ലിൻ സാജു
(വെള്ളരിക്കുണ്ട് എ.സി)

ഉപന്യാസം (ചീയൂത്ത് മെമ്പർ) – മൂന്നാംസ്ഥാനം– ഐശ്വര്യ കെ
(കുന്നോത്ത് എ.സി)

ക്വിസ് (സീനിയർ) – മൂന്നാംസ്ഥാനം– ബിന്ദു സെബാസ്റ്റ്യൻ
(ചെമ്പന്തൊട്ടി എ.സി)

2020 ജനുവരി 11–ന് എറണാകുളത്തുവച്ചു നടന്ന കെ.ആർ.സി.സി. തല ഓസാനാം ഫെസ്റ്റിൽ വിജയികളായ എല്ലാവർക്കും തലശ്ശേരി സി.സിയുടെ അഭിനന്ദനങ്ങൾ!

## 4. നെല്ലിക്കാംപൊയിൽ എ.സി സെമിനാർ

നെല്ലിക്കാംപൊയിൽ എ.സിയുടെ 2019–2020 വർഷത്തെ രണ്ടാമത്തെ ആദ്ധ്യാത്മിക സെമിനാർ 14–01–2020–ന് ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. സി.സി പ്രസിഡണ്ട് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. എ.സി വൈസ് പ്രസിഡണ്ട് സി. ചേച്ചമ്മ കിഴക്കേതകിടിയേൽ സ്വാഗത് ആശംസിച്ചു. നാഷണൽ കൗൺസിൽ മെമ്പർ സി. ജോളി സെബാസ്റ്റ്യൻ ആശംസാ പ്രസംഗം നടത്തി. പൂപ്പറമ്പ് സെന്റ് അൽഫോൻസാ മരിയ ഫുസ്കോ ചർച്ച് വികാരി റവ. ഫാ. സുബിൻ റാത്തപ്പള്ളിൽ ക്ലാസ്സ് നയിച്ചു.

തുടർന്ന് നെല്ലിക്കാംപൊയിൽ എ.സിയുടെ പ്രസിഡണ്ട് ബ്ര. ലൂക്കോസ് കണിപ്പള്ളിയുടെ ആറ് വർഷത്തെ കാലാവധി പൂർത്തിയായതിനാൽ പുതിയ എ.സി പ്രസിഡണ്ടിനെ പ്രസ്തുത യോഗം തിരഞ്ഞെടുത്തു. പുറവയൽ സെന്റ് മേരീസ് കോൺഫ്രൻസിലെ ബ്ര. തങ്കച്ചൻ കുഴിയംപ്ലാവിൽ ആണ് പുതിയ പ്രസിഡണ്ട്. തുടർന്ന് പുതിയ പ്രസിഡണ്ട് എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. സമാപന പ്രാർത്ഥനയ്ക്കു ശേഷം സ്നേഹവിരുന്നോടെ സെമിനാർ സമാപിച്ചു.

## 5. ചെമ്പന്തൊട്ടി – എ.സി വാർഷികവും സെമിനാറും

ചെമ്പന്തൊട്ടി എ.സിയുടെ 5–ാമത് വാർഷികവും സെമിനാറും 2020 ഫെബ്രുവരി 2–ന് ചെമ്പന്തൊട്ടി പാരീഷ്ഹാളിൽവച്ച് നടത്തി. എ.സിയിലെ 12 കോൺഫ്രൻസുകളിൽനിന്നും ആളുകൾ പങ്കെടുത്തു. സി.സി പ്രസിഡണ്ട് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചെമ്പന്തൊട്ടി ഫൊറോന വികാരി റവ. ഫാ. ജോസഫ് മാണിക്കത്താഴെ യോഗം ഉദ്ഘാടനം ചെയ്തു. ഓസാനാം ഫെസ്റ്റിൽ എ.സി തലത്തിൽ സമ്മാനാർഹരായവർക്ക് ട്രോഫികൾ വിതരണം ചെയ്തു. പ്രസ്തുത സെമിനാറിൽ – "വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറവ്" എന്ന വിഷയത്തിൽ ബ്ര. ആന്റോ തണ്ടേൽ ക്ലാസ്സ് നയിച്ചു..

സ്നേഹപൂർവ്വം,
**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2020 മാർച്ച് & ഏപ്രിൽ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**മാർച്ച്** 1–6 : ആന്തരീക – ശാരീരിക സൗഖ്യ ധ്യാനം
6–8 : തപസ്സ് ധ്യാനം
14 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
15–20 : ആന്തരീക – ശാരീരിക സൗഖ്യ ധ്യാനം
**ഏപ്രിൽ** 3–5 : എഫ്ഫാത്ത
4–9 : ആന്തരീക – ശാരീരിക സൗഖ്യ ധ്യാനം
13–17 : ക്രിസ്റ്റീൻ ധ്യാനം
19–24 : ആന്തരീക – ശാരീരിക സൗഖ്യ ധ്യാനം
26 –30 : യുവജനധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി**
**ഫോൺ: 0490–2493491, 9745017131, 0490 2491941**

**മാർച്ച്**
1–5 : ആന്തരിക സൗഖ്യ ധ്യാനം
7 : ഏകദിനധ്യാനം
13 : ജാഗരണപ്രാർത്ഥന
14 : കുട്ടികളുടെ ഏകദിനധ്യാനം
15–19 : ആന്തരിക സൗഖ്യ ധ്യാനം
21 : ഏകദിനധ്യാനം
28 : ഏകദിനധ്യാനം
29–ഏപ്രിൽ 2 : ആന്തരിക സൗഖ്യ ധ്യാനം
**ഏപ്രിൽ** 4 : ഏകദിനധ്യാനം
5–7 : തപസ്സ് ധ്യാനം
18 : ഏകദിനധ്യാനം
19–23 : ആന്തരിക സൗഖ്യ ധ്യാനം
25 : ഏകദിനധ്യാനം
26–30 : ക്രിസ്റ്റീൻ ധ്യാനം (ബ്ര.ജോയിസ് മുക്കുടം, മൂവാറ്റുപുഴ)

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**മാർച്ച്** 6–8 : ആന്തരീക സൗഖ്യ– ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
20–22 : ആന്തരീക സൗഖ്യ– ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**ഏപ്രിൽ**
3–5 : ആന്തരീക സൗഖ്യ– ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

| | | |
|---|---|---|
| 24-26 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

| | | |
|---|---|---|
| **മാർച്ച്** 1-4 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം(സി. സ്നേഹ & ടീം) |
| 15-18 | : | ആന്തരികസൗഖ്യധ്യാനം |
| 20-22 | : | കുടുംബദർശന ധ്യാനം (ദമ്പതികൾക്കും യുവജനങ്ങൾക്കും) |
| 26-29 | : | ഹീലിംഗ് & ഡെലിവറൻസ് ധ്യാനം - ഫാ. ജോസഫ് വയലിൽ & ടീം |
| **ഏപ്രിൽ** 6-8 | : | നാല്പതുമണി ആരാധന |
| 13 -16 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം (സി. സ്നേഹ & ടീം) |
| 17-19 | : | കുടുംബദർശന ധ്യാനം (ദമ്പതികൾക്കും യുവജനങ്ങൾക്കും) |
| 23-26 | : | ഹീലിംഗ് & ഡെലിവറൻസ് ധ്യാനം-ഫാ. ജോസഫ് വയലിൽ & ടീം |
| 26- മെയ് 1 | : | ദിവ്യകാരുണ്യാഭിഷേക ധ്യാനം (സന്യസ്തർക്കു മാത്രം) |

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ,**

**ഫോൺ : 9526609050, 9447481643, 9496253756**

| | | |
|---|---|---|
| **മാർച്ച്** 1-6 | : | ആന്തരിക സൗഖ്യ ധ്യാനം |
| 15-20 | : | ആന്തരിക സൗഖ്യ ധ്യാനം |
| 3,10,17,24,31 | : | ഏകദിന കൺവെൻഷൻ (എല്ലാ തിങ്കൾ, ശനി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 3 മണി വരെ കൗൺസിലിംഗ് സൗകര്യം ഉണ്ടായിരിക്കും). |
| 29-ഏപ്രിൽ 3 | : | ആന്തരിക സൗഖ്യ ധ്യാനം |

**6. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

| | | |
|---|---|---|
| **മാർച്ച്** 5 | : | ജാഗരണപ്രാർത്ഥന |
| 9-13 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 20-22 | : | മരിയൻ ധ്യാനം |
| 22-25 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| **ഏപ്രിൽ** 2 | : | ജാഗരണപ്രാർത്ഥന |
| 5-8 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 17-19 | : | മരിയൻ ധ്യാനം |
| 26-29 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451**

| | | |
|---|---|---|
| **മാർച്ച്** 07 | : | പരീക്ഷ ഒരുക്ക ഏകദിന ധ്യാനം (SSLC,+1, +2 വിദ്യാർത്ഥികൾക്ക്) |
| 08-12 | : | പീഡാനുഭവ ധ്യാനം |
| 13 | : | ജാഗരണ പ്രാർത്ഥന |
| 27-29 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

## ജനുവരി 2020

26 രാവിലെ പൂപ്പറമ്പ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. വൈകുന്നേരം ഭീമനടി ഇടവകയുടെ സുവർണ്ണജൂബിലി സമാപനാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

27 നിർമ്മലഗിരി കോളെജിൽ നടന്ന പ്രേരന്റ്സ് ഡേ ആഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൂരിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

28 രാവിലെ അതിരൂപത കാര്യാലയത്തിൽ നവീകരിച്ച കൂരിയ വെഞ്ചരിച്ചു. തുടർന്നു നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 11 മണിക്ക് നടന്ന ഫൊറോനവികാരിമാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് പൊന്ന്യം നയനാർ റോഡിലുള്ള SIFAM വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു. വൈകുന്നേരം സന്ദേശഭവനിൽ അജപാലന ഏകോപന സമിതി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

29 ഉത്തരമലബാർ കർഷകപ്രക്ഷോഭത്തോടനുബന്ധിച്ച് തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ബഹു. കേരള മുഖ്യമന്ത്രിയുമായും കൃഷിവകുപ്പ്, വനം വകുപ്പ്, ധനകാര്യവകുപ്പ് മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തി.

30 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 2019–2020 വർഷത്തിൽ അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച വൈദികരെ ആദരിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

## ഫെബ്രുവരി

1–8 ജർമ്മനിയിൽ ശുശ്രൂഷചെയ്യുന്ന വൈദികരെ സന്ദർശിച്ചു.

09 അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

11 ജഡിക്കൽ സെന്റ് ജോർജ് ദൈവാലയത്തിന്റെ സുവർണ്ണജൂബിലിയാഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## Programme of the Archbishop
## MAR GEORGE NJARALAKATT

### MARCH 2020

| | | | |
|---|---|---|---|
| 01 | | - | Pastoral Visit - Edakkom |
| 02 | 10.00 am | - | Thaliparamba - Karshaka Seminar |
| | 12.30 pm | - | Chemperi – Mathruvedhi Seminar |
| 03 | | - | Catechism Council |
| 4-25 | | - | Australia |
| 26 | | - | Priests' & sisters' day |
| 27 | | - | Conference with Major seminarians |
| 28 | 06.30 am | - | Cathedral - Diaconate & minor orders |
| 29 | | - | Cathedral – Inauguration Farmers' Year |

12-20 ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ നടന്ന CBCI മീറ്റിംഗിൽ പങ്കെടുത്തു.

21 തലശ്ശേരി സാൻജോസ് മെട്രോപോളീറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 രാലിലെ മേൽമുരിങ്ങോടിയിൽ പുതിയതായി നിർമ്മിച്ച ദൈവാലയം കൂദാശചെയ്തു. ഉച്ചകഴിഞ്ഞ് വെളിമാനം ഇടവകയിൽ തലശ്ശേരി അതിരൂപത വൈദികവിദ്യാർത്ഥികളായ ബ്ര. ജെറിൻ പന്തല്ലൂപറമ്പിൽ, ബ്ര. ഷാനറ്റ് ചിരണയ്ക്കൽ എന്നിവരുടെ ഭവനങ്ങൾ വെഞ്ചരിച്ചു.

23 പരിയാരം മദർഹോം സന്ദർശിച്ചു.

24 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുനാൾ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

## APRIL 2020

| | | | |
|---|---|---|---|
| 01 | | - | Visitors' day |
| 02 | | - | Priests' & sisters' day |
| 03 | | - | Conference of regency brothers |
| | 02.30 pm | - | Shalom shooting |
| 04 | | - | Cathedral-Mar Sebastian Valloppilly memorial Mass |
| 05 | | - | Cathedral – Palm Sunday |
| 06 | | - | Thaliparamba – Chrism Mass |
| 07 | | - | Conference of Philosophy students |
| | 06.00 pm | - | Monthly Recollection |
| 08 | | - | Conference of Philosophy students |
| 09 | | - | Cathedral – Maundy Thursday |
| 10 | | - | Cathedral – Good Friday |
| 11 | | - | Deepagiri |
| 12 | | - | Cathedral – Easter |
| 13 | | - | Ernakulam |
| 14 | 9.30. am | - | Kunnoth - FCC Convent blessing |
| | 3.00 pm | - | St. Jude Nagar |
| | 7.00 pm | - | Minor Seminary |
| 15 | | - | Visitors' day |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2020 ഫെബ്രുവരി

01 10.30 ന് ചെമ്പൻതൊട്ടിയിൽ വച്ച് നടന്ന സി. ജെസ്സി കരോട്ട് എഫ്.സി.സി. യുടെ ജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ചു. 2 മണിക്ക് കല്ലുവയലിൽ വച്ച് നടന്ന ബിഷപ്പ് ജോർജ് പുതിയാകുളങ്ങരയുടെ സഹോദരി സി. തെരേസീനയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

02 ഉച്ചയ്ക്ക് വെള്ളാട് ഇടവകയിൽ നിര്യാതയായ അന്നമ്മ നടത്തൊട്ടിയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. വട്ടക്കുന്നേൽ പാപ്പച്ചൻ സാറിന്റെ ഭവനം സന്ദർശിച്ച് നിര്യാതനായ പിതാവിനുവേണ്ടി പ്രാർത്ഥിച്ചു. മാലോത്ത് വച്ച് ബ്ര. സന്തോഷ് കരിമാന്തറയുടെ നേതൃത്ത്വത്തിൽ നടന്ന ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. മാലോത്ത് വിശ്രാമത്തിലായിരുന്ന സെബാസ്റ്റ്യൻ അമ്മിയാനിക്കലച്ചന്റെ മാതാപിതാക്കളെ സന്ദർശിച്ചു. കരുവഞ്ചാലിൽ വിശാമത്തിലായിരുന്ന ബഹു. സക്കറിയാസ് കട്ടക്കലച്ചനെ സന്ദർശിച്ചു.

03 കാഞ്ഞിരപ്പിള്ളിയിൽ നടന്ന അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിലും അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ വിരമിക്കൽ ചടങ്ങിലും പങ്കെടുത്തു.

05 രാവിലെ തലശ്ശേരി നസ്രത്ത് ഭവനിൽ സി. അഞ്ജലിയുടെ വ്രത വാഗ്ദാന രജത ജൂബിലി ആഘോഷത്തിൽ ജൂബിലി കുർബ്ബാന അർപ്പിച്ചു.

07 11. മണിക്ക് ബഹു. സക്കറിയാസ് കട്ടയ്ക്കലച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്ത് വചനസന്ദേശം നല്കി.

08 രാവിലെ കോടഞ്ചേരി ഇടവകയിൽ ചൂരാപൊയ്കയിൽ കുടുംബയോഗത്തിൽ പങ്കെടുത്ത് വി.ബലിയർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

10 രാവിലെ ചങ്ങനാശ്ശേരി ബിഷപ് ഹൗസിൽ വിശ്രമത്തിൽ കഴിയുന്ന ജോസഫ് പൗവ്വത്തിൽ പിതാവിനെ സന്ദർശിച്ച് നവതിയുടെ ആശംസകളറിയിച്ചു. ഉച്ചയ്ക്ക് 2 മണിക്ക് പാലാരൂപതയിൽപ്പെട്ട രത്നഗിരി കാണാക്കാലി ഇടവകയിൽപ്പെട്ട മാർട്ടിനി കെ. കുളത്തിങ്കലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

14 വൈകുന്നേരം കണ്ണൂർ ആശുപത്രിയിൽ എത്തി വളവനാൽ അച്ചനെ സന്ദർശിച്ചു. വെമ്പുവ ഇടവകയിൽ നിര്യാതനായ കുളത്തിങ്കൽ മർക്കോസിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

# Programme of the Archbishop Emeritus
# MAR GEORGE VALIAMATTAM

## MARCH 2020

| | | |
|---|---|---|
| 19 | - | Mandapam |
| 21 | - | Kilianthara |
| 24 | - | Pariyaram |

## Secretary to the Archbishop Emeritus

15 രാവിലെ വേനപ്പാറ ഇടവകയിൽ നെടുങ്കല്ലേൽ ജോസഫിന്റെയും കാസർഗോഡ് ഇടവകാംഗം പുതുപ്പറമ്പിൽ ബ്രിജിത്തിന്റെയും വിവാഹം ആശീർവദിച്ചു.

16 രാവിലെ 11 മണിക്ക് ആലക്കോട് ഇടവകയിൽ വെച്ച് നടന്ന ബധിര-മൂക കൂട്ടായ്മയുടെ 16 മത് വാർഷികാഘോഷത്തിൽ വി. ബലിയർപ്പിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെ അച്ചന്മാരെ സന്ദർശിച്ചു.

17 രാവിലെ കച്ചേരിക്കടവ് ഇടവകയിൽ സി. ലിറ്റി സി.എം.സിയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ബലിയർപ്പിച്ച് വചന സന്ദേശം നൽകി.

20 പെരുന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയൽ ചികിത്സയിൽ കഴിയുന്ന ബഹു.മോൺ. മാത്യു ചാലിൽ അച്ചനെ സന്ദർശിച്ചു. താമരശ്ശേരി രൂപതയിലെ പുതുതായി നിർമ്മിച്ച മരിയപുരം ഇടവക ദൈവാലയം സന്ദർശിച്ചു.

21 കോടഞ്ചേരി ഇടവകയിൽ നിര്യാതയായ സി. ഫെലിക്സ് എഫ്.സി.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

22 രാവിലെ ചെമ്പനോട ഇടവകയിൽ കുമ്പളാനിക്കൽ ജെറിന്റെയും ജെസ്ലിന്റെയും വിവാഹം ആശീർവദിച്ചു. 3.30 ന് മരുതോങ്കര ഇടവകയിൽ പുതുപ്പള്ളി തകിടിയേൽ മേരിയുടെ മാമ്മോദീസ നടത്തി.

23 ചമ്പക്കുളം സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ച് മോൺ. തോമസ് തൈത്തോട്ടത്തിന്റെ മോൺസിഞ്ഞോർ പദവിയോടനുബന്ധിച്ച് നടന്ന കൃതജ്ഞതാ ബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.വൈകുന്നേരം ചങ്ങാനാശ്ശേരി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### 2020 ജനുവരി

27 അരുണാചൽ പ്രദേശിൽ മിഷൻ പ്രവർത്തനത്തിന് പോകുന്ന അച്ചന്മാരുമായി ചർച്ച നടത്തി. ഇരിട്ടിയിൽവെച്ച് നടന്ന കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

28. രാവിലെ അതിരൂപതാ കാര്യാലയത്തിൽ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് കൺസൾട്ടേർസ് മീറ്റിംഗിലും പങ്കെടുത്തു. പിന്നീട് കൂരിയ വെഞ്ചിരിപ്പിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പൊന്ന്യത്ത് SIFAM വെഞ്ചരിപ്പിലും ഉദ്ഘാടന സമ്മേളനത്തിലും പങ്കെടുത്തു. വൈകുന്നേരം കർഷക സ്റ്റിയറിംഗ് കമ്മറ്റിക്ക് നേതൃത്വം കൊടുത്തു.

29. കർഷകരുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചയ്ക്കും നിവേദനം നൽകുന്നതിനുമായി മന്ത്രിമാരെ കാണാൻ തിരുവനന്തപുരത്ത് പോയി.

30. പാലപ്പറമ്പിൽ സി. എൽസീന എസ്.എ.ബി.എസിന്റെ ജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം പാടാംകവല ഇടവക തിരുന്നാൾ ദിനത്തോടനുബന്ധിച്ച് കുർബ്ബനയും വചനസന്ദേശവും നൽകി. അതിരൂപതാ കാര്യാലയത്തിൽ നവവൈദികരുടെ സ്വീകരണത്തിൽ പങ്കെടുത്തു.

31. രാവിലെ കത്തീഡ്രൽ പള്ളിയിൽ നവവൈദിക സമ്മേളനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് ചെമ്പേരി എൻജിനിയറിംഗ് കോളേജിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ദീപഗിരി ഇടവകയിലെ ജോസഫ് താഴത്തുവീട്ടിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

### 2020 ഫെബ്രുവരി

01. രാവിലെ പി. ഒ. സി. യിൽ നടന്ന Media Commission Meeting-ൽ അധ്യക്ഷത വഹിച്ചു. തുടർന്ന് പോട്ട വിൻസെൻഷ്യൻ ധ്യാനകേന്ദ്രത്തിൽ ദേശീയ ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി.

02. രാവിലെ മണ്ഡപം ഇടവകയിൽ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് ചെമ്പേരി ഇടവകയിൽ ബിഷപ്പ്

മാർ വള്ളോപ്പിള്ളി ഭവനനിർമ്മാണപദ്ധതിയിൽ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ച് താക്കോൽദാനം നടത്തി. തുടർന്ന് കുന്നോത്ത് നസ്രത്ത് പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമത്തിലായിരിക്കുന്ന സി. റെജീനയെ സന്ദർശിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിൽ റൂട്ട്സ് പ്രോഗ്രാമിൽ പങ്കെടുത്തു.

03. കാഞ്ഞിരപ്പിള്ളി കത്തീഡ്രലിൽ ബഹു. പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

04. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ജോജി കാക്കരമറ്റത്തിലച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

05. പടന്നക്കാട് റീജനൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വന്ന ബഹു. കട്ടയ്ക്കലച്ചന്റെ മൃതസംസ്ക്കാരത്തിന്റെ ഒന്നാംഭാഗ പ്രാർത്ഥന നടത്തി. തുടർന്ന് മാലോം ബൈബിൾ കൺവൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

06. രാവിലെ എം.എസ്.എം.ഐ.കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം മിഷൻലീഗിന്റെയും ഫാമിലി അപ്പസ്റ്റോലേറ്റിന്റെയും ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

07. രാവിലെ സി.എം.സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. കട്ടയ്ക്കലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. വൈകുന്നേരം ചെടിക്കുളം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് സിമിത്തേരി വെഞ്ചരിക്കുകയും വി. ബലിയർപ്പിച്ച് വചനസന്ദേശം നല്കുകയും ചെയ്തു.

08. രാവിലെ തളിപ്പറമ്പ് ദർശന ധ്യനകേന്ദ്രത്തിൽ വചന സന്ദേശം നല്കി. തുടർന്ന് സെമിനാരിയിൽ നടന്ന ബെനഫാക്ടേഴ്സ് ഡേ ആഘോഷത്തിലും വി. ബലിയിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ കൗൺസിൽ അജണ്ട മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം പേരാവൂർ ഇടവകയിൽ നിര്യാതയായ പൊട്ടുങ്കൽ മേരി സിറിയകിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പേരാവൂർ ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ചുള്ള വി. ബലിയർപ്പിച്ചു.

09. തിരൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. തുടർന്ന് തേർമ്മല ഇടവക സന്ദർശിച്ചു. വൈകുന്നേരം അങ്ങാടിക്കടവ് ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും ഇടവകാദിന സമ്മേളനം ഉദ്ഘാടനം ചെയ്ത് ജൂബിലി ആഘോഷിക്കുന്നവരേയും ഉന്നത വിജയങ്ങൾ കരസ്ഥമാക്കിയവരേയും ആദരിക്കുകയും ചെയ്തു.

10. രാവിലെ രണ്ടാംകടവ് എം.എസ്.എം.ഐ. കോൺവെന്റ് വെഞ്ചരിച്ചു. നിർമ്മലഗിരി കോളേജിലെ അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ

ബൈബിൾ കൺവൻഷനിൽ  വി. ബലിയർപ്പിച്ച് സന്ദേശം നല്കി. അതിരൂപതാ കാര്യാലയത്തിൽ കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

11. നിർമ്മലഗിരി കോളേജിൽ ഇന്റർവ്യൂ നടത്തി.

12. തക്കല രൂപതയിൽ നടന്ന Doctrinal Commission Meetingൽ പങ്കെടുത്തു.

13-17 ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ നടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ  പങ്കെടുത്തു.

18. തലശ്ശേരി ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

19. ചെമ്പേരി എൻജിനിയറിംഗ് കോളേജിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പ ങ്കെടുത്തു. വൈകുന്നേരം കള്ളാർ ഇടവകയിൽ സെബിന്റെയും ഹർഷ യുടെയും വിവാഹം ആശീർവ്വദിച്ചു.

20-21 ലക്നൗവിൽ നടന്ന ആൽഫയുടെ കോൺവോക്കേഷനിൽ പങ്കെടുത്തു.

22. രാവിലെ കണ്ണൂർ ആശുപത്രിയിൽ എത്തി വളവനാൽ അച്ചനെ സന്ദർശിച്ചു. തുടർന്ന് ചെമ്പന്തൊട്ടിയിൽ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച രണ്ട് വീടുകൾ വെഞ്ചരിച്ചു. 10 മണിക്ക് ആലക്കോട് മാതൃവേദി റീജിയണൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് അരവഞ്ചാൽ ഇടവകയിൽ ഇലഞ്ഞിക്കുഴിയിൽ സന്തോഷിന്റെ  അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി. വൈകുന്നേരം മുളപ്ര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

23 ചമ്പക്കുളം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് മോൺ. തോമസ് തൈത്തോട്ടത്തിന്റെ മോൺസിഞ്ഞോർ പദവിയോടനുബന്ധിച്ച് നടന്ന കൃതജ്ഞത ബലിയിൽ പങ്കെടുക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശ്ശേരി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

24 അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

25 സന്ദേശഭവനിൽ പ്രെസ്ബിറ്ററൽ കൗൺസിൽ പങ്കെടുത്തു. 5 മണിക്ക് കൊട്ടുകപാറ ബൈബിൾ കൺവൻഷനിൽ വി.ബലിയർപ്പിച്ച് വചനസന്ദേശം നല്കി.

❖❖❖

# Programme of the Auxiliary Bishop
## Mar Joseph Pamplany

**MARCH 2020**

| | | | |
|---|---|---|---|
| 02 | 10.00 am | - | Thaliparamba |
| 03 | | - | Sandesabhavan |
| 04 | | - | Peruvannamuzhi |
| 05 | 9.00 am | - | Padannakkad |
| 06 | | - | Padannakkad |
| 07 | | - | Iritty |
| 08 | | - | Pastoral visit - Vilakkannur |
| 09 -10 | | - | Kakkanad |
| 11 | 06.30 am | - | Pariyaram |
| 12 | | - | Padannakkad |
| 13 | | - | Padannakkad |
| 14 | | - | Idukki |
| 15 | | - | Pastoral Visit - Cheemeni |
| 17 | | - | Padannakkad |
| 18 | | - | Padannakkad |
| 19 | | - | Thalassery |
| 20 | | - | Sandesabhavan |
| 21 | 3.00 pm | - | Vaniyappara |
| | 4.00 pm | - | Karikkottakkary |
| 22 | | - | Karikkottakkary - Pastoral visit |
| 25-26 | | - | Bangalore |
| 27 | | - | Padannakkad |
| 28 | | - | Kottayam |
| 29 | | - | Pastoral visit - Nellikutty |
| 31 | | - | Kozhikode |

**Secretary to the Auxiliary Bishop**

❖❖❖